www.malankaralibrary.com

# കാരുണികൻ

സമഗ്രദൈവശാസ്ത്ര മാസിക

₹ 25
www.karunikan.com

Vol. 20 | No. 01
JANUARY 2023




## സമയരഥം



www.malankaralibrary.com
സെന്റ് ആൻഡ്രൂസ് ബസിലിക്ക, അർത്തുങ്കൽ
വിശുദ്ധ സെബസ്ത്യാനോസിന്റെ തീർത്ഥാടന കേന്ദ്രം, ആലപ്പുഴ രൂപത
ജനു. 10 കൊടിയേറ്റ്
ജനു. 18 നടതുറക്കൽ
ജനു. 20 തിരുനാൾദിനം
ജനു. 27 എട്ടാമിടം
LIVE
www.arthunkalbasilica.com
facebook arthunkalbasilicaofficial
Jan 18 : 5.00 pm
Jan 20: 11.00 am, 3.00 pm
Jan 24: 6.00 pm
Jan 25: 3.00 pm, 6.00 pm
Jan 26: 6.00 pm
Jan 27: 10.30 pm
377-ാമത്
മകരം തിരുനാൾ 2023
2023 ജനുവരി 10 മുതൽ 27 വരെ

www.malankaralibrary.com



# എണ്ണി ജീവിക്കാം

കുറച്ചുവർഷങ്ങൾക്കുമുമ്പ് – രാജഭരണവും ജനാധിപത്യവും അനുഭവിച്ചറിഞ്ഞിട്ടുള്ള ഒരപ്പൻ, പ്രായം ചോദിക്കുന്നവരോടൊക്കെ വർഷങ്ങളായി എഴുപതുകളിലെന്ന രീതിയിൽ പറഞ്ഞുകൊണ്ടിരുന്നപ്പോഴാണ് ഒന്നു രണ്ടുമക്കൾ അപ്പന്റെ വയസ് കൃത്യമായി കണ്ടെത്തണമെന്നയാഗ്രഹത്തോടെ അന്വേഷണമാരംഭിച്ചത്. അങ്ങനെ മാമ്മോദീസാ കണക്ക് തപ്പി തലപ്പള്ളിയിലെത്തിയപ്പോൾ രജിസ്റ്റർ പേജിലെ അദ്ദേഹത്തിന്റെ മൂത്ത സഹോദരങ്ങളെക്കുറിച്ചുള്ള വിവരങ്ങളടങ്ങിയ താളുകൾക്കു ശേഷമുള്ളവയൊക്കെ എങ്ങനെയോ നശിച്ചുപോയിരിക്കുന്നതായി കണ്ടെത്തി. പിതൃ സഹോദരങ്ങളെക്കുറിച്ചുള്ള രേഖകളിൽ തുടങ്ങി, അദ്ദേഹത്തിന്റെ സന്ന്യാസിനിയായ സഹോദരിയുടെ മഠത്തിലെ ജനനത്തീയതിയും കിട്ടാവുന്ന മറ്റെല്ലാ രേഖകളും ചേർത്തുവച്ച് അന്വേഷണം പുരോഗമിച്ചു. മരിച്ചുപോയ മൂത്ത പിതൃസഹോദരിമാർ ജീവിച്ചിരുന്നപ്പോൾ പങ്കുവച്ച മലയാളമാസകണക്കുകളും എല്ലാ വർഷവും ഒരേ ദിവസം തന്നെ ആഘോഷിക്കപ്പെടുന്ന തലപ്പള്ളിയിലെ പ്രസിദ്ധമായ പള്ളിപ്പെരുന്നാളിന്റെ തലേന്നായിരുന്നു ജനനം എന്ന അവർക്ക് കൈമാറിക്കിട്ടിയ അറിവും സഹോദരങ്ങളുമായി അദ്ദേഹത്തിനുണ്ടായിരുന്ന പ്രായവ്യത്യാസത്തെക്കുറിച്ചുള്ള കേട്ടറിവുകളുമെല്ലാം ചേർത്തുവച്ച് മലയാളം കണക്കിൽ കണ്ടെത്തപ്പെട്ട വർഷത്തിന്റെ കൃത്യമായ ഇംഗ്ലീഷ് മാസവും തീയതിയും ഇന്റർനെറ്റിൽ കണ്ടെത്തി അദ്ദേഹത്തിന്റെ പ്രായം 90 നോടടുത്തെന്ന് മക്കൾ ഉറപ്പിക്കുകയായിരുന്നു.

ഓരോ സംഭവവും അപ്പപ്പോൾ സ്റ്റാറ്റസായിടുന്ന ഇന്നത്തെ തലമുറക്ക് ജന്മദിനവും വിവാഹദിനവും ഒന്നും ഓർത്തുവയ്ക്കാത്ത, ഗൗരവമായെടുക്കാത്ത മനുഷ്യർ ഈ ഭൂമിയിലുണ്ടായിരുന്നു; ഇപ്പോഴും ഉണ്ടെന്നുപറഞ്ഞാൽ വിശ്വസിക്കാൻ ബുദ്ധിമുട്ടായിരിക്കും. രേഖകളുടെയൊ കണക്കുകളുടെയോ സൂക്ഷിപ്പിൽ ഒട്ടും ശ്രദ്ധയോ താത്പര്യമോ ഇല്ലാത്ത അല്ലെങ്കിൽ അന്നം കണ്ടെത്തുന്നതടക്കം അതിലും ഗൗരവമായ വിഷയങ്ങളിൽ ശ്രദ്ധപതിപ്പിക്കേണ്ടിയിരുന്ന തലമുറകൾ ഇവിടെയുണ്ടായിരുന്നു, ഇവിടെ മാത്രമല്ല എല്ലായിടത്തും ഉണ്ടായിരുന്നിരിക്കണം.

കാലമെന്ന പ്രവാഹത്തിൽ എവിടെയെങ്കിലുമായ് മനുഷ്യനെന്ന ചെറുജീവകണം വന്നു പതിക്കുന്നു. വ്യത്യസ്ത നാളുകളിൽ, വ്യത്യസ്ത നാടുകളിൽ – ആരും സ്വയം നിശ്ചയിച്ചുവയ്ക്കാത്തിടത്ത്, ആർക്കും നിശ്ചയിക്കാനാവാത്ത സമയത്ത് മറ്റുള്ളവരാൽ അവന് പിറവി ലഭിക്കുന്നു. കുറച്ചുകാലം ഇവിടെ ജീവിച്ചിട്ട് അവന് നിയന്ത്രണമില്ലാത്ത മരണം വന്ന് അവനെ കൂട്ടിക്കൊണ്ടുപോകുന്നു. എവിടേയ്ക്കെന്നറിയാത്ത ആ യാത്രയ്ക്ക് അവന്റെ സഹജരും പിൻഗാമികളും സാക്ഷികളാകുന്നു. അങ്ങനെ വന്നുപോയവർ 'എന്നാണ് ഇവിടെയുണ്ടായിരുന്നത്?' എന്ന് ഓർത്തുവയ്ക്കാൻ പിന്നീടുള്ളവർക്ക് ആഗ്രഹമുണ്ടായിട്ടുണ്ടാവാം. അല്ലെങ്കിൽ അവരുടെ ആശയവിനിമയവേളകളിൽ ഓരോ സംഭവത്തെയും വിശദമാക്കാൻ, വിശേഷിപ്പിക്കാൻ 'എപ്പോൾ' എന്ന ചോദ്യത്തിന് ഉത്തരം കൊടുക്കാൻ ഒരു സമയനിർണയം ആവശ്യമായി വന്നിട്ടുണ്ടാവാം .

അങ്ങനെയാവണം ചരിത്രത്തിലെ 'പ്രധാനസംഭവ'ങ്ങളോട് ചേർത്തുവച്ച് ഓരോ കൊച്ചു സംഭവത്തെയും പറ്റി പറയുന്നരീതി വളരെ സ്വാഭാവികമായി മനുഷ്യൻ ശീലിക്കുന്നത്. മനുഷ്യ വംശത്തിന്റെ ബൗദ്ധിക വളർച്ചയുടെ ഘട്ടങ്ങളിൽ സൂര്യ–ചന്ദ്ര –പ്രകൃതി പ്രതിഭാസങ്ങളുടെ നിരീക്ഷണത്തിലൂടെ പുരാതനസംസ്കാരങ്ങളിലെ ജ്ഞാനികൾ ദൃശ്യമല്ലാത്ത സമയമെന്ന സംജ്ഞയെ ദൃശ്യമായ ഉപകരണങ്ങളിലേക്ക് പിടിച്ചടക്കി.

ഭൂമി സൂര്യനെ ചുറ്റുന്നതടക്കമുള്ള പ്രകൃതിയുടെ മിക്ക പ്രതിഭാസങ്ങളിലും ഒരു കൃത്യത ഉള്ളതായി കണ്ടെത്തിയത് കൊണ്ടും ആ കണ്ടെത്തലിന്റെ ശാസ്ത്രീയതയ്ക്ക് മാറ്റമില്ലാത്തതുകൊണ്ടുമാണല്ലോ ഇന്നും സൂര്യ പ്രമാണം അടിസ്ഥാനമാക്കിയുള്ള വർഷമെന്നെ കണ്ടെത്തൽ (solar calendar) നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നത് !

നമുക്കിഷ്ടമുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ, നമുക്കിഷ്ടമുള്ളവരുമൊത്ത് സമയം ചെലവഴിക്കുമ്പോൾ സമയം പോകുന്നതറിയുകയേയില്ല എന്നു നമ്മൾ പറയാറില്ലെ. സത്യമാണ്. എന്നാൽ അതിനായി പരമാവധി എന്ത് മാത്രം സമയമാണ് ഒരാൾക്കുള്ളത്? നിലവിലുള്ള കണക്കനുസരിച്ച് ഏറ്റവും ദീർഘായുസ്സോടെ 122 വർഷവും 164 ദിവസവും ജീവിച്ച ഫ്രാൻസിലെ Jeanne Calment ന്റെ (1875-1997) യത്രയും ജീവിച്ചിരുന്നാൽ പോലും ഒരാൾക്ക് ജീവിതത്തിൽ ആകെ ലഭിക്കുന്നത് 3861561600 സെക്കന്റുകൾ മാത്രമാണ്. അതായത് 44694 ദിവസങ്ങൾ മാത്രം. ഇവയിലെത്ര ദിവസങ്ങളിൽ നല്ല ബോധത്തോടെയും പക്വതയോടെയും ജീവിക്കാൻ പറ്റുമെന്നു തന്നെ ആർക്കറിയാം? ഈ ഉള്ള കുറച്ചു സമയം നമുക്ക് സന്തോഷമായിരുന്നുകൂടെ? മറ്റുള്ളവരെ സങ്കടപ്പെടുത്തുന്നവരാകാതിരുന്നുകൂടെ? നശീകരണ പ്രവർത്തനകൾ കൊണ്ട് ലോകം മലിനമാക്കാതെ, ക്രിയാത്മക പ്രവർത്തനങ്ങൾ കൊണ്ട് ലോകത്തെ അല്പം കൂടി മനോഹരമായ് അലങ്കരിച്ചുകൂടെ ?

എല്ലാവർക്കും ഐശ്വര്യവും സമാധാനവും സന്തോഷവും നിറഞ്ഞ ഒരു വർഷം –2023 ആശംസിക്കുന്നു.

**മിഖാസ് കൂട്ടുങ്കൽ**
ചീഫ് എഡിറ്റർ
www.michaskoottumkal.in

www.malankaralibrary.com

പുസ്തകം 20 ലക്കം 1
2023 ജനുവരി




രക്ഷാധികാരി
ഡോ. ജോസഫ് കൈപ്പയിൽ MCBS
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. പരംപ്രസാദ് പ്രവിശ്യ

സഹരക്ഷാധികാരി
ഫാ. ആന്റോ പുതുവ MCBS

പത്രാധിപർ
ഫാ. മിഖാസ് കൂട്ടുങ്കൽ MCBS

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്യാസി

ഫിനാൻസ് മാനേജർ
ഫാ. ജോൺ പോൾ
തെക്കുംചേരിക്കുന്നേൽ MCBS

ഓർഗനൈസിംഗ് അസിസ്റ്റന്റ്സ്
ഫാ. ജോജോ കന്നപ്പിള്ളി MCBS

അക്ഷരവിന്യാസം
നിഷ ബിനു

കവർ & രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ

വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം – 682 015
ഫോൺ : 0484 – 2663933, 2664733,
9995802006
e-mail : magazinekarunikan@gmail.com
website: www.karunikan.com

ഒരു എം.സി.ബി.എസ്.
പരംപ്രസാദ് പ്രസിദ്ധീകരണം

BANK DETAILS
A/c Name : Director Karunikan
A/c No. : 17530100030870
IFSC Code : FDRL0001753
Bank : Federal Bank, Thevara

# ഉള്ളടക്കം




## കവർസ്റ്റോറി

08 കാലത്തിൻ പകർച്ചകൾ മനുജർക്കു നിനവല്ല
10 സമയവീക്ഷണം ബൈബിളിൽ
14 സമയകാല നിർണയങ്ങൾ
18 എനിക്കെല്ലാത്തിനും സമയമുണ്ട്

## ക്രൈസ്തവം

32 കേരള ഫ്രാൻസിസ് സേവ്യർ ദൈവദാസ പദവിയിൽ
37 കൊച്ചിയുടെ വിളക്കേന്തിയ വനിത
43 വിവാഹബന്ധം വേർപെടുത്താൻ റോമിന്റെ അനുവാദം ആവശ്യമുള്ളതെപ്പോൾ?



## സാമൂഹികം

47 അമൃതവർഷിണി
48 വൈകാരികതയുടെ കുരിശേറ്റങ്ങൾ
51 സൗദി വെള്ളക്ക
54 ഇടനാഴിയിലെ കാവലാൾ

03 എഡിറ്റോറിയൽ
06 നിർദേശങ്ങൾ; പ്രതികരണങ്ങൾ
20 ചരിത്രസംഭവം – II
24 ചരിത്രവും ചരിത്രപഠനങ്ങളും – VI

www.malankaralibrary.com

# *Requiescat in Pace*



ആഗോള കത്തോലിക്കാസഭയുടെ
പരമാചാര്യനായിരുന്ന പോപ്പ് എമരിത്തൂസ്
**ബനഡിക്ട് പതിനാറാമ**ന്റെ വിയോഗത്തിൽ
കാരുണികൻ കുടുംബത്തിന്റെ
പ്രാർഥനാമഞ്ജരിയിൽ കൊരുത്ത

## ആദരപ്രണാമം!

www.malankaralibrary.com



# നിർദേശങ്ങൾ; പ്രതികരണങ്ങൾ

വായനക്കാരുടെ ക്രിയാത്മകമായ പ്രതികരണങ്ങളെ ബഹുമാനത്തോടെ അവതരിപ്പിക്കുകയാണ് ഈ കോളത്തിലൂടെ. കാരുണികനിലെ ഏതൊരു വിഷയത്തെക്കുറിച്ചും തുറന്ന ആശയപ്രകടനങ്ങൾ നടത്തുന്നത് സ്വാഗതാർഹമാണ്. അത് വായനക്കാരുടെ നിർദേശങ്ങളാകാം; പ്രതികരണങ്ങളാകാം. പൂർണപ്രതിപക്ഷ ബഹുമാനത്തോടെ സഭ്യമായ രീതിയിൽ അവ ഉൾക്കൊള്ളിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. *– പത്രാധിപർ*

## കാരുണികൻ നമ്മോടുകൂടെ!

വിടചൊല്ലിയ 2022 ഡിസംബറിലെ 'ദൈവം നമ്മോടുകൂടെ' എന്ന കാരുണികൻ ലക്കം തിരുപ്പിറവിയുടെ അറിയാത്ത വിവരണങ്ങൾകൊണ്ട് സമൃദ്ധമായപ്പോൾ കാരുണികൻ നമ്മോടുകൂടെയെന്നയനുഭവമാണുണ്ടായത്. മറ്റു ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ നിന്നും വിഭിന്നമായ ആഴമാർന്ന അറിവുകൾ പ്രദാനം ചെയ്യുന്നതിൽ കാരുണികൻ മാസിക നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. വിഷയബന്ധിയായ ലേഖനങ്ങൾ എന്നതിലുപരി ആധികാരികമായ പഠനവിചിന്തന ചിന്തകൾകൊണ്ട് സമഗ്രമായ വിവരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ലേഖനങ്ങളാണ് ക്രിസ്തുമസ് ലക്കത്തിൽ വിഭവങ്ങളായി ഉൾക്കൊള്ളിച്ചിരിക്കുന്നത്. മൈക്കിൾ കാരിമറ്റത്തച്ചന്റെ ലേഖനത്തെ പ്രൗഢമെന്നേ വിശേഷിപ്പിക്കാനാവൂ. ചരിത്രത്തിന്റെ ആഴമാർന്ന പിൻബലത്തോടുകൂടി തയ്യാറാക്കിയിരിക്കുന്ന പ്രസ്തുതലേഖനം ഒരു തുടർപരമ്പരയാണെന്ന് ബോധ്യപ്പെട്ടപ്പോൾ കൂടുതൽ സംതൃപ്തകരമായി.

വരുംലക്കങ്ങളിലും പണ്ഡിതോചിതമായ കാര്യങ്ങൾ അറിയാനും മനസ്സിലാക്കാനും കഴിയുമെന്നത് വലിയ പ്രതീക്ഷ നൽകുന്നതാണ്. ആന്റണി തറേക്കടവിലച്ചന്റെയും ജോളി കരിമ്പിലച്ചന്റെയും ലേഖനങ്ങളും കുറ്റമറ്റതുതന്നെ. പയസ് മലേക്കണ്ടത്തിലച്ചന്റെ ചരിത്രപഠന പരമ്പര ഒരു റഫറൽ ഗ്രന്ഥമായി പ്രസിദ്ധീകരിക്കേണ്ടതുതന്നെയാണ്. അഞ്ചാം ഭാഗവും പിന്നിട്ട് മുന്നോട്ട് കുതിക്കുമ്പോൾ ഇനിയും എത്ര ഭാഗങ്ങളുണ്ടെന്ന് അറിയില്ലെങ്കിലും ഇതൊക്കെ കൂട്ടിയോജിപ്പിച്ച് പഠനഗ്രന്ഥങ്ങളാക്കിയാൽ വരുംതലമുറയ്ക്ക് വലിയ മുതൽക്കൂട്ടായിരിക്കും.

ജസ്റ്റിൻ പനക്കലച്ചന് സന്ദർഭോചിതമായി നൽകിയ ആദരം അച്ചനു ലഭിച്ച ഒരു ക്രിസ്തുമസ് സമ്മാനം തന്നെയാണ്. പുൽക്കൂട്ടിലെ താരാട്ടുകേൾക്കാത്ത ക്രിസ്തുമസ് ഇല്ലെന്നുള്ളത് യാഥാർഥ്യമാണ്. ഓരോ വർഷവും ഈ ഗാനം ക്രിസ്തുമസ് സീസണിൽ കേൾക്കുമ്പോൾ നിത്യനൂതനത്വം കൈവരുന്നൊരനുഭവമാണ്. ആവർത്തന വിരസത ഗ്രസിക്കാത്ത ഒരു താരാട്ടുഗാനമാണിത്. ലേഖകൻ എഴുതിയിരിക്കുന്നതുപോലെ കേൾക്കുന്തോറും ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് ആഴത്തിലിറങ്ങിക്കൊണ്ടിരിക്കുന്ന ഒരു താരാട്ടുഗാനം തന്നെയാണിത്. ഒരു ഗാനപിറവിയുടെ ഈറ്റുനോവ് വായനക്കാരിൽ ശരിക്കും പ്രതിഫലിപ്പിക്കുന്നതായിരുന്നു 'പൈതലാം യേശുവിന്റെ' ശിൽപിയെയും ആ ഗാനത്തെയും കുറിച്ച് കാരുണികൻ പങ്കുവച്ചത്. വായനക്കാരുടെ മനസ്സറിഞ്ഞ് വിളമ്പുന്ന കാരുണികന്റെ അക്ഷരശുശ്രൂഷ അഭിനന്ദനാർഹംതന്നെ.

**ജോയ് ജോസഫ് മരത്തോന്ത്ര**
*തൃശൂർ*



www.malankaralibrary.com





# സമയരഥം

- കാലത്തിൻ പകർച്ചകൾ മനുജർക്കു നിനവല്ല
  – ഡോ. എം.ജി ശശിഭൂഷൺ
- സമയവീക്ഷണം ബൈബിളിൽ
  – റവ. ഡോ. മോൺ ആന്റണി തേറാത്ത്
- സമയകാല നിർണയങ്ങൾ
  – ജോർജ് കള്ളിവയലിൽ
- എനിക്കെല്ലാത്തിനും സമയമുണ്ട്
  – ഷിജി ജോൺസൺ

പ്രപഞ്ചോല്പത്തി മുതൽ സമയത്തിനും കാലങ്ങൾക്കും വളരെ പ്രാധാന്യമുണ്ട്. സമയ-കാല നിർണയങ്ങൾ ഇന്നുള്ള രീതിയിലേക്ക് പരിണാമപ്പെട്ടുവന്നിരിക്കുന്നതിനു പിന്നിൽ രസാവഹവും ഗൗരവതരവുമായ ചരിത്രമുണ്ട്.


ആദിമ മനുഷ്യൻ മുതൽ ഇന്നോളം മനുഷ്യർ സമയത്തെയും കാലത്തെയുമൊക്കെ നിർണയിക്കുകയും കണക്കുകൂട്ടുകയും ചെയ്തിരുന്നത് വ്യത്യസ്ത രീതികളിലാണ്.

വിവിധതരം കലണ്ടറുകൾ രൂപപ്പെട്ടുവന്ന ചരിത്രപരമായ വസ്തുതകളും സമ്പ്രദായങ്ങളുമൊക്കെ വിശകലനം ചെയ്യുന്നതോടൊപ്പം വിശുദ്ധഗ്രന്ഥാധിഷ്ഠിതമായി സമയത്തിനും കാലത്തിനുമുള്ള പ്രാധാന്യത്തെയും പരിശോധിക്കുകയാണ് കാരുണികൻ ഈ ലക്കം.

www.malankaralibrary.com

# കാലത്തിൻ പകർച്ചകൾ മനുജർക്കു നിനവല്ല

സമയനിർണയവും കാലനിർണയവും വിവിധ കാലഘട്ടങ്ങളിൽ എങ്ങനെയായിരുന്നുവെന്നും മനുഷ്യരിൽ സമയത്തെക്കുറിച്ചുള്ള ചിന്ത ഉടലെടുത്തതെങ്ങനെയെന്നും സമയ-നാൾ നിർണയത്തിന്റെ പുരാതന ഇന്ത്യൻരീതികളെങ്ങനെയായിരുന്നുവെന്നും ചരിത്രപരമായി വിശകലനം ചെയ്യുകയാണ് ചരിത്രകാരനും വൈലോപ്പിള്ളി സംസ്കൃതി ഭവൻ മുൻ ഡയറക്ടറുമായ ലേഖകൻ.



**ഡോ. എം.ജി ശശിഭൂഷൺ**
*ചരിത്രകാരൻ*

കാലത്തെ ഒരു രൂപകമായാണ് (metaphor) ഇന്ത്യക്കാർ കണ്ടിരുന്നതെന്നു ചരിത്രകാരിയായ റൊമീലാ ഥാപ്പർ ഒരിക്കൽ ഓർമിപ്പിച്ചു. കാലം തീർച്ചയായും നമുക്ക് ഭ്രമകൽപനയായിരുന്നില്ല. അഴയിൽ ഉണക്കാനിട്ടിരിക്കുന്ന വസ്ത്രങ്ങളെ ഓർമിപ്പിക്കുന്ന ഘടികാരങ്ങളെ വരച്ച സാൽവദോർ ദാലിയ്ക്കു അതുകൊണ്ടുതന്നെ ഇവിടെ അനുകർത്താക്കൾ ഉണ്ടായില്ല.

കാല-ദേശ-ക്രിയാ പൊരുത്തങ്ങളെക്കുറിച്ചു ഭരതമുനിയും ചിന്തിച്ചില്ല. 'മിഥുന മാസത്തിലേക്കു രവി സംക്രമം കഴിഞ്ഞ്, കാലവർഷത്തിന്റെ ശക്തിയും ക്ഷയിച്ചിരിക്കുന്നു' എന്നെല്ലാം എഴുതിയത് നമ്മുടെ സാഹിത്യകാരന്മാരായിരുന്നു. ലഹളയുടെ കാലത്ത് പത്തുവയസ്സായിരുന്നു എന്നു പറഞ്ഞ ഒരു വേങ്ങരക്കാരിയെ ഇപ്പോഴും ഓർക്കുന്നു.

തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപ്പൊക്കം എന്നാൽ മുൻപുണ്ടായ വെള്ളപ്പൊക്കങ്ങളിൽ നിന്ന് ഭിന്നമാണെന്നു മലയാളി തിരിച്ചറിഞ്ഞതിനുകാരണം പഞ്ചാംഗങ്ങൾക്കുപകരം കലണ്ടറുകൾ അംഗീകരിക്കപ്പെട്ടതുകൊണ്ടാവാം. കലിവർഷദിനങ്ങൾ ഓർത്തുവയ്ക്കാൻ എത്രഎത്ര സൂത്രവാക്യങ്ങളാണ് മലയാളികൾ സൃഷ്ടിച്ചത്. ഉദാഹരണമായി അഗ്നിഹോത്രിയുടെ കാലം അറിയാൻ യജ്ഞസാരം സംപ്രാപ്തൗ എന്ന് ഓർമ്മിച്ചാൽ മതിയാകും.

ബുദ്ധൻ ജീവിച്ചിരുന്ന കാലവും അശോകൻ ഭരണം നടത്തിയ കാലവും കണക്കുകൂട്ടിയത് ഇന്ത്യയിൽ ഉണ്ടായിരുന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥരായിരുന്നു. ത്രേതായുഗത്തിലെ രാമനെയും ദ്വാപരയുഗത്തിലെ കൃഷ്ണനെയും കുറിച്ചുള്ള കാലഗണനകൾ നമുക്ക് അപ്പോഴും അസ്വീകാര്യമായിരുന്നു. മനുഷ്യരുടെ ഒരു മാസം ദേവന്മാരുടെ ഒരു ദിവസമാണെന്ന വിശ്വാസവും പാരമ്പര്യവാദികൾക്കു തിരുത്താൻ കഴിയുമായിരുന്നില്ല.

ഈയൊരു പശ്ചാത്തലത്തിൽ വേണം മലയാളികളുടെ കാലഗണനാ സമ്പ്രദായമായ കൊല്ലവർഷത്തെ കാണേണ്ടത്. കൊല്ലവർഷം നടപ്പിലാകുന്നതിനുമുമ്പ് കലിവർഷവും ശകവർഷവും വിക്രമവർഷവും ഇന്ത്യയിൽ മറ്റുള്ളിടത്തെന്നപോലെ ഇവിടെയും നിലനിന്നിരുന്നു. കൊല്ലവർഷം വേണാട്ടിൽ നടപ്പിൽ വന്നശേഷവും രാജാക്കന്മാരുടെ ഭരണവർഷം പറയുന്ന സമ്പ്രദായമാണ് മഹോദയപെരുമാക്കന്മാർ പിന്തുടർന്നത്. അല്പം വൈകിയിട്ടാണെങ്കിലും കൊല്ലവർഷം സ്വീകരിക്കാൻ സന്നദ്ധമായത് യാദവപാരമ്പര്യം അവകാശപ്പെട്ടിരുന്ന കോലത്തിരിമാരാണ്.

കൊല്ലത്തെ മണിഗ്രാമക്കാരാണ് പുതിയ ഒരു കാലഗണനയുടെ ആവശ്യകത വേണാടു രാജാവിനെ ബോധ്യപ്പെടുത്തിയതെന്ന ഐതിഹ്യം നേരാവാം. പ്രോമിസറി നോട്ടുകൾ കാലഹരണപ്പെടാതിരിക്കേണ്ടത് കച്ചവടക്കാരുടെ ആവശ്യമായിരുന്നിരിക്കാം. അന്നത്തെ വേണാടുരാജാവ് ഉദയമാർത്താ

www.malankaralibrary.com

ണ്ഡൻ ആണെന്ന് പി. ശങ്കുണ്ണിമേനോൻ എഴുതി യത് പില്കാലത്തു തിരസ്കരിക്കപ്പെട്ടു. കാശ്മീരി ലും മറ്റും നടപ്പിലുണ്ടായിരുന്ന സപ്തർഷിവർഷ ത്തിന്റെ പുനഃക്രമീകരണമാണ് കൊല്ലവർഷമെന്ന പി. സുന്ദരപിള്ളയുടെ നിരീക്ഷണം പ്രൊഫ. ഇളം കുളത്തിനും സ്വീകാര്യമായിരുന്നു. കാല്ദിയൻ കാലഗണനയുമായാണ് സപ്തർഷിവർഷത്തിനും ബന്ധമെന്ന് ഏ. ബാലകൃഷ്ണപിള്ള വാദിച്ചു.

"സപ്തർഷി വർഷമായിരിക്കും കൊല്ലവർഷമാ യിത്തീർന്നതെന്ന പ്രൊഫസർ സുന്ദരം പിള്ളയുടെ അഭിപ്രായമാണ് അല്പമെങ്കിലും ഭേദമായിതോന്നു ന്നത്. ലൗകികവർഷമെന്നു പറയുന്നതും സപ്തർഷി വർഷംതന്നെ. കലിവർഷം, ശകാബ്ദം, വിക്രമാബ്ദം മുതലായതുപോലെ ഗതമായിട്ടല്ല ഇതുപയോഗി ക്കുന്നത്. ക്രിസ്തുവർഷവും കൊല്ലവർഷവും പോലെ വർത്തമാനമായിട്ടാണ്. കാശ്മീരം, മുൾട്ടാൻ, കത്തിയവാഡ് തുടങ്ങിയ പല സ്ഥലങ്ങളിലും പണ്ട് ഇത് പ്രാബല്യത്തിലായിരുന്നു. ഓരോ നൂറ് വർഷവും കഴിയുമ്പോൾ ആദ്യമേ തുടങ്ങുകയാണ് ഇതിന്റെ സ്വഭാവം" (ഇളംകുളം).

ഇരുപത്തിയേഴ് നക്ഷത്രങ്ങൾക്കും നൂറുവർഷ ങ്ങൾവീതം എന്നു കണക്കാക്കാനാണ് കേസരി ബാല കൃഷ്ണപിള്ള നിർദേശിച്ചത്. അതായത് 2700 വർഷ ങ്ങൾ പൂർത്തിയാകുമ്പോൾ ഒരു യുഗം. നിശ്ചിത ഗതിയിൽകൂടി സഞ്ചരിക്കുന്ന കാലഗണനയ്ക്കും ചാക്രികമായി സഞ്ചരിക്കുന്ന കാലഗണനയ്ക്കും ഇവിടെ അംഗീകാരമുണ്ടായിരുന്നു. കൽഹണൻ രാജതരംഗിണിയിൽ കാശ്മീരരാജാക്കന്മാരുടെ ഭരണകാലം പറയുന്നത് ലൗകിക വർഷത്തിലാണ്. അതായത് സപ്തർഷിവർഷത്തിൽ.

ചിങ്ങത്തിൽ തുടങ്ങി കർക്കടകത്തിൽ അവസാ നിക്കുന്ന 12 മാസങ്ങളും നമ്മുടെ മണ്ണിന്റെയും ഋതുക്കളുടെയും ഭാവഭേദങ്ങളുമായി പൊരു ത്തപ്പെട്ടിരുന്നു. ചിങ്ങത്തിലാണ് ഓണം. കന്നിയി ലാണ് കൊയ്ത്ത്. തുലാത്തിലാണ് തുലാവർഷം. വൃശ്ചികം ഒന്നിനാണ് മണ്ഡലക്കാലം തുടങ്ങുന്നത്. ധനുവിലാണ് തിരുവാതിര. മകരം മഞ്ഞുകാലമാ ണ്. കുംഭം-മീനം മാസങ്ങളിലാണ് വേനൽക്കാലം. മേടത്തിലാണ് വിഷുവും പത്താമുദയവും. ഇടവം-മിഥുനം മഴക്കാലമാണ്. കർക്കടകമാണ് മലയാളി യുടെ പഞ്ഞകാലം.

കൊല്ലവർഷത്തെ കൊളംബവർഷമെന്നും പറ ഞ്ഞിരുന്നു. പണ്ടത്തെ ശാസനങ്ങളിൽ കൊല്ലം തോന്റി എന്നും കാണാം. കൊല്ലം തോന്റി എന്നാൽ കൊല്ലവർഷം തുടങ്ങി എന്നു മനസ്സിലാക്കണം. മേടം ഒന്നിനു തുടങ്ങി മീനാവസാനത്തോടെ പൂർത്തി യാകുന്ന ഒരു കാലഗണന അതിനുമുമ്പ് ഇവിടെ ഉണ്ടായിരുന്നു. അന്നത്തെ വർഷാരംഭമാണ് യുഗാ ദിയായും ബൈസാഖിയായും ആഘോഷിക്കുന്നത്. ജ്യോതിഷത്തിലെ രാശിചക്രം ആരംഭിക്കുന്നതും മേടത്തിലാണ്.

കൊല്ലവർഷത്തിനു പ്രചാരംകൊടുത്തത് കച്ചവ ടക്കാരായിരുന്നു. അതാവാം ക്രിസ്ത്യാനികൾക്കു കൊല്ലവർഷത്തോടുള്ള ആഭിമുഖ്യത്തിനു കാരണ വും. "1747 കന്നി 24-ന് ഔത നല്ല വഴിപോയി" എന്നു മറ്റും ശവകല്ലറകളിൽ എഴുതി കണ്ടിട്ടുണ്ട്. മിശിഹാ വർഷമാണ് 1747. കന്നി 24 കൊല്ലവർഷത്തിന്റെ കാല ഗണനയും. പറങ്കികളുടെ നിർബന്ധമാണെന്നും വരാം മിശിഹാവർഷം സ്വീകരിക്കാൻ ക്രൈസ്തവരെ പ്രേരിപ്പിച്ചത്.

പതിമൂന്നു മുതൽ പതിനാറുവരെ നൂറ്റാണ്ടു കളിൽ തിരുനെൽവേലി പ്രദേശങ്ങൾ ഭരിച്ചിരുന്ന ജയസിംഹന്മാർ ഉപയോഗിച്ചിരുന്നതും കൊല്ലവർഷ മായിരുന്നു. തിരുനെൽവേലിക്കാർ കൊല്ലവർഷം ഇപ്പോഴും മറന്നിട്ടില്ല. മാസങ്ങൾ ചിത്തിരയും (മേടം) വൈകാശിയും (ഇടവം) ആടിയും (കർക്ക ടകം) മറ്റുമായെങ്കിലും കാലത്തെ ഒരു നദീപ്രവാ ഹമായാണ് ഭാരതീയർ പലപ്പോഴും കണ്ടിരുന്നത്. പ്രവാഹകാളി എന്നാണ് സി.വി കാലത്തെ വിശേഷി പ്പിച്ചത്. കാലചക്രത്തിനുമുണ്ടായി രൂപകങ്ങൾ. പുനർജന്മവും ജന്മജന്മാന്തരങ്ങളും കാലചക്ര സങ്കല്പത്തിന്റെ സംഭാവനകളാണ്. കുലസംഹാ രിയുടെ അവതാരവും ഒരിക്കൽ മാത്രമായിരുന്നു. അതൊരു ബാലനെ രക്ഷിക്കാൻ മാത്രമായിരുന്നു. കാലം പൂർത്തിയാക്കിയ മരണത്തെ ആരും ഭയപ്പെ ട്ടില്ല. കാലനില്ലാത്ത കാലത്തെ പരിഹസിച്ചത് കുഞ്ചൻ നമ്പ്യാരായിരുന്നു.

*"വൃദ്ധന്മാരൊരുകൂട്ടം നിറഞ്ഞു ഭൂതലംതന്നിൽ*
*ചത്തുകൊൾവതിനേതും കഴിവില്ലാ കാലനില്ലാ*
*മുത്തച്ഛൻ മുതുക്കന്റെ മുത്തച്ഛനിരിക്കുന്നു*
*മുത്തച്ഛനവനുള്ള മുത്തച്ഛൻ മരിച്ചീലാ.*
*അഞ്ഞൂറുവയസ്സുള്ളോരപ്പൂപ്പന്മാരുമിപ്പോൾ*
*കുഞ്ഞായിട്ടിരിക്കുന്നു അപ്പൂപ്പൻ അവർക്കുണ്ട്."*

***(പഞ്ചേന്ദ്രോപാഖ്യാനം)***

ആർക്കുംവേണ്ടി കാത്തുനിൽക്കാതെ കടന്നു പോയ്ക്കൊണ്ടിരുന്ന കാലത്തെയാണ് എന്നും നമ്മൾ അംഗീകരിച്ചത്. കലണ്ടറുകളെ ഘടികാര സൂചിക ളായി മാത്രം കണ്ടു. ■

www.malankaralibrary.com

# സമയവീക്ഷണം ബൈബിളിൽ

> ദൈവത്തിന്റെ നിത്യതയും മനുഷ്യന്റെ സമയബന്ധനവും വിശുദ്ധഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കുകയാണ് ബൈബിൾ പണ്ഡിതനും ബൈബിൾ നിഘണ്ടു ഗ്രന്ഥകർത്താവുമായ ലേഖകൻ.



**റവ. ഡോ. മോൺ ആന്റണി തേറാത്ത്**
*വികാരി, സെന്റ് സേവ്യേഴ്സ് ചർച്ച്, സേവ്യർദേശ്*

ബൈബിളിലെ സമയത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് മനസ്സിലാക്കാൻ തുടങ്ങേണ്ടത്, അവിടെ ഉപയോഗിക്കുന്ന പദങ്ങളുടെ പരിശോധനയിലൂടെയാണ്. പഴയനിയമത്തിൽ ഹീബ്രുഭാഷയിൽ സമയത്തെ കാണിക്കാൻ ഒരു ഒറ്റപദമില്ല. വിശുദ്ധഗ്രന്ഥത്തിൽ (പഴയനിയമത്തിൽ), സമയത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദങ്ങൾ, *എത്, മൊഎദ്, യോം, ഓലാം, സെമാൻ* തുടങ്ങിയവയാണ്. ഗ്രീക്ക് ഭാഷാ വിവർത്തനത്തിൽ *കൈറോസ്* എന്ന പദവും *ക്രോണോസ്, ഹെമേര, ഹോറ, അയോൺ* എന്നീ പദങ്ങളും ഉപയോഗിക്കുന്നതായി കാണപ്പെടുന്നുണ്ട്. ഈ വാക്കുകളുടെ അർഥം പരിശോധിക്കുമ്പോൾ ഇവയ്ക്കെല്ലാം ദൈവശാസ്ത്രപരമായ കാഴ്ചപ്പാടുള്ളതായാണ് കാണിക്കുന്നത്, അതായത് ദൈവത്തിന്റെ നിത്യത സ്പർശിക്കുന്ന മാനവ ചരിത്രവും പ്രപഞ്ച സൃഷ്ടിയും. ദൈവത്തിന്റെ സ്പർശനത്തിലൂടെയാണ് സമയം ഉടലെടുക്കുന്നത്. അതുകൊണ്ട് അടിസ്ഥാനപരമായി സമയത്തെ രണ്ടു വിഭാഗമായി കാണാം. ഗ്രീക്കുഭാഷയിലെ *കൈറോസ്* സൂചിപ്പിക്കുന്ന സമയവും (ദൈവശാസ്ത്രപരം) *ക്രോണോസു*കൊണ്ട് അർഥമാക്കുന്ന സമയദൈർഘ്യവും; ഒന്ന് ദൈവത്തിന്റെ ഇടപെടലിനെ കാണിക്കുന്നുവെങ്കിൽ രണ്ടാമത്തേത് മനുഷ്യൻ ദൈവത്തിന്റെ ഇടപെടലിനെ അളക്കുന്ന അളവുകോൽ എന്നുപറയാം. അത് ദിവസങ്ങളോ മാസങ്ങളോ ആകാം, വർഷമാകാം, അല്ലെങ്കിൽ മണിക്കൂർ, യാമങ്ങൾ തുടങ്ങിയവ ആകാം. ഇവിടെ ഈ രണ്ടു തലങ്ങളിലുമുള്ള സമയകാഴ്ചപ്പാട് ബൈബിളിന്റെ സമയവീക്ഷണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. അത് തത്വശാസ്ത്രത്തിലും ശാസ്ത്രീയ വിശകലനങ്ങളിലും സമയത്തെ വീക്ഷിക്കുന്നതിൽ നിന്ന് വ്യത്യസ്തമായ സമീപനമാണ് എന്ന് മുൻകൂട്ടി പറയേണ്ടതുണ്ട്. ഈ വീക്ഷണത്തിന്റെ പ്രധാനപ്പെട്ട ഭാഗങ്ങൾ മാത്രമേ ഈ ചുരുങ്ങിയ വരികളിൽ പ്രതിപാദിക്കുന്നുള്ളൂ. എന്നാലും ഏതാനും ബൈബിൾ ഭാഗങ്ങളുടെ വിശകലനം അത്യാവശ്യമാണ് ബൈബിളിന്റെ സമയവീക്ഷണം വ്യക്തമാക്കാൻ.

## സമയത്തെ കാണിക്കുന്ന ഹീബ്രുപദങ്ങൾ

*യോം* എന്ന പദത്തിലൂടെ വ്യക്തമാക്കുന്ന സമയം ഉത്പത്തി പുസ്തകം (1-5, 2-4) മുതൽ പുറപ്പാട് (12, 18), ലേവ്യർ (23, 32); ഏശയ്യ (9,4) തുടങ്ങിയ പ്രവാചകന്മാരിൽ (ഏശ 2, 12, 13, 6), (ജോയേ 1, 15, 2, 31), (ആമോ 5, 18), (സഖ 14,1) പ്രത്യക്ഷപ്പെടുന്ന ഒരു വാക്കാണ്. യുഗാന്ത്യചിന്തയിൽ കർത്താവിന്റെ ദിനം ഒരു പ്രധാനപ്പെട്ട ആശയമാണ്. പുതിയ നിയമത്തിലും അതു കാണുന്നുണ്ട്. (2 പത്രോ 3,12), (അപ്പ 2, 20) ദൈവത്തിന്റെ നിത്യതയുടെ സ്പർശനമേറ്റ മനുഷ്യരക്ഷയുടെ സമയം. ഇത് ഒരു നിശ്ചിത ദൈർഘ്യമുള്ള രക്ഷാകരചരിത്രമാകാം (ഉത്പ 26,1) അല്ലെങ്കിൽ ചരിത്രത്തിന്റെ ഒരു ഏടായിക്കാണാം ഗ്രീക്കുബൈബിളിലെ കൈറോസിന് സമാനമായ ഒന്ന്. ദൈവമാണ് ഈ ഇടപെടൽ നിശ്ചയിക്കുന്നത്, മനുഷ്യനല്ല അതുകൊണ്ട് *യോം*



www.malankaralibrary.com

(ദിനം) ദൈവശാസ്ത്രപരമായ ആശയമടങ്ങുന്ന ഒരു പദമാണ്.

*എത്* (സമയം) സമയത്തെ സൂചിപ്പിക്കാനായി ഉപയോഗിക്കുന്ന മറ്റൊരു പദമാണ്. ഒരു പ്രത്യേക സംഭവം നടക്കുന്ന സമയത്തെയാണ് ഈ പദംകൊണ്ട് അർഥമാക്കുന്നത് (ഉദാഹരണം പുറ 9,18; 2 ദിന 25, 27). സംഭവം നടക്കുന്നത് ഹ്രസ്വമാണെങ്കിലും സുദീർഘമാണെങ്കിലും ഇതേ പദം തന്നെയാണ് ഉപയോഗിക്കുന്നത് (1 രാജ 11,4; ജറെ 50, 16) ഏതെങ്കിലും പ്രത്യേക കാര്യത്തിന് അനുയോജ്യമായ സമയം എന്ന അർഥത്തിലും ഈ പദം ഉപയോഗിച്ചിട്ടുണ്ട് (2 സാമു 11, 1; 1 ദിന 12, 32; സങ്കീ 119, 26). സഭാപ്രസംഗകന്റെ വിഖ്യാതമായ ഉപയോഗം (3,1 FF) ഓരോന്നിനും ഓരോ സമയമുണ്ട് എന്നത് ഗ്രീക്ക് ബൈബിൾ തർജമ ചെയ്യുന്നത് *കൈറോസ്* എന്ന വാക്കുകൊണ്ടാണ്, അതായത് ദൈവനിശ്ചിതമായ അവസരമാണ് സമയം. മനുഷ്യനല്ല ഓരോന്നിന്റെയും സമയം നിശ്ചയിക്കുന്നത്, ദൈവം മാത്രമാണ്. യുഗാന്ത്യത്തിൽ കർത്താവിന്റെ ന്യായവിധിയെ സൂചിപ്പിക്കാനും ഈ പദം തന്നെയാണ് ഉപയോഗിക്കുന്നത് (ഏശ 13, 22; ജറെ 27, 7; എസെ 7, 7:30, 3). ഈ പദവും സമയത്തെക്കുറിച്ചുള്ള ദൈവശാസ്ത്രവീക്ഷണമാണ് കാഴ്ചവയ്ക്കുന്നത്.

സാമ്യമുള്ള മറ്റൊരുവാക്ക് *മെഏത്* (നിശ്ചിതകാലഘട്ടം) (പുറ 9,5; 2സാമു 20, 4) *സെമാൻ* (നെഹെ 2,6; എസ്തേ 9,27) ഈ അർഥത്തിൽ തന്നെ ഉപയോഗിക്കുന്നുണ്ട്. നിത്യതയെ മാത്രം സൂചിപ്പിക്കാനായി *ഓലാം* (ഗ്രീക്കു ബൈബിളിൽ അയോൺ) അതിന്റെ വിവിധ ഉപയോഗത്തിൽ (Prepositon ഉപയോഗിച്ചുകൊണ്ട്) കാണപ്പെടുന്നു.

ചുരുക്കത്തിൽ സമയത്തെ രണ്ടു തലങ്ങളിലായി വേർതിരിക്കാം ഗ്രീക്ക് ഭാഷയിലെ *കൈറോസ്* സൂചിപ്പിക്കുന്ന നിത്യതയുടെ സ്പർശനത്തിലൂടെ ആവിർഭവിക്കുന്ന ദൈവീക സമയവും മനുഷ്യരുടെ അളവുകോലിന് വിധേയമാകുന്ന മാനുഷിക ദൈർഘ്യവും. ഒന്ന് ഭൗമികവും മറ്റേത് ദൈവികവും. അതിൽനിന്ന് ദൈവത്തിന് സമയമുണ്ടോ എന്ന ചോദ്യത്തിന് ഉത്തരം ലഭിക്കുന്നു. ദൈവം നിത്യതയുള്ളവനാണ്. ആ നിത്യത ഭൗമികവും മാനുഷികവുമായ തലത്തെ സ്പർശിക്കുമ്പോൾ മനുഷ്യനും സമയം ഉടലെടുക്കുന്നു. അതിനെ അവൻ ദിവസങ്ങളായും മാസങ്ങളായും മണിക്കൂറുകളായും വിശേഷിപ്പിക്കുന്നു. അത് ദൈവനിശ്ചിതമായ ചരിത്ര ഇടപെടലാണ്. ഇത്രയും ഹ്രസ്വമായി സൂചിപ്പിച്ചതിനുശേഷം ബൈബിൾ കാലഘട്ടത്തിലെ സമയനിർണയ രീതികളെകുറിച്ചും വിഭജിത ഘടകങ്ങളെ കുറിച്ചും പൊതുവെ വ്യക്തമാക്കാം.

www.malankaralibrary.com

**വർഷം എന്ന സംജ്ഞ ഇസ്രായേൽ ജനം കണക്കു കൂട്ടിയത് തിരുന്നാളുകളുടെ അടിസ്ഥാനത്തിൽ ആയിരുന്നു. ആഴ്ചയുടെ തിരുനാളായ സാബത്ത് തുടങ്ങി വർഷത്തിൽ ഒരു പ്രാവശ്യം മാത്രം ആഘോഷിച്ചിരുന്ന പെസഹാ തിരുനാൾ, പെന്തക്കോസ്ത് തിരുനാൾ, കൂടാര തിരുനാൾ, യോം കിപൂർ, പുതുവത്സരദിനം ഇവയെല്ലാം ആവർത്തിക്കപ്പെടുമ്പോൾ ഒരു വർഷം ആകുന്നുവെന്ന് പറയാം.**

യേശുവിന്റെ ജനനത്തിന് മുൻപ് (കാലഘട്ടം), ബൈബിളിന്റെ സമയനിർണയ രീതി ഇസ്രായേലിന്റെ അയൽ സംസ്കാരങ്ങളിലേതുപോലെ (ഈജിപ്ത്, അസീറിയ, ബാബിലോണിയ) ആയിരുന്നു. രാജാക്കന്മാരുടെ ഭരണകാലഘട്ടം ആയിരുന്നു സമയനിർണയ രീതിക്ക് ആധാരമായി നിലനിന്നിരുന്നത്. ഉദാഹരണം ഏശയ്യ 1,1; ജറെമിയ1,1 ഓരോ സംഭവവും രാജാവിന്റെ ഭരണത്തിന്റെ ഏത് വർഷത്തിൽ സംഭവിച്ചു എന്നതായിരുന്നു ചരിത്രരേഖയുടെ ഭാഗമായിരുന്നത്. ഈ രീതി ഇസ്രായേലിന്റെ ചുറ്റുമുള്ള വലിയ നാഗരികതകൾക്ക് ഉടമകളായ സാമ്രാജ്യങ്ങളിലെ പതിവുകളായിരുന്നു. ഇപ്രകാരം ഉത്പത്തിയിലെ സൃഷ്ടികർമത്തിൽ കാണുന്ന 6+1 ദിവസം എന്ന ഫോർമുല പോലും ഈ നാഗരികതയിൽ നിന്ന് കടമെടുത്തതാണ്. വലിയ ഒരു സന്ദേശം നൽകുന്ന 6+1 ദിവസങ്ങളുടെ ഫോർമുല സൃഷ്ടികർമത്തിന് ഒരു ആരംഭമുണ്ടെന്നും (ഒന്നാം ദിവസം) സന്ധ്യയാകാത്ത ഏഴാം ദിവസം സൃഷ്ടി കർമം ഇന്നും തുടർന്നുകൊണ്ടു പോകുന്നു എന്നും വ്യക്തമാക്കുന്നു. ഇല്ലായ്മയിൽ നിന്നും ദൈവം തന്റെ വചനത്താൽ സൃഷ്ടിച്ച പ്രപഞ്ചം തുടർന്നും അവിടുന്ന് കാത്തുപാലിക്കുന്നു, ഏഴാം ദിവസം വിശ്രമിച്ചുകൊണ്ട്. തീർച്ചയായും ഗ്രന്ഥകർത്താവിന്റെ ശുദ്ധീകരണം ഈ കടമെടുക്കുന്ന ഫോർമുലയിൽ നടത്തിയ ശേഷമാണ് ഉത്പത്തിയുടെ ഭാഗമായത്.

വർഷം എന്ന സംജ്ഞ ഇസ്രായേൽ ജനം കണക്കുകൂട്ടിയത് തിരുന്നാളുകളുടെ അടിസ്ഥാനത്തിൽ ആയിരുന്നു. ആഴ്ചയുടെ തിരുനാളായ സാബത്ത് തുടങ്ങി വർഷത്തിൽ ഒരു പ്രാവശ്യം മാത്രം ആഘോഷിച്ചിരുന്ന പെസഹാ തിരുനാൾ, പെന്തക്കോസ്ത് തിരുനാൾ, കൂടാര തിരുനാൾ, യോം കിപൂർ, പുതുവത്സര ദിനം (Rosh Hashanah) ഇവയെല്ലാം ആവർത്തിക്കപ്പെടുമ്പോൾ ഒരു വർഷം ആകുന്നു എന്ന് പറയാം. പെസഹാ തിരുനാൾ ഒന്നാം മാസത്തിൽ (നിയ 16, 1; നെഹെ 2,1; എസ്തേ 3, 7) ആഘോഷിക്കപ്പെടുന്നതുകൊണ്ട് യേശുവിന്റെ പരസ്യജീവിതം മൂന്നുവർഷം നീണ്ടുനിന്നു എന്ന് പറയുന്നത് യോഹന്നാന്റെ സുവിശേഷത്തിൽ മൂന്ന് വ്യത്യസ്ത ആഘോഷങ്ങളെപ്പറ്റി പ്രതിപാദിക്കുന്നത് കൊണ്ടാണ് (2,12; 6, 3; 11, 55) കലണ്ടറുകളുടെ കാര്യത്തിൽ അതായത് ഒരു തിരുനാൾ ആഘോഷം നിർണയിക്കുന്ന കാര്യത്തിൽ യഹൂദരുടെ ഇടയിലും ലൂണാർ കലണ്ടർ (ചന്ദ്രന്റെ പ്രമാണം ആധാരമാക്കി), സോളാർ കലണ്ടർ (സൂര്യനെ ആധാരമാക്കി) എന്നിവ പ്രയോഗത്തിൽ ഉണ്ടായിരുന്നു. ഉഷസായി സന്ധ്യയായി എന്ന് പറഞ്ഞു തുടങ്ങുന്ന ബൈബിളിൽ സൂര്യനെയും ആധാരമാക്കിയാണ് ദിവസത്തിന്റെ ദൈർഘ്യം നിശ്ചയിച്ചിരുന്നത്. ബൈബിളിന്റെ കാഴ്ചപ്പാടിൽ ഒരു ദിവസം ആരംഭിക്കുന്നത് സന്ധ്യാമയത്ത് ആണ്. ആകാശത്ത് മൂന്ന് നക്ഷത്രങ്ങൾ കണ്ടു തുടങ്ങുമ്പോൾ സാബത്ത് ആചരണം തുടങ്ങും. കാരണം ഒരു ദിവസമെന്നത് സൂര്യാസ്തമയം മുതൽ അടുത്ത സൂര്യാസ്തമയം വരെയാണ്. രാത്രിയെ യാമങ്ങൾ ആയിട്ടും പ്രഭാതം മുതലുള്ള സമയത്തെ മണിക്കൂറുകൾ ആയിട്ടും വിഭജിച്ചിരുന്നു. അതുകൊണ്ടാണ് പകൽ ജോലി ചെയ്യുന്നതിനുള്ള 12 മണിക്കൂർ പ്രഭാതത്തിൽ ആരംഭിച്ച് ഒന്നാം മണിക്കൂർ മുതൽ പന്ത്രണ്ടാം മണിക്കൂർ വരെ നീണ്ടു നിന്നിരുന്നത്. ഉദാ: മത്തായിയുടെ സുവിശേഷത്തിലെ (20) യേശുവിന്റെ മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ജോലി ഒന്നാം മണിക്കൂർ തുടങ്ങി പന്ത്രണ്ടാം മണിക്കൂറിൽ അവസാനിച്ചിരുന്നു. രാത്രിയെ യാമങ്ങളായിട്ടാണ് തിരിക്കുന്നത് (നാല് യാമങ്ങളാണ് ഒരു രാത്രിക്കുള്ളത്). സന്ധ്യ മുതൽ മൂന്നു മണിക്കൂറുകൾ ഒന്നാം യാമം – ഇത് യഹൂദരുടെയും ഗ്രീക്കുകാരുടെയും ഇടയിലുള്ള സവിശേഷതയാണ്. അതുകൊണ്ട് രാത്രിയുടെ രണ്ടാം യാമത്തിൽ വരുന്ന യജമാനൻ (ലൂക്കാ 2, 38) അർധരാത്രിയിലും മൂന്നാം യാമത്തിലും

www.malankaralibrary.com

വന്നാൽ ഉറങ്ങാതിരിക്കുന്ന ഭൃത്യൻ ഭാഗ്യവാനാണ്. ഗ്രീക്ക് ഭാഷയിലെ *സ്യൂളക്കെ* എന്ന പദമാണ് രാത്രി യാമത്തിന് വേണ്ടി ഉപയോഗിക്കുന്നത്. അതിന്റെ അർഥമാകട്ടെ കാവൽക്കാരൻ എന്നും.

പുതിയനിയമത്തിലെ മണിക്കൂർ *ഹോറ* എന്ന പ്രധാന പദത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് ഈ ലേഖനത്തെ ചുരുക്കാം. പുതിയനിയമ കാലഘട്ടം അതായത്, യവന റോമൻ സംസ്കാരം ദിവസത്തെ മണിക്കൂറുകളായി വിഭജിക്കുകയും പുതിയനിയമം നിർലോഭം ഉപയോഗിക്കുകയും ചെയ്യുന്നതായി കാണുന്നുണ്ട്. യേശു തന്നെ ഈ വാക്ക് (ഗ്രീക്കിലും ലത്തീനിലും ഒന്നുതന്നെ) ജീവിതത്തെ സമയത്തിന്റെ ചട്ടക്കൂടിൽ വെളിപ്പെടുത്തുന്നതിനും വിശേഷിപ്പിക്കുന്നതിനും ധാരാളമായി ഉപയോഗിക്കുന്നതുകൊണ്ട് അത് വ്യക്തമാക്കേണ്ടത് ആവശ്യമാണ്.

മണിക്കൂറിന്റെ സിവിൽ ഉപയോഗം അതിനെ സമയമെന്നോ നിമിഷമെന്നോ മണിക്കൂറെന്നോ മനസ്സിലാക്കാവുന്ന സമയദൈർഘ്യമാണ്. എന്നാൽ, ചിലപ്പോൾ ഈ സിവിൽ ഉപയോഗം വസ്തുതകൾ കൃത്യമായി മനസ്സിലാക്കുന്നതിനും അതിന്റെ ദൈവശാസ്ത്രം മനസ്സിലാക്കുന്നതിനും ആവശ്യമാണ്. ഉദാഹരണമായി സ്നാപകന്റെ ശിഷ്യന്മാർ യേശുവിനെ സമീപിച്ച് ചോദിക്കുന്നത് റബ്ബി അങ്ങ് എവിടെയാണ് വസിക്കുന്നത് എന്നാണ്. അതിനുള്ള ഉത്തരം പറയുമ്പോൾ സുവിശേഷകൻ കൂട്ടിച്ചേർക്കുന്നത് അപ്പോൾ ഏകദേശം പത്താം മണിക്കൂർ ആയിരുന്നു. പത്താം മണിക്കൂർ അതായത് വൈകുന്നേരം നാലുമണി കഴിഞ്ഞിരുന്നു. മരുഭൂമിയിൽ രാത്രി സങ്കേതം തേടാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. യേശു അവരുടെ ആവശ്യം സാധിച്ചു കൊടുത്തു എന്ന് സുവിശേഷകൻ വ്യക്തമാക്കുന്നു. സിവിൽ ഉപയോഗത്തിന് ഒരു ദൈവശാസ്ത്ര വശം കൂടിയുണ്ട് എന്ന് സമർഥിക്കാൻ മറ്റുദാഹരണങ്ങളും നമുക്ക് കാണാം. (മത്താ 24, 36, 25, 13; മർക്കോ 13, 11; യോഹ 4, 6; 5, 25; റോമാ 13, 11; 1 യോഹ 2,18).

ഈശോയുടെ മണിക്കൂർ യോഹന്നാന്റെ സുവിശേഷത്തിലെ ഒരു പ്രധാന വിഷയമായതുകൊണ്ട് അതിനെക്കുറിച്ച് പറയേണ്ടത് ബൈബിളിന്റെ സമയവീക്ഷണത്തിന് ഒഴിച്ചുകൂടാൻ പറ്റാത്ത കാര്യമാണ്. ഈശോയുടെ മണിക്കൂർ വന്നില്ലേ എന്ന ചോദ്യവും, ആ ചോദ്യത്തിന്റെ ധ്വനി വന്നുകഴിഞ്ഞു എന്ന് ഏറ്റു പറയുന്ന മറിയവും (ഭാഷാപരമായ പരിശോധനയിലൂടെ ഈ വ്യാഖ്യാനത്തിൽ എത്തുന്നു) സമയമായില്ല എന്ന് പറയുന്ന സുവിശേഷകനും (7, 30; 8, 20) മണിക്കൂർ വന്നു കഴിഞ്ഞു എന്ന് പറയുന്ന യേശുവിനെയും (4, 21; 23, 5, 25, 12; 23 –27; 13, 1; 17, 1) സുവിശേഷത്തിൽ കാണാം. മിശിഹായുടെ രക്ഷാകര വെളിപാടിന്റെ യുഗം കാനായിൽ ആരംഭിച്ചു കഴിഞ്ഞു. അതുവഴി തന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതിന്റെ ആരംഭം ആയിരുന്നു കാനായിൽ സംഭവിച്ചത്. രണ്ടാമതായി, സുവിശേഷകൻ സമയമായിട്ടില്ല എന്ന് പറയുമ്പോൾ യേശുവിന്റെ കുരിശിലെ മഹത്ത്വീകരണമാണ് വിവക്ഷിക്കുന്നത്. മനുഷ്യപുത്രൻ മഹത്ത്വപ്പെടാനുള്ള സമയമാണിത് (12, 23; 17, 1) എന്ന് യേശു തന്നെ പറയുമ്പോൾ ഇത് സ്ഥിരീകരിക്കുകയാണ്. ഈ മണിക്കൂറിൽ നിന്നും രക്ഷിക്കണമേ എന്നും ഈശോ പ്രാർഥിക്കുന്നുണ്ട് (12:27). സമാന്തര സുവിശേഷങ്ങളിൽ മർക്കോസ് (14 ,35) ഈ പ്രാർഥന രേഖപ്പെടുത്തുന്നുണ്ട്. ഈശോ തന്റെ പിതാവിന്റെ പക്കലേക്ക് പോകുന്ന സമയമാണ് ആ മണിക്കൂർ (13:1). പ്രസ്തുത സമയമാകുമ്പോൾ മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏൽപ്പിക്കപ്പെടും (മത്താ 26, 45; മർക്കോ 14:41 ). ഈ ലോകത്തിന് ന്യായവിധി ഉണ്ടാകും, ഈ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും (യോഹ 12,31). അങ്ങനെ യേശുവിന്റെ മണിക്കൂർ എന്നത് അവന്റെ പീഢാസഹനത്തിന്റെയും മരണത്തിന്റെയും സമയമാണ്. അത് യേശുവിന്റെ ഉയർത്തപ്പെടലിന്റെയും മഹത്ത്വീകരണത്തിന്റെയും സമയമാണ്.

## ഉപസംഹാരം

ബൈബിളിന്റെ സമയവീക്ഷണത്തെക്കുറിച്ചുള്ള ഈ ലഘുഅന്വേഷണത്തിൽ നമ്മൾ ഇടയ്ക്ക് ചോദിച്ച ചോദ്യം ദൈവത്തിനു സമയമുണ്ടോ എന്നതായിരുന്നു. ദൈവത്തിന് സമയമുണ്ട് എന്ന് മാത്രമല്ല ഉത്തരം, സമയം ദൈവികമാണ് എന്നാണ്. മാത്രമല്ല, ദൈവസ്പർശം ഏൽക്കാതെ മനുഷ്യനും പ്രപഞ്ചത്തിനും സമയം ഉണ്ടാവുകയില്ല. നമ്മുടെ സമയത്തിന് അർഥം ഉണ്ടാകുന്നത് നിത്യതയുടെ ഭാഗമാകുന്നതിലൂടെയാണ്. ഗ്രീക്ക് ഭാഷയിലെ കൈറോസ്, ക്രോണോസ് ഈ രണ്ടു തലങ്ങളെ കാണിക്കുന്നു. നിത്യതയിൽ ലയിക്കുന്ന മനുഷ്യന്റെ ചരിത്രം അർഥസമ്പൂർണമാണ്. പെസഹാ ജാഗരത്തിൽ (റോമൻ ആരാധനക്രമം) പ്രാർഥിക്കുന്നതുപോലെ ക്രിസ്തു ഇന്നലെയും ഇന്നും; ആദിയും അന്തവും; ആൽഫയും ഒമേഗയും; അവിടുത്തേതാണ് കാലങ്ങളും യുഗങ്ങളും. അവിടുത്തേക്ക് മഹിമയും ആധിപത്യവും എന്നേക്കും, ആമേൻ. ■

www.malankaralibrary.com

# സമയകാലനിർണയങ്ങൾ

നമ്മൾ നിസ്സാരമായി എടുക്കുന്നവയാണ് സമയവും തിയതിയും. മനുഷ്യജീവിതത്തെ മുന്നോട്ടു നയിക്കുന്ന പ്രധാന ഘടകങ്ങളാണിവ. സമയവും കാലവും തീയതിയും വർഷവുമെല്ലാം നിശ്ചയിക്കപ്പെടുന്നതിലും കാലത്തിന്റെ മാറ്റങ്ങൾ ശ്രദ്ധേയമാണ്. ഇവയുടെ ചരിത്രത്തിലേക്കുള്ള തിരിഞ്ഞുനോട്ടം രസകരവും അതിലേറെ വിജ്ഞാനപ്രദവുമാണ്. മാധ്യമപ്രവർത്തകനും ദീപിക ന്യൂഡൽഹി ബ്യൂറോ ചീഫുമായ ലേഖകൻ പങ്കുവയ്ക്കുന്ന സമയകാല നിർണയങ്ങൾ.



**ജോർജ് കള്ളിവയലിൽ**
*അസോസിയേറ്റ് എഡിറ്റർ, ദീപിക*

നല്ല സമയത്തിലും തീയതിയിലും ഇക്കാലത്തും പലരും വിശ്വസിക്കുന്നു. അതേ പോലെ മോശം സമയവും ചീത്ത കാലവും എന്നൊക്കെ പല അന്ധവിശ്വാസങ്ങളും ഇക്കാലത്തും വ്യാപകമാണ്. സമയത്തിന്റെ, തീയതികളുടെ ലോകത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോഴാണ് അതിശയകരവും മനോഹരവുമായ പലതും നാം കണ്ടെത്തുക. ചിലതെങ്കിലും പുതിയ അറിവുകളോ, തിരിച്ചറിവുകളോ ആകും.

കൃത്യസമയങ്ങളിൽ വിരിയുന്ന പൂക്കളേയും അതിരാവിലെ ശബ്ദിക്കുന്ന കിളികളേയും ശ്രദ്ധിച്ചിട്ടുണ്ടാകും. കോഴി കൂവുന്നതു മുതൽ വവ്വാലുകളും ഈയലുകളും പറക്കുന്നതു വരെയുള്ളവയും ശ്രദ്ധിക്കാതിരിക്കില്ല. പ്രപഞ്ചത്തിൽ സമയബന്ധിതമായി നടന്നുകൊണ്ടിരിക്കുന്ന പ്രതിഭാസങ്ങൾ പലതാണ്. അതിലൊന്നാണു സമയം. എല്ലാ പ്രതിഭാസങ്ങളും ചലനങ്ങൾക്കു വിധേയമാണ്. ബഹിരാകാശത്ത് ഗാലക്സികളിലെ ഭൂമിയടക്കമുള്ള ഗ്രഹങ്ങൾ ഓരോ അച്ചുതണ്ടിൽ കറങ്ങുന്നു. സൂര്യനും ഭൂമിയും കറങ്ങുമ്പോൾ നമ്മുടെ സമയക്രമം മാറുന്നു.

സസ്യ, ജന്തു ജാലങ്ങളിലെ ജനിതക ഘടനയിലടങ്ങിയിട്ടുള്ള ജൈവക്ലോക്കുകൾ ഒരു സമയബോധം നൽകുന്നുണ്ട്. ബുദ്ധി വികാസം കൊണ്ട് ശ്രേഷ്ഠരായ മനുഷ്യനിലും ജൈവിക ക്ലോക്കുണ്ട്. പക്ഷേ, പുരാതനകാലം മുതലേ നാം പലവിധത്തിൽ സമയത്തെ അളക്കാൻ ശ്രമിച്ചു വിജയിച്ചു. കൃത്രിമ ഘടികാരങ്ങളും കലണ്ടറുകളും മനുഷ്യജീവിതത്തിന്റെ ഒഴിവാക്കാനാകാത്ത ഘടകങ്ങളാണ്.

## വേർതിരിക്കപ്പെട്ട സമയം

സമയം അളക്കുന്നതിനും വേർതിരിക്കുന്നതിനും അതിപുരാതന കാലം മുതലേ മനുഷ്യൻ പല വഴികളും തേടിയിരുന്നു. ഭൗമ– ആകാശ പരിസ്ഥിതികളുടെ നിരീക്ഷണവും പ്രത്യേകം നിർമിച്ച ഉപകരണങ്ങളുടെ ഉപയോഗവുമാണ് മുഖ്യം. ആവശ്യകതയുടെ സിദ്ധാന്തമാണ് മനുഷ്യനെ സമയം അളന്നു തിരിക്കുന്നതിന് പ്രേരിപ്പിച്ചത്. വേട്ടയാടിയും മീൻപിടിച്ചും കൂട്ടം കൂടിയും ഭക്ഷണം കഴിക്കേണ്ടി വരുമ്പോൾ സമയം വേർതിരിക്കേണ്ടതു ഒരാവശ്യമാകും. സൂര്യൻ അസ്തമിക്കുമ്പോൾ ഉറങ്ങാൻ പോകുകയെന്നത് ശരീരശാസ്ത്രപരമായ ആവശ്യമാണ്.

ഭൗമാന്തരീക്ഷത്തിലെ മാറ്റങ്ങൾ പരിഗണിക്കുകയും പരിസ്ഥിതിയിലെ വസ്തുക്കളെ നിരീക്ഷിച്ചു സമയം നിർണയിക്കുകയും ചെയ്യുന്നതായിരുന്നു പുരാതന മനുഷ്യരുടെ രീതി. എന്നാൽ സമയം നിർണയിക്കുന്നതിൽ പലപ്പോഴും പാളിച്ചകൾ വന്നു. ഇത്തരം പിഴവുകൾ ആളുകളുടെ സുരക്ഷ അപകടത്തിലാക്കിയിരുന്നു. സമയം അളക്കുന്നതിനുള്ള കൂടുതൽ കൃത്യമായ മാർഗങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രധാന പ്രേരണയായി സുരക്ഷാ ആവശ്യങ്ങൾ ഉയർന്നുവന്നു.

കൂടുതൽ പരിഷ്കൃതമായ അളവെടുപ്പ് രീതികൾക്കായുള്ള മനുഷ്യന്റെ ത്വരയിൽ മാർഗങ്ങളും വന്നെത്തി. സമയം നിർണയിക്കാൻ സൂര്യന്റെയും ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും ചലനത്തെക്കുറിച്ചുള്ള വിവരങ്ങൾ ഉപയോഗപ്പെടുത്തി. ഭൗമാന്തരീ

www.malankaralibrary.com



ക്ഷത്തിൽ നിന്ന് ആകാശ പരിസ്ഥിതിയിലേക്ക് ശ്രദ്ധ മാറി.

## സമയക്രമീകരണ വിസ്മയം

സർവവ്യാപിയായ മൊബൈൽ ഫോണിലും റിസ്റ്റ് വാച്ചിലും ക്ലോക്കിലും മറ്റും ഇക്കാലത്ത് സമയം തിരിച്ചറിയുക എളുപ്പമാണ്. എന്നാൽ കഴിഞ്ഞ നൂറ്റാണ്ടുകളിൽ, മനുഷ്യർക്ക് സൂര്യനിൽ നിന്നുള്ള നിഴലുകൾ, മെഴുകുതിരിയുടെ ഉരുകൽ, അല്ലെങ്കിൽ ധൂപവർഗത്തിന്റെ വ്യത്യസ്ത ഗന്ധങ്ങൾ എന്നിവയെല്ലാം ആശ്രയിക്കേണ്ടിവന്നു. കാലഹരണപ്പെട്ട സമയക്രമീകരണത്തിന്റെ ചില ഉദാഹരണങ്ങൾ ഇതാ.

**1. സൂര്യ ഘടികാരം -സൺ ഡയൽ**

സൂര്യനിൽ നിന്നുള്ള സമയം കടന്നുപോകുന്നത് അടയാളപ്പെടുത്തുകയാണ് സൂര്യ ഘടികാരത്തിൽ. ലോകത്തിലെ ഏറ്റവും വലിയ ശിലാ സൺ ഡയൽ ജയ്പൂരിലെ ജന്തർ മന്തറാണ്. അടുത്തിടെ അവിടെ സന്ദർശിച്ചപ്പോഴാണ് പതിനെട്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നിർമിച്ച 73 അടി നീളമുള്ള ജയ്പൂരിലെ ജന്തർ മന്തർ വിസ്മയിപ്പിച്ചത്. വലിയ 20 ജ്യോതിശാസ്ത്ര ഉപകരണങ്ങളുടെ ശാസ്ത്രീയതയും നിർമാണത്തിലെ കൃത്യതയും അത്ഭുതപ്പെടുത്തി.

ഗ്രീക്കുകാരും റോമാക്കാരും നഗരങ്ങളിലുടനീളം ഇത്തരം സൂര്യ ഘടികാരങ്ങൾ സ്ഥാപിച്ചിരുന്നു. സമ്പന്നർക്കായി പോക്കറ്റ് മോഡലുകളും ഉണ്ടായിരുന്നു. 19-ാം നൂറ്റാണ്ടിൽ സോളാർ പീരങ്കി സൺ ഡയൽ എന്നൊരു ഘടികാരവും നിർമിച്ചു. സൂര്യന്റെ ചൂട് ലെൻസിൽ കേന്ദ്രീകരിക്കുമ്പോൾ ഒരു ചെറിയ തോക്ക് വെടി വയ്ക്കും. കൃത്യസമയത്ത് ഈ വെടിയൊച്ച കേട്ടാൽ സമീപവാസികൾക്കു സമയം അറിയാനാകും.

ലോകത്തിലെ ഉയരം കൂടിയ കെട്ടിടങ്ങളിൽ ഒന്നായിരുന്ന തായ്പേയ് 101ന്റെ താഴെ വൃത്താകൃതിയിലുള്ള പാർക്ക് പടുകൂറ്റൻ സൺ ഡയൽ ആയി പ്രവർത്തിക്കുന്നു. പാർക്കിൽ കെട്ടിടത്തിന്റെ നിഴൽ വീഴുന്നത് അനുസരിച്ചാണ് സമയം അറിയുക.

**2. മൂൺ ഡയൽ**

ഇംഗ്ലണ്ടിൽ കേംബ്രിഡ്ജിലെ ക്വീൻസ് കോളജിൽ പതിനേഴാം നൂറ്റാണ്ടിൽ സ്ഥാപിച്ച ഘടികാരം സവിശേഷമാണ്. ചാന്ദ്രപ്രകാശമാണ് ഈ ഡയലിന്റെ അടിസ്ഥാനം. രാത്രിയുടെ സമയമെന്താണെന്ന് മനസ്സിലാക്കാൻ ഇതു സഹായിക്കും.

**3. ഒബെലിസ്കുകൾ**

നിശ്ചലമായ സ്മാരകങ്ങളിൽ നിന്നുള്ള നിഴലുകളാണ് ഇവിടെ സമയനിരീക്ഷണത്തിന് ഉപയോഗപ്പെടുത്തിയത്. പാരീസിൽ ഇത്തരമൊരു ഘടികാരം ഇപ്പോഴുമുണ്ട്. പാരീസിലെ പ്ലേസ് ഡി ലാ കോൺകോർഡിന്റെ മധ്യഭാഗത്തുള്ള ലക്സർ ഒബെലിസ്ക് കാൽനടയാത്രക്കാർക്ക് സമയം കാണിക്കുന്നതിനായി നടപ്പാതയിലെ പോയിന്റുകളുമായി അതിന്റെ നിഴലിനെ വിന്യസിക്കുന്നു.

**4. വാട്ടർ ക്ലോക്ക്**

സൂര്യാസ്തമയത്തിനു ശേഷം സൺ ഡയൽ ഉപയോഗിക്കാനാകില്ല. അങ്ങിനെയാണ് ബിസി 1500-ൽ ജലഘടികാരം രൂപപ്പെടുത്തിയത്. സമയം കടന്നുപോകുന്നതിനെ പ്രതിനിധീകരിക്കുന്നതിന് വിശ്വസനീയമായ ജലപ്രവാഹം ഉപയോഗിക്കുന്നതാണ് ഈ ഉപകരണത്തിലെ അടിസ്ഥാന തത്വം. ഈജിപ്തിലും ഗ്രീസിലും അറബ് ലോകത്തും പുരാതന കാലത്തുടനീളം ജലഘടികാരങ്ങൾ ഉണ്ടായിരുന്നു.

**5. ധൂപ ഘടികാരം**

ധൂപ ഘടികാരങ്ങൾ സോംഗ് രാജവംശത്തിന്റെ (960-1279) കാലഘട്ടത്തിൽ, ചൈനയിൽ നിന്ന് ജപ്പാനിലേക്കും മറ്റ് ഏഷ്യൻ പ്രദേശങ്ങളിലേക്കും വ്യാപിച്ചു. ഓരോ പതിപ്പിലും സമയം ട്രാക്ക് ചെയ്യുന്നതിനായി ധൂപം കത്തിക്കുന്നത് ഉൾപ്പെട്ടിരുന്നുവെങ്കിലും പലതിലും സംവിധാനം വ്യത്യസ്തമായിരുന്നു. സമയം സൂചിപ്പിക്കാൻ ക്ലോക്കിന് വിവിധ നിറങ്ങളിലുള്ള പുക ഉണ്ടായിരുന്നു. മറ്റു ചിലതിൽ വ്യത്യസ്ത ധൂപ ഗന്ധങ്ങൾ ഉപയോഗിച്ചിരുന്നു. സമയം കടന്നുപോകുന്നതിനെക്കുറിച്ച് മണത്തറിയാൻ ഇതു സഹായിച്ചു.

www.malankaralibrary.com

### 6. ടൈം ബോൾ

പുതുവർഷ രാവിൽ അമേരിക്കയിലെ ടൈംസ് സ്ക്വയർ ബോൾ വീഴുന്നതു കണ്ടിട്ടുണ്ടാകാം. നാവിഗേറ്റർമാരുടെ മറൈൻ ക്രോണോമീറ്ററുകൾ സമന്വയിപ്പിക്കുന്നതിന് ഒരു നിശ്ചിത മണിക്കൂറിൽ ലോഹം കൊണ്ടോ, തടി കൊണ്ടോ നിർമിച്ച പന്തുകൾ കുതിച്ചുയരുന്നതാണിത്. കടലിൽ ദൂരെ നിന്നു പോലും ഇതു കാണാനാകും. 19-ാം നൂറ്റാണ്ടിൽ ഉയർന്നുവന്ന സമയ ബോൾ ടൈം കീപ്പിംഗിന്റെ അപൂർവ പ്രകടനമായിരുന്നു. 1829-ൽ ഇംഗ്ലണ്ടിലെ പോർട്ട്സ്മൗത്തിൽ ആദ്യമായി പന്ത് സ്ഥാപിച്ചതായി കണക്കാക്കപ്പെടുന്നു. ലണ്ടനിലെ റോയൽ ഒബ്സർവേറ്ററി ഗ്രീൻവിച്ചിലെ ടൈം ബോൾ 1833 മുതലുള്ളതുപോലെ എല്ലാ ദിവസവും ഉച്ചയ്ക്ക് ഒരു മണിക്ക് വീഴുന്നു.

### 7. മെർക്കെറ്റ്

സൂര്യ ഘടികാരം രാത്രിയിൽ പരാജയമാകുമെന്നതിനുള്ള മറ്റൊരു പുരാതന പരിഹാരമാണ് മെർക്കെറ്റ്. സൂര്യനെ മാത്രം ആശ്രയിക്കുന്നതിനു പകരം, നക്ഷത്രങ്ങളുടെ വിന്യാസവും ദൃശ്യപരതയും ട്രാക്ക് ചെയ്തു. പുരാതന ഈജിപ്തിലെ ഈ നക്ഷത്ര ഘടികാരം ഒരു നീണ്ട ബാറും പ്ലംബ് ലൈനും ഉപയോഗിച്ചായിരുന്നു രൂപകൽപന ചെയ്തത്. ഒരു നക്ഷത്രത്തിൽ കേന്ദ്രീകരിച്ച്, ആകാശ ഗതാഗതത്തെ സമയ മാർക്കറായി ഉപയോഗിക്കുകയായിരുന്നു.

### 8. ഉച്ച പീരങ്കി

ടൈം ബോളിന് സമാനമായതും എന്നാൽ കൂടുതൽ കാക്കോഫോണുകളുള്ളതുമാണ് ഉച്ച പീരങ്കി. ഉച്ച സമയം അറിയിക്കാൻ പീരങ്കിയിൽ നിന്നു കൃത്യസമയത്ത് വെടി ഉതിർക്കുന്ന ഈ രീതി കാലഹരണപ്പെട്ടു. എങ്കിലും ദക്ഷിണാഫ്രിക്കയിലെ കേപ്ടൗണിലെ സിഗ്നൽ ഹില്ലിൽ ഇപ്പോഴും ഈ രീതിയിൽ പീരങ്കി വെടിയുണ്ട്.

### 9. പള്ളി മണികൾ

എല്ലാ വീട്ടിലും ക്ലോക്ക് ഉണ്ടാകുന്നതിന് മുമ്പ്, പ്രാദേശിക പള്ളി മണികളായിരുന്നു ആശ്രയം. ഇന്ത്യയിൽ ചില ക്ഷേത്രങ്ങളിലും സമാനരീതി പരീക്ഷിച്ചു. ക്ലോക്ക് എന്ന വാക്ക് യഥാർഥത്തിൽ ക്ലോക്കയിൽ എന്ന ലത്തീൻ വാക്കിൽ നിന്നാണ് ഉരുത്തിരിഞ്ഞത്. ബെൽ എന്നാണ് ലാറ്റിൻ വാക്കിന്റെ അർഥം.

### 10. ക്ലോക്ക് ടവർ

പള്ളി മണിയോട് സാമ്യമുള്ള ക്ലോക്ക് ടവർ പഴയ കാലത്ത് വ്യാപകമായിരുന്നു. പൊതുസമൂഹത്തെ സമയക്രമത്തിൽ കൈകാര്യം ചെയ്യാനും ഇതു സഹായകമായി. ലണ്ടൻ പാർലമെന്റിലെ ബിഗ് ബെൻ ഏറ്റവും പ്രശസ്തമായ ക്ലോക്ക് ടവറുകളിലൊന്നാണ്. പക്ഷേ, അടിസ്ഥാന ആശയം നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ്. ബിസി 100-50 കാലഘട്ടത്തിൽ നിർമിച്ച ഏഥൻസിലെ 42-അടി വിൻഡ്സ് ടവറിന് എട്ട് വശങ്ങളുണ്ട്. ഓരോന്നിനും വ്യത്യസ്ത കോമ്പസ് ദിശയും താഴെ സൺ ഡയൽ ലൈനുകളും ഉണ്ട്.

### 11. മണിക്കൂർ ഗ്ലാസ്

എട്ടാം നൂറ്റാണ്ടിലെ ഫ്രാൻസിലേതാണ് ആദ്യത്തെ മണിക്കൂർ ഗ്ലാസ് എന്നു പറയുന്നു. ഈ ടൈംപീസ് എപ്പോഴാണ് ഉയർന്നുവന്നതെന്ന് കൃത്യമായ വിവരങ്ങളില്ല. പതിനാലാം നൂറ്റാണ്ടിൽ മണൽ ഘടികാരം രൂപപ്പെടുത്തി. സമയം ട്രാക്കു ചെയ്യുന്നതിന് സമുദ്ര സാൻഡ് ഗ്ലാസുകൾ കപ്പലുകളിൽ സാധാരണമായിരുന്നു. ക്ഷണികമായ സമയത്തിന്റെ മഹത്തായ പ്രതീകങ്ങളാക്കി ഇവ പിന്നീടു മാറി.

### 12. ഓയിൽ-ലാമ്പ് ക്ലോക്ക്

എണ്ണ കൊണ്ടുള്ള വിളക്കുകൾ ക്ലോക്കുകളായിരുന്ന കാലവുമുണ്ട്. തിരി കത്തുന്നതിനുസരിച്ച് എണ്ണ കുറയുന്നതു നോക്കിയാണ് ഇതു രൂപപ്പെടുത്തിയത്. ഇതിനായി ദീർഘനേരം കത്തുന്ന തിമിംഗല എണ്ണയാണ് ഉപയോഗിച്ചിരുന്നത്.

### 13. കോൺഗ്രേവ് ക്ലോക്ക്

സർ വില്യം കോൺഗ്രേവ് 1808-ൽ പേറ്റന്റ് നേടിയ കണ്ടുപിടുത്തമാണ് കോൺഗ്രേവ് ക്ലോക്ക്. ഒരു പിച്ചള പന്തിന്റെ 15 സെക്കൻഡ് റോൾ ഒരു സിഗ്-സാഗിംഗ് ട്രാക്കിലൂടെ ടൈംപീസിൽ കൈകൾ ചലിപ്പിക്കാൻ ഉപയോഗിക്കുന്ന ഒരു വിപുലമായ യന്ത്രമാണിത്. ഒരു ദിവസത്തിനുള്ളിൽ, പന്ത് ട്രാക്കിൽ 5,760 തവണ അങ്ങോട്ടും ഇങ്ങോട്ടും ഉരുളും. ട്രാക്കിലെ പൊടിപടലങ്ങൾ പന്തിന്റെ സമയത്തെ തെറ്റിച്ചതിനാൽ ഇതു വിജയിച്ചില്ല.

### 14. ലാന്റേൺ ക്ലോക്ക്

ബസിലിക്ക പോലെയുള്ള താഴികക്കുടത്തിന്റെ ആകൃതിയിലുള്ള, ലാന്റേൺ ക്ലോക്ക് 17-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ പ്രചാരത്തിലായി, വീടുകളിൽ സാധാരണമായ ആദ്യത്തെ ക്ലോക്കാണിത്. പിച്ചളയിൽ തീർത്തതായിരുന്നു ഇവ.

### 15. മെഴുകുതിരി ക്ലോക്ക്

ആറാം നൂറ്റാണ്ടിൽ ചൈനീസ് കവി യു ജിയാംഗുവിന്റെ എഴുത്തിൽ മെഴുകുതിരി ഘടികാരത്തെ

www.malankaralibrary.com

കുറിച്ച് വിവരിച്ചിട്ടുണ്ട്. ഒരു മണിക്കൂർ ഗ്ലാസ് അല്ലെങ്കിൽ വാട്ടർ ക്ലോക്ക് പോലെ മെഴുകു ഉരുകുന്നതു കണക്കാക്കിയായിരുന്നു ഇതിന്റെ പ്രവർത്തനം. ഈ രീതി പക്ഷേ, പരാജയമായിരുന്നു.

**16. സൈറൺ ക്ലോക്ക്**

വലിയ എസ്റ്റേറ്റുകളിലും മറ്റും തൊഴിലാളികളെ ജോലിസമയം അറിയിക്കുന്നതിന് സൈറണുകൾ ഉപയോഗിക്കുന്ന രീതിക്കും നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. ബ്രിട്ടീഷുകാരുടെ കാലത്ത് പ്രചരിച്ച സൈറൺ മുഴക്കുന്ന രീതി പിന്നീട് നഗരങ്ങളിലും മറ്റും നടപ്പാക്കിയിരുന്നു.

## കലണ്ടറുകളുടെ ചരിത്രം

ദിവസങ്ങളുടെയും മാസങ്ങളുടെയും വലിയ സമയ വിഭജനത്തിന്റെ മാർഗമായിരുന്നു കലണ്ടറുകൾ. കലണ്ടറുകൾക്കു പുരാതന ചരിത്രമുണ്ട്. നിയോലിത്തിക് കാലത്തോളം പഴക്കമുള്ള ചരിത്രാതീത കാലത്തേക്കു പോലും കലണ്ടറുകളുടെ ചരിത്രം മടങ്ങുന്നുവെന്നാണ് പുരാവസ്തു ഗവേഷകരുടെ കണ്ടെത്തൽ. ഒട്ടുമിക്ക ചരിത്ര സമൂഹങ്ങൾക്കും സമയനിഷ്ഠയ്ക്കുള്ള സ്വാഭാവിക യൂണിറ്റുകൾ ദിവസം, സൗരവർഷം, ചാന്ദ്ര ദിനം എന്നിവയാണ്. കലണ്ടറുകൾ സമയപാലനത്തിനായി ഉപയോഗിക്കുന്ന വ്യക്തമായ സ്കീമുകളാണ്. ചരിത്രപരമായി സാക്ഷ്യപ്പെടുത്തിയതും രൂപപ്പെടുത്തിയതുമായ പുരാതന കലണ്ടറുകൾ വെങ്കലയുഗത്തിലാണ്. സുമേറിയൻ കലണ്ടറിനെ തുടർന്ന് ഈജിപ്ഷ്യൻ, അസീറിയൻ, എലാമൈറ്റ് കലണ്ടറുകൾ അക്കാലത്ത് രൂപപ്പെടുത്തി. പുരാതന കാലത്തെ കലണ്ടറുകൾ സാധാരണയായി ചാന്ദ്ര, സൗര വർഷങ്ങളെ വിന്യസിച്ചായിരുന്നു,

പന്ത്രണ്ട് ചാന്ദ്ര മാസങ്ങളെയും 365 സൗരദിനങ്ങളെയും അടിസ്ഥാനമാക്കിയുള്ളതാണ് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉപയോഗത്തിലുള്ള നിരവധി പ്രാദേശിക കലണ്ടറുകൾ. ചൈത്ര മാസത്തിലെ അമാവാസിയോടെയാണ് പഴയ ഹിന്ദു കലണ്ടറിലെ ചാന്ദ്ര വർഷം ആരംഭിക്കുന്നത്. ഇതിഹാസ രാജാവായ വിക്രമാദിത്യന്റെ പേരിൽ, ബിസി 57-ൽ, വിക്രം സാവത് എന്ന പേരിൽ കലണ്ടർ ഉണ്ടായിരുന്നു. സംവത് എന്നത് വർഷം എന്നതിന്റെ സംസ്കൃത പദമാണ്.

## ചരിത്രം സാക്ഷിയായി

അസീറിയൻ, ബാബിലോണിയൻ കലണ്ടറുകൾ അടിസ്ഥാനമാക്കിയുള്ള പുരാതന കലണ്ടർ സമ്പ്രദായങ്ങളുടെ വലിയ എണ്ണമുണ്ട്. പേർഷ്യൻ സാമ്രാജ്യത്തിന്റെ കലണ്ടറും ഇതിൽ ഉൾപ്പെടുന്നു. സൗരാഷ്ട്രിയൻ കലണ്ടറിനും ഹീബ്രു കലണ്ടറിനും ഇതു കാരണമായി. ആദ്യകാല റോമൻ കലണ്ടറിൽ 10-മാസ സൗരവർഷത്തിന്റെ വളരെ പുരാതന അവശിഷ്ടങ്ങൾ അടങ്ങിയിരിക്കുന്നു.

ബിസി 45-ൽ ജൂലിയസ് സീസർ റോമൻ കലണ്ടർ പരിഷ്കരിച്ചു. ജൂലിയൻ കലണ്ടർ അമാവാസിയുടെ നിരീക്ഷണത്തെ ആശ്രയിക്കുന്നില്ല. എന്നാൽ ഓരോ നാലു വർഷത്തിലും ഒരു ലീപ്പ് ഡേ അവതരിപ്പിക്കുന്നതിനുള്ള അൽഗോരിതം പിന്തുടരുന്നു. പതിനൊന്നാം നൂറ്റാണ്ടിൽ പേർഷ്യയിൽ, 1079-ൽ ഖയാമിന്റെ നേതൃത്വത്തിൽ ഒരു കലണ്ടർ പരിഷ്കരണം പ്രഖ്യാപിക്കപ്പെട്ടു. വർഷത്തിന്റെ ദൈർഘ്യം 365 ദിവസമായിരുന്നു. ഇന്നും ഒരു വർഷമെന്നാൽ 365 ദിവസമാണ്.

ജൂലിയൻ കലണ്ടറിന്റെ പരിഷ്കരണമായാണ് 1582ൽ ഗ്രിഗോറിയൻ കലണ്ടർ അവതരിപ്പിക്കപ്പെട്ടത്. ലോകമെമ്പാടും ഇന്നു മതേതര കലണ്ടറായി ഇതാണ് ഉപയോഗിക്കുന്നത്. എട്ടാം നൂറ്റാണ്ടിൽ, ആംഗ്ലോ-സാക്സൺ ചരിത്രകാരനായ ബെഡെ വെനറബിൾ കർത്താവിന്റെ അവതാരത്തിനു മുമ്പുള്ള സമയം അല്ലെങ്കിൽ ക്രിസ്തുവിന് മുമ്പ് എന്ന ഇംഗ്ലീഷിന് തുല്യമായ ലാറ്റിൻ പദം ഉപയോഗിച്ചു. ഈ യുഗത്തിന്റെ ആദ്യ വർഷം. കാത്തലിക് എൻസൈക്ലോപീഡിയ പറയുന്നതനുസരിച്ച്, മാർപാപ്പമാർ പോലും ഭരണകാല വർഷങ്ങൾക്കനുസൃതമായി രേഖകളുടെ തീയതി തുടർന്നു. 11 മുതൽ 14 വരെ നൂറ്റാണ്ടുകളിൽ യൂറോപ്പിൽ ക്രമേണ എ.ഡി (അന്നോ ഡൊമിനി)യുടെ ഉപയോഗം സാധാരണമായിത്തീർന്നു.

## ആധുനിക കലണ്ടറുകൾ

ബാബിലോണിയർ, ഈജിപ്തുകാർ, റോമാക്കാർ തുടങ്ങിയ പുരാതന നാഗരികതകൾക്ക് നാം സമയം പറയുന്ന രീതിയിലും ഇന്ന് ഉപയോഗിക്കുന്ന ആധുനിക കലണ്ടറിലും വലിയ പങ്ക് വഹിക്കാനുണ്ടായിരുന്നു!

ഗ്രിഗോറിയൻ കലണ്ടർ ഇപ്പോൾ ലോകമെമ്പാടും മതേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾ, ജൂലിയൻ കലണ്ടർ, ഹീബ്രു കലണ്ടർ, ഇസ്ലാമിക് കലണ്ടർ, വിവിധ ഹിന്ദു കലണ്ടറുകൾ, സൊറോസ്ട്രിയൻ കലണ്ടർ മുതലായവ ഉൾപ്പെടെ വിവിധ മധ്യകാല, അല്ലെങ്കിൽ പുരാതന കലണ്ടറുകൾ മതപരമോ

....ശേഷം പേജ് 31-ൽ

www.malankaralibrary.com

# എനിക്കല്ലാത്തിനും സമയമുണ്ട്

ജീവിതം തിരക്കാണ്. ഒന്നിനും സമയമില്ലായെന്ന് ഭാവിക്കുകയും നടിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിനിടയിൽ ജീവിക്കുമ്പോൾ സമയത്തിന്റെ വില എന്തെന്നും ഈ സമയത്തെ എങ്ങനെ കണ്ടെത്തി അമൂല്യമായി ഉപയോഗപ്പെടുത്താമെന്നും വ്യക്തമായി പ്രതിപാദിക്കുകയാണ് ലേഖിക.



**ഷിജി ജോൺസൺ**
*മോട്ടിവേഷൻ ട്രെയിനർ*

ധനം സമ്പാദിക്കാനും സമൂഹത്തിൽ പ്രമുഖ സ്ഥാനം ഉറപ്പിക്കാനുമായി നെട്ടോട്ടമോടിയ ഒരു ചെറുപ്പക്കാരനുണ്ടായിരുന്നു. വേണ്ടതിലേറെ സമ്പാദിച്ചു കഴിഞ്ഞപ്പോൾ ഇനി കുറേനാൾ വിശ്രമജീവിതമായാലോ എന്ന ചിന്തയായി. മനസ്സിനേറെ സന്തോഷം തരുന്ന കുറേക്കാര്യങ്ങൾ ചെയ്യണമെന്നയാളുറപ്പിച്ചു. ആഗ്രഹിക്കുന്നതെന്തും നിറവേറ്റാനുള്ള ആസ്തിയും സാഹചര്യവുമുണ്ടിപ്പോൾ. പക്ഷേ, അന്നുരാത്രി, അയാളെത്തേടി മരണദൂതനെത്തി. പണമെത്ര വേണമെങ്കിലും തരാം, ഈ ഭൂമിയിലെ തന്റെ സമയം അല്പംകൂടി നീട്ടിത്തരുമോ, എന്ന ചെറുപ്പക്കാരന്റെ അഭ്യർഥന ദൂതൻ പരിഗണിച്ചില്ല. ഈ ഭൂമിയുടെ മനോഹാരിത ആസ്വദിക്കാനും നാളുകളായി താൻ മറന്നുകളഞ്ഞ തന്റെ കുടുംബത്തെയും സുഹൃത്തുക്കളെയുമൊക്കെ സ്നേഹിക്കാനും ഏതാനും ദിവസങ്ങൾക്കൂടി അനുവദിച്ചു കിട്ടുമോ എന്നതായിരുന്നു അയാളുടെ അഭ്യർഥന. അവസാനം, തനിക്കൊരു മരണക്കുറിപ്പെഴുതാനുള്ള സമയമെങ്കിലും തരുമോ എന്ന ദയനീയ യാചന ദൂതൻ ചെവിക്കൊണ്ടു. ചെറുപ്പക്കാരന്റെ കുറിപ്പ് ഇപ്രകാരമായിരുന്നു: "പ്രിയരേ, നിങ്ങൾക്കീ ഭൂമിയിൽ ലഭിക്കുന്ന സമയം വിവേകപൂർവം ഉപയോഗിക്കണം. കുന്നുപോലെ കൂട്ടിവച്ച സമ്പാദ്യംകൊണ്ടെനിക്ക് ആയുസിന്റെ ദൈർഘ്യം ഒരുദിവസംപോലും നീട്ടിയെടുക്കാനായില്ല. നിങ്ങളോരോരുത്തരും ഹൃദയമന്ത്രങ്ങൾ ശ്രദ്ധിക്കണം. ഓരോ നിമിഷത്തിന്റെയും വിലയറിഞ്ഞ്, സമയം വിവേകപൂർവം ഉപയോഗിക്കണം."

ഏതുമേഖലയിലുള്ളവരായാലും കുട്ടികൾ മുതൽ മുതിർന്നവർവരെ സ്ഥിരമായി പറയുന്നൊരു പല്ലവിയുണ്ട് 'ഒന്നിനും സമയമില്ല.' ഇന്ന് നമ്മുടെ യാത്രാസൗകര്യങ്ങളും ജീവിതനിലവാരവും ആശയവിനിമയോപാധികളും സ്വപ്നതുല്യമായി വികസിച്ചിട്ടുണ്ട്. അധ്വാനഭാരമൊക്കെ എത്രയോ കുറവായി! ലോകത്തിന്റെ ഏതുകോണിലുള്ളവരുമായും എപ്പോൾ വേണമെങ്കിലും നമുക്ക് സംവദിക്കാം, കൺമുമ്പിൽ കണ്ടുകൊണ്ടുതന്നെ.

രാത്രിയിൽ വേണ്ടത്ര ഉറങ്ങാത്തതോ, പ്രഭാതത്തിൽ നേരത്തെ ഉണരാത്തതോ കൃത്യമായ മുൻഗണനകളില്ലാതെ ജോലികൾ ചെയ്യാൻ ശ്രമിക്കുന്നതോ, ഒരേ സമയം പല കാര്യങ്ങളിൽ വ്യാപൃതരാകാൻ ശ്രമിക്കുന്നതോ– ആകാം, നമുക്ക് സമയം തികയാതെപോകുന്നത്. പ്രാധാന്യമില്ലാത്ത കാര്യങ്ങളോട് 'നോ' പറയാനുള്ള കഴിവുകേടും മറ്റൊരു കാരണമാണ്. ഒരുപകാരവുമില്ലാത്ത, വിഷയമെന്തെന്നുപോലുമോർക്കാത്ത ചില സംസാരവേളകളുടെ ദൈർഘ്യവും നമ്മുടെ സമയം നമ്മൾപോലുമറിയാതെ കവർന്നെടുക്കും.

സമയമില്ലായ്മയെക്കുറിച്ച് പറയുമ്പോൾ, റാൻഡിപോഷിനെ ഓർക്കാതിരിക്കുന്നതെങ്ങനെ? കാർണെജി മെല്ലൺ സർവകലാശാലയിലെ ഈ കമ്പ്യൂട്ടർ സയൻസ് പ്രൊഫസർക്ക് 46–ാമത്തെ വയസ്സിലാണ്

www.malankaralibrary.com

പാൻക്രിയാറ്റിക് കാൻസർ സ്ഥിരീകരിച്ചത്. 47–ാമത്തെ വയസ്സിലറിയുന്നു ഏതാനും മാസങ്ങൾകൂടി മാത്രമേ ആയുസ് ഉള്ളൂവെന്ന്. അതിനുശേഷം അദ്ദേഹം സമയത്തിന്റെ വിനിയോഗത്തെക്കുറിച്ചു നടത്തിയ പ്രഭാഷണം 'The Last Lecture' ലോകത്തെയാകെ ഇളക്കിമറിച്ചു. യുക്തിപൂർവം ഉപയോഗിച്ചില്ലെങ്കിൽ പെട്ടെന്നു തീർന്നുപോകുന്ന ഒരു വസ്തുവായി സമയത്തെ കാണാൻ അദ്ദേഹം ലോകത്തോടഭ്യർഥിച്ചു. നമ്മുടെ സമയം നമ്മുടെ സ്വന്തമാണെന്ന് തോന്നലുണ്ടെങ്കിലും അതുപോലും നാം വിചാരിക്കുന്നത്ര അളവിൽ നമുക്കില്ലെന്ന് മനസ്സിലാക്കുന്ന ഒരു സന്ദർഭം വരുമെന്നും അദ്ദേഹം ഓർമിപ്പിച്ചപ്പോൾ ലോകം കാതോർത്തു. ശരിയായ കാര്യങ്ങൾക്കു വേണ്ടിത്തന്നെയാണോ നാം സമയം വിനിയോഗിക്കുന്നതെന്ന ആത്മപരിശോധനയും നല്ലതുതന്നെ, എന്ന അഭിപ്രായവും റാൻഡിപോഷ് നമുക്ക് നേടിത്തന്നു.

എല്ലാവർക്കും 24 മണിക്കൂർ മാത്രമാണ് ഒരു ദിവസം ലഭിക്കുന്നത്. ചിലർക്ക് അത്രയും സമയം കൊണ്ട് എല്ലാം ചെയ്തുതീർക്കാം. പക്ഷേ, കൂടുതൽപേർക്കും ചെയ്യേണ്ടതിന്റെ പകുതിപോലും അത്രയും സമയത്തിൽ ചെയ്യാനാവുന്നില്ല. നമ്മുടെ താല്പര്യങ്ങൾ എവിടെയാണോ അവിടെയാണ് നമ്മുടെ സമയത്തിലേറെയും വിനിയോഗിക്കപ്പെടുക. ഓരോ ദിവസവും ചെയ്യാനുള്ള ജോലികൾക്ക് ടൈംടേബിൾ തയ്യാറാക്കണം. തലേന്നുതന്നെ ആയാൽ നന്ന്. രാവിലെ വേണമെങ്കിൽ അല്പം മാറ്റങ്ങൾ ആവാം. ജോലികൾക്കും വ്യായാമത്തിനും വിശ്രമത്തിനും ഫോൺ വിളിക്കാനും പ്രിയപ്പെട്ടവരോടൊപ്പമാകാനും രോഗീസന്ദർശനത്തിനും പ്രാർഥനയ്ക്കുമൊക്കെ സമയം കണ്ടെത്തണം. ഓരോന്നിനും കണക്കുണ്ടാകണം. ആറ്റിൽ കളഞ്ഞാലും അളന്നു കളയണമെന്നു പറയാറില്ലേ, അതുപോലെ. മനോരാജ്യം കാണാനും സമയം കണ്ടെത്താം. മറ്റുള്ളവരെക്കൂടെ നമ്മുടെ ജോലികൾക്കൊപ്പം കൂട്ടാം. മാതൃപിതൃ ശുശ്രൂഷയ്ക്കും സാധനങ്ങൾ വാങ്ങാനും വീട്ടുജോലികൾ ചെയ്യാനും മക്കളെയും ജീവിതപങ്കാളിയെയുമൊക്കെ കൂടെക്കൂട്ടുമ്പോൾ കൃത്യമായി ജോലികൾ തീരുന്നതിനൊപ്പം പരസ്പരബന്ധവും ഊഷ്മളമാകും. കുടുംബത്തോടും സുഹൃത്തുക്കളോടുമൊക്കെ ആരോഗ്യകരമായ ബന്ധങ്ങൾ കാത്തുസൂക്ഷിച്ചാൽ ജീവിതം മുഴുവൻ സന്തോഷപ്രദമാകും. ആരോടെങ്കിലുമൊക്കെ അകലം പാലിച്ചിട്ടുണ്ടെങ്കിൽ അടുപ്പത്തിലേക്കുള്ള ആദ്യചുവട് ഇപ്പോൾത്തന്നെയാകട്ടെ. വീട്ടിലോ, പുറത്തോ, കുടുംബ–സൗഹൃദകൂട്ടായ്മകൾക്ക് വേദി കണ്ടെത്തണം. വ്യായാമം ചെയ്യുന്നത് വീട്ടുകാർക്കൊപ്പമോ കൂട്ടുകാർക്കൊപ്പമോ ആകാം. ആവശ്യം കഴിഞ്ഞാലുടൻ ഫോൺ മാറ്റിവയ്ക്കാനോ, ലാപ്ടോപ് അടയ്ക്കാനോ, ടി.വി ഓഫ് ചെയ്യാനോ മടിക്കരുത്. കുടുംബത്തോടൊപ്പം ഒരു നേരത്തെയെങ്കിലും ഭക്ഷണം നിർബന്ധമാക്കാൻ സമയം കണ്ടെത്തണം. കുട്ടികൾക്ക് സർപ്രൈസുകൾ– സന്ദേശമായോ സമ്മാനമായോ സാന്നിധ്യമായോ നൽകാം. കുടുംബാംഗങ്ങൾ ചേർന്നുള്ള 'വായനാവേളകൾ' നന്നായിരിക്കും. ഓരോരുത്തരും അവരവർക്ക് യോജ്യമായ പുസ്തകങ്ങൾ വായിക്കാനും ഏറെ സ്പർശിച്ച കാര്യങ്ങൾ പങ്കുവയ്ക്കാനും ഈ സമയം പ്രയോജനപ്പെടുത്താം. കുടുംബകഥകളും കുട്ടികളുടെയും മുതിർന്നവരുടെയും പഴയകാല അനുഭവങ്ങളും പങ്കുവയ്ക്കാനും കുടുംബസദസുകളിലൂടെ സാധിക്കണം. ജീവിതം ഒരു മത്സരയോട്ടമായിക്കാണാതെ, കൂടെയുള്ളവരെ ചേർത്തുപിടിച്ച് ചെറുതും വലുതുമായ സന്തോഷങ്ങളും സങ്കടങ്ങളും പങ്കിട്ടും കടന്നുപോകുന്ന യാത്രയായി കരുതിയാൽ മതി.

സമയമാണ് ഏറ്റവും വലിയ ധനം. സമയവും അവസരവും ആരെയും കാത്തുനിൽക്കാറില്ല. ഒരിക്കൽ നഷ്ടമായ സമയവും അവസരവും വീണ്ടെടുക്കാനുമാവില്ല. സമയം പാഴാക്കരുത് എന്ന് പറയുന്നത് ജീവിതം പാഴാക്കരുത് എന്നു മാറ്റിവായിച്ചാൽ കാര്യം കുറെക്കൂടി ഗൗരവത്തിൽ മനസ്സിലാകും. ഏറെ സമയമുണ്ടല്ലോ എന്ന വിചാരംതന്നെ അബദ്ധമാണ്. സമയത്തെ നമ്മുടെ വരുതിയിലാക്കാൻ സാധിക്കുമോ എന്നു ചോദിച്ചാൽ സാധിക്കും എന്നുതന്നെയാണുത്തരം– കൃത്യമായ ധാരണയോടെ ചെലവാക്കണമെന്നുമാത്രം. കലഹങ്ങൾക്കും, ക്ഷമാപണങ്ങൾക്കും ഖേദങ്ങൾക്കും വേദനകൾക്കുംവേണ്ടി നൽകാൻ സാധിക്കാത്തവിധം ചുരുങ്ങിയതാണ് ജീവിതം. നാം ജീവിതത്തെ സ്നേഹിക്കുന്നു എങ്കിൽ സമയം പാഴാക്കരുത്. കാരണം, നാം ജീവിതം കെട്ടിപ്പടുക്കുന്നത് നമുക്കുള്ള വിലപ്പെട്ട സമയത്തിന്റെ ശരിയായ ഉപയോഗത്തിലൂടെയാണ്. ഏതു രീതിയിൽ നാം സമയം ചെലവഴിക്കണം എന്നതനുസരിച്ചാണ് നാം ആരാണെന്നു തീരുമാനിക്കപ്പെടുന്നതുതന്നെ.

എനിക്കൊന്നിനും സമയമില്ല എന്നതല്ല, എനിക്കെല്ലാത്തിനും സമയമുണ്ട് എന്നതാവട്ടെ നമ്മെ നയിക്കുന്ന ചിന്ത! ■

www.malankaralibrary.com

# യേശു ജനനവും ബാല്യവും



റവ. ഡോ. മൈക്കിൾ കാരിമറ്റം

**സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് കൂടാതെ യേശുവിന്റെ ജനനത്തെയും ബാല്യത്തെയുംകുറിച്ചുള്ള ചരിത്രപരമായ തെളിവുകളെ ആസ്പദമാക്കി ബൈബിൾ പണ്ഡിതനായ ലേഖകൻ പ്രതിപാദിക്കുന്ന സമഗ്രലേഖനത്തിന്റെ രണ്ടാം ഭാഗം.**

യേശുവിന്റെ ജനനത്തെയും ബാല്യകാലത്തെയും കുറിച്ച് മത്തായി, ലൂക്കാ സുവിശേഷകന്മാർ വിവരിക്കുന്നുണ്ട്. എന്നാൽ ഈ വിവരണങ്ങൾ തമ്മിൽ ഏറെ വ്യത്യാസങ്ങളുമുണ്ട്. വ്യത്യാസങ്ങൾക്ക് മുഖ്യകാരണം ഓരോ സുവിശേഷകനും ഊന്നൽ നൽകുന്ന പ്രമേയങ്ങളാണ്. യഹൂദർ തിരസ്കരിക്കുകയും വിജാതീയർ സ്വീകരിക്കുകയും ചെയ്ത, പ്രവാചകന്മാർ വഴി ദൈവം മുൻകൂട്ടി അറിയിച്ചിരുന്ന രക്ഷകനായ ക്രിസ്തുവാണ് യേശു എന്ന പ്രമേയത്തിന് മത്തായി ഊന്നൽ നൽകുന്നു. ലൂക്കായാകട്ടെ, ദരിദ്രരോട് താദാത്മ്യം പ്രാപിച്ച്, അവഗണിക്കപ്പെട്ടവർക്കും പാർശ്വവല്ക്കരിക്കപ്പെട്ടവർക്കും സദ്വാർത്തയായ, ദരിദ്രരെ സുവിശേഷം അറിയിക്കുന്ന, രക്ഷകനാണ് യേശു എന്ന പ്രമേയത്തിന് ഊന്നൽ നൽകുന്നു. ഈ ഊന്നലുകൾ തന്നെയാണ് അവർ തിരഞ്ഞെടുത്ത വിഷയങ്ങളിലും അവതരിപ്പിക്കുന്ന രീതിയിലുമുള്ള വ്യത്യാസങ്ങൾക്കു കാരണം.

വ്യത്യാസങ്ങൾ ഏറെ ഉണ്ടെങ്കിലും കേന്ദ്രവത്തായ കാര്യങ്ങളിൽ രണ്ടുപേരും യോജിക്കുന്നു. 1. ദൈവാത്മാവിന്റെ പ്രത്യേക പ്രവർത്തനംവഴി കന്യകയായ മറിയത്തിൽനിന്നാണ് യേശുവിന്റെ ജനനം. 2. മറിയത്തിന്റെ ഭർത്താവ് യൂദാ ഗോത്രത്തിലും ദാവീദിന്റെ വംശത്തിലും പെട്ടവനായിരുന്നു. 3. ബേത്‌ലെഹെമിലാണ് യേശു ജനിച്ചത്. മറ്റു വിശദാംശങ്ങൾ ഓരോ സുവിശേഷവും ഊന്നൽ നൽകുന്ന വിഷയങ്ങൾ അവതരിപ്പിക്കുന്നു.

## മത്തായി 1 – 2

അബ്രാഹത്തിനു ദൈവം നൽകിയ വാഗ്ദാനത്തിന്റെ (ഉത്പ 12:1-3; 15:4-18) പൂർത്തീകരണമാണ് യേശു എന്ന രക്ഷകൻ. ഇത് എടുത്തുകാട്ടുന്നതാണ് സുവിശേഷത്തിന്റെ തുടക്കത്തിൽത്തന്നെ അവതരിപ്പിച്ചിരിക്കുന്ന വംശാവലി. "അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലി ഗ്രന്ഥം" (മത്താ 1:1) എന്നാണ് മത്തായി സുവിശേഷത്തെ വിശേഷിപ്പിക്കുന്നത്. അബ്രാഹത്തിനു നൽകിയ വാഗ്ദാനം സാർവത്രിക രക്ഷയെ സൂചിപ്പിക്കുമ്പോൾ ദാവീദിനെക്കുറിച്ചുള്ള പരാമർശം യേശുവിനെ രക്ഷകനും രാജാവുമായി ചിത്രീകരിക്കുന്നു (2 സാമു 7:12-16). ഈ വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണ് ദാവീദുവംശജനായ ജോസഫിന്റെ മകനായി അറിയപ്പെട്ടിരുന്ന യേശു. ജോസഫ് യേശുവിന്റെ ശാരീരിക പിതാവല്ല; അതേസമയം യേശുവിന്റെ അമ്മയായ മറിയത്തിന്റെ നിയമാനുസൃത ഭർത്താവാകയാൽ അവളിൽനിന്നു ജനിക്കുന്ന ശിശു നിയമത്തിന്റെ മുമ്പിൽ, ജോസഫിന്റെ മകനാണ്. ഈ സത്യത്തിനാണ് ജോസഫിന്റെ ഉത്കണ്ഠകളും സ്വപ്നത്തിൽ ലഭിക്കുന്ന ദൈവിക അരുളപ്പാടുകളും ഊന്നൽ നൽകുന്നത്.

യഹൂദർ പ്രതീക്ഷിച്ചിരുന്നവനെങ്കിലും അവന്റെ ജനനവാർത്ത അറിയുമ്പോൾ രാജാവും ജനങ്ങളും അസ്വസ്ഥരാകുന്നു; രാജശിശുവിനെ വധിക്കാൻ ഗൂഢാലോചനകൾ നടത്തുന്നു. പിന്നീട് യഹൂദനേതൃത്വം ഒന്നടങ്കം യേശുവിനോടു സ്വീകരിച്ച നിലപാടിന്റെ ഒരു മുൻസൂചനയാണിത്. എന്നാൽ വിജാതീയർ ദൈവത്തിൽനിന്നു ലഭിച്ച അടയാളത്തെ അനുഗമിച്ച് രക്ഷകനെ തേടി ബേത്‌ലെഹെമിൽ എത്തുന്നു; അവനെ ആരാധിക്കുന്നു; സംതൃപ്തരായി തിരിച്ചു പോകുന്നു. യഹൂദർ തിരസ്കരിക്കുകയും വിജാതീയർ സ്വീകരിക്കുകയും ചെയ്ത രക്ഷകൻ.

www.malankaralibrary.com



ഈജിപ്തിലേക്കുള്ള പലായനവും തിരിച്ചുവരവും ദൈവശാസ്ത്രപരമായൊരു പ്രമേയം അവതരിപ്പിക്കുന്നു. ദൈവം ഇസ്രായേൽജനത്തെ സ്വന്തം ആദ്യജാതനായി സ്വീകരിച്ച്, ഈജിപ്തിലെ അടിമത്തത്തിൽ നിന്നും മോചിപ്പിച്ച്, വാഗ്ദത്ത ഭൂമിയിലേക്കു നയിച്ചതിന്റെ അനുസ്മരണവും പുനരാവർത്തനവുമാണ് യേശുവിന്റെ ഈജിപ്തിൽനിന്നുള്ള മടങ്ങിവരവ്. "ഈജിപ്തിൽ നിന്ന് ഞാൻ എന്റെ പുത്രനെ വിളിച്ചു എന്നു പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്തതു പൂർത്തിയാകാനാണിതു സംഭവിച്ചത്" (മത്താ 2:15) എന്നു രേഖപ്പെടുത്തുന്നതിലൂടെ സുവിശേഷകൻ തന്നെ ഇക്കാര്യം അനുസ്മരിപ്പിക്കുന്നു.

നസ്രത്തിലാണ് യേശു ജീവിച്ചതും വളർന്നതും എന്ന് മത്തായിയും സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതും "ഒരു പ്രവചനത്തിന്റെ പൂർത്തീകരണമായിരുന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു"(മത്താ 2:23). പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ കന്യകാമറിയത്തിൽനിന്നു ജനിച്ച്, ബേത്‌ലെഹെമിൽ പിറന്ന്, മരപ്പണിക്കാരനായ ജോസഫിന്റെ മകനായി നസ്രത്തിൽ വളർന്ന ദൈവപുത്രനും രക്ഷകനുമാണ് യേശുക്രിസ്തു. ഇതാണ് ബാല്യകാല സുവിശേഷത്തിൽ മത്തായി അവതരിപ്പിക്കുന്ന ചിത്രം.

## ലൂക്കാ 1-2

സുപ്രധാന കാര്യങ്ങളിൽ ഐക്യമുണ്ടെങ്കിലും ലൂക്കാ അവതരിപ്പിക്കുന്ന യേശുവിന്റെ ജനന-ബാല്യകാല ചിത്രം മത്തായിയുടേതിൽനിന്ന് ഏറെ വ്യത്യസ്തമാണ്. മത്തായി ജോസഫിനു പ്രാധാന്യം നൽകുമ്പോൾ ലൂക്കായുടെ വിവരണത്തിൽ മറിയത്തിനാണ് മുഖ്യസ്ഥാനം. യേശു ജനിച്ചത് കന്യകയിൽ നിന്നാണെന്നും അത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലവും പ്രവചനങ്ങളുടെ പൂർത്തീകരണവുമാണെന്നും ദൈവദൂതൻവഴി നൽകുന്ന ദൈവിക അരുളപ്പാടായി ലൂക്കാ ചിത്രീകരിക്കുന്നു.

ലൂക്കായുടെ വിവരണമനുസരിച്ച് ജോസഫും മറിയവും നസ്രത്തിലാണ് വസിച്ചിരുന്നത്. രാജകല്പന പ്രകാരം ജനസംഖ്യ കണക്കെടുപ്പിനുവേണ്ടിയാണ് ജോസഫ് തന്റെ പൂർവപിതാവ് ദാവീദിന്റെ പട്ടണമായ ബേത്‌ലെഹെമിലേക്കു വരുന്നത്. പിറക്കാൻ ഇടം കിട്ടാത്തതിനാൽ കന്നുകാലികൾ രാപ്പാർക്കുന്ന ഗുഹയിൽ പ്രസവം, തണുത്ത് മരവിക്കാതിരിക്കാൻ കുഞ്ഞിനെ പിള്ളക്കച്ചകൊണ്ടുപൊതിഞ്ഞ് ഗുഹയിൽ അല്പം ചൂടുള്ള ഇടമായ പുൽത്തൊട്ടിയിൽ കിടത്തൽ, പട്ടണത്തിനുപുറത്ത് രാത്രി ആടുകൾക്ക് കാവലിരിക്കുന്ന ഇടയന്മാർക്ക് ലഭിക്കുന്ന ദൈവദൂതദർശനം, സന്ദേശം, ഇടയന്മാരുടെ ദർശനം, സുവിശേഷപ്രഘോഷണം തുടങ്ങിയവയെല്ലാം ലൂക്കാ മാത്രം രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളാണ്. ഇവയെല്ലാംതന്നെ 'ദരിദ്രർക്ക് സദ്വാർത്ത' എന്ന മുഖ്യപ്രമേയത്തിന് ഊന്നൽ നൽകുന്നു.

ശിശുവിനെ ദൈവാലയത്തിൽ സമർപ്പിക്കുമ്പോൾ നൽകുന്ന ദരിദ്രരുടെ കാണിക്കയും ശിമയോന്റെ പ്രവചനവും ഹന്നായുടെ കീർത്തനവും എല്ലാം ലൂക്കാ നൽകുന്ന ദൈവശാസ്ത്രപരമായ ഊന്നലുകളുടെ ഭാഗമാണ്. ചരിത്രത്തിൽ ചുവടുറപ്പിച്ച്, സംഭവങ്ങൾ വിവരിക്കുമ്പോൾ അവയിലൂടെ ദൈവം നൽകുന്ന സന്ദേശം എന്തെന്ന് വ്യക്തമാക്കാൻ സുവിശേഷകൻ ശ്രമിക്കുന്നു. അപ്പോൾ ചരിത്രസംഭവങ്ങൾ യഥാതഥം, നാൾവഴി ക്രമത്തിൽ അവതരിപ്പിച്ചെന്നുവരില്ല. അതാണ് സുവിശേഷങ്ങൾ തമ്മിൽ വ്യത്യാസങ്ങളുണ്ടാകാൻ ഒരു കാരണം.

## നസ്രത്ത്- ബേത്‌ലെഹെം- ഈജിപ്ത്

ലൂക്കായുടെ വിവരണമനുസരിച്ച് യേശുവിന്റെ മാതാപിതാക്കളായ ജോസഫും മറിയവും നസ്രത്തിലാണ് താമസിച്ചിരുന്നത്. ഗലീലിയിലെ അറിയ

www.malankaralibrary.com

പ്പെടാത്ത ഒരു ചെറിയ ഗ്രാമമായിരുന്നു നസ്രത്ത്. അവിടെനിന്ന് ബേത്‌ലെഹെമിലേക്ക് 144 കിലോമീറ്റർ ദൂരമുണ്ട്. സാധാരണഗതിയിൽ ഏകദേശം ഒരാഴ്ച വേണ്ടിവരും ഈ ദൂരം യാത്രചെയ്യാൻ.

ദാവീദിന്റെ നഗരം എന്നാണ് ബേത്‌ലെഹെം അറിയപ്പെടുന്നത്. ദാവീദിന്റെ പുത്രനായ രക്ഷകൻ ജനിക്കുന്നത് ആ പട്ടണത്തിലായിരിക്കും എന്ന പ്രവചനം (മിക്കാ 5:2) പൂർത്തിയാക്കുന്നതാണ് യേശുവിന്റെ ജനനം. ബേത്‌ലെഹെമും ജറുസലെമും തമ്മിൽ ഏഴു കിലോമീറ്റർ ദൂരമുണ്ട്. 40-ാം ദിവസം ശിശുവിനെ ദൈവാലയത്തിൽ സമർപ്പിക്കുന്നതുവരെ മാതാപിതാക്കൾ ബേത്‌ലെഹെമിൽ താമസിച്ചു എന്ന പ്രതീതിയാണ് ലൂക്കായുടെ വിവരണങ്ങൾ നൽകുന്നത്. അതിനുശേഷം അവർ സ്വന്തം നാടായ നസ്രത്തിലേക്കു മടങ്ങിപ്പോവുകയും ചെയ്തു. വളരെ ലളിതവും സ്വാഭാവികവുമായ വിവരണമാണ് ലൂക്കായുടേത്. എന്നാൽ ഇതിൽ നിന്ന് ഏറെ വ്യത്യസ്തമാണ് മത്തായി നൽകുന്ന വിവരണം.

മത്തായി എഴുതിയ സുവിശേഷം മാത്രം വായിച്ചാൽ യേശുവിന്റെ മാതാപിതാക്കൾ ബേത്‌ലെഹെമിലാണ് വസിച്ചിരുന്നത് എന്നുതോന്നും. സ്വപ്നത്തിൽ കിട്ടിയ സന്ദേശമനുസരിച്ച് രാത്രിയിൽ എണീറ്റ് അവർ ഈജിപ്തിലേക്ക് പലായനം ചെയ്തു. ഇവിടെ എന്താണ് ഈജിപ്തിന്റെ പ്രാധാന്യം, ബേത്‌ലെഹെമിൽ നിന്ന് ഈജിപ്തിലേക്ക് എത്ര ദൂരമുണ്ട് എന്ന ചോദ്യങ്ങൾ ഉയരും.

ഈജിപ്ത് ഒരു രാജ്യമാണ്. ഹേറോദേസ് രാജാവിന്റെ ഭരണാതിർത്തിക്കു പുറത്തും അതേസമയം റോമൻ ആധിപത്യത്തിൻ കീഴിലുമായിരുന്നു ഈജിപ്ത്. അതിനാൽ ഹേറോദേസിൽനിന്ന് രക്ഷപെടാൻ ഈജിപ്തിലേക്കുപോയതും മനസ്സിലാക്കാൻ കഴിയും. എന്നാൽ ഈജിപ്തിൽ എവിടെ എന്ന ചോദ്യത്തിന് ഉത്തരം കിട്ടുക എളുപ്പമല്ല.

ബി.സി 332-ൽ അലക്സാണ്ടർ ചക്രവർത്തി ഇസ്രായേലും ഈജിപ്തും കീഴടക്കി ഒരേ ഭരണത്തിൻ കീഴിലാക്കിയതോടെ അനേകം ഇസ്രായേൽക്കാർ ഈജിപ്തിന്റെ പല ഭാഗങ്ങളിലേക്കു കുടിയേറി പാർത്തിരുന്നു. ഈജിപ്തിലെ പ്രധാന തുറമുഖനഗരമായ അലക്സാണ്ട്രിയാ (Alexandria)യിൽ യഹൂദരുടെ വലിയൊരു കോളനി ഉണ്ടായിരുന്നു. അതിനാൽ മരപ്പണിക്കാരനായ ജോസഫ് അങ്ങോട്ടാണ് പലായനം ചെയ്തത് എന്നു കരുതുന്നവരുണ്ട്. ബേത്‌ലെഹെമിൽനിന്ന് അലക്സാണ്ട്രിയായിലേക്ക് കരവഴി 480 കിലോമീറ്റർ ദൂരമുണ്ട്, ഏതാണ്ട് രണ്ടാഴ്ചകൊണ്ട് ചെന്നെത്താൻ കഴിയുന്ന ദൂരം. മറ്റൊരു സാധ്യത കടൽവഴിയാണ്. ബേത്‌ലെഹെമിൽനിന്ന് 60 കി.മീ വടക്കുപടിഞ്ഞാറുള്ള യാഫാ തുറമുഖത്തേക്ക് കാൽനടയായി യാത്ര ചെയ്യുക. തുടർന്ന് രണ്ടുദിവസത്തെ കപ്പൽയാത്ര. 280 കി.മീ അകലെയുള്ള അലക്സാണ്ട്രിയായിലെത്താം. അവിടെ ജോലികിട്ടാൻ കൂടുതൽ സാധ്യതയുണ്ട്. ജ്ഞാനികൾ നൽകിയ സമ്മാനം കൈവശമുണ്ടായിരുന്നതിനാൽ യാത്രാക്കൂലി പ്രശ്നമായിരുന്നില്ല. ഇതാണ് ഒരു സാധ്യത.

കാൽനടയായിത്തന്നെ അവർ യാത്ര ചെയ്തിരുന്നുവെന്നും ഈജിപ്തിലെ പല സ്ഥലങ്ങളിലും ദിവസങ്ങളോ മാസങ്ങളോ ചിലവഴിച്ചു എന്നും കരുതുന്നവരാണ് കൂടുതൽ പേരും. ഇരുപത്താറു കേന്ദ്രങ്ങളിൽ അവർ താമസിച്ചിരുന്നതായി കരുതപ്പെടുന്നു. അവിടെയെല്ലാം പിൽക്കാലത്ത് ദൈവാലയങ്ങൾ നിർമിച്ചിരുന്നു.

ഇതെല്ലാംതന്നെ മൂന്നും നാലും നൂറ്റാണ്ടുകളിൽ എഴുതപ്പെട്ട അപ്രാമാണിക സുവിശേഷങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള നിഗമനങ്ങളാണ്. അതിനാൽ എത്രമാത്രം വിശ്വസനീയമാണീ വിവരങ്ങൾ എന്ന കാര്യത്തിൽ തർക്കമുണ്ട്. രക്ഷകനെ സംബന്ധിച്ച പ്രവചനങ്ങളെല്ലാം യേശുവിൽ പൂർത്തിയായി എന്ന് സ്ഥാപിക്കുകയാണ് മത്തായി ഈ വിവരണങ്ങൾവഴി ലക്ഷ്യംവയ്ക്കുന്നത്, ചരിത്രവും ഭൂമിശാസ്ത്രവും പഠിപ്പിക്കലല്ല. ഇതുതന്നെയാണ് ശിശുവധത്തെക്കുറിച്ചും പറയാനുള്ളത്.

## ജ്ഞാനികളുടെ സന്ദർശനം

"ഹേറോദേസ് രാജാവിന്റെ ഭരണകാലത്ത് യൂദയായിലെ ബേത്‌ലെഹെമിൽ യേശു ജനിച്ചപ്പോൾ പൗരസ്ത്യദേശത്തുനിന്ന് ജ്ഞാനികൾ ജറുസലെമിലെത്തി" (മത്താ 2:1). അവർ എത്രപേരുണ്ടായിരുന്നു, അവർ ഏതു നാട്ടുകാരായിരുന്നു എന്നൊന്നും സുവിശേഷകൻ പറയുന്നില്ല. കിഴക്കുനിന്നുവന്നവരാണവർ. അവരെ വഴി നയിച്ചത് കിഴക്കുദിച്ച നക്ഷത്രമാണ്. നക്ഷത്രം കിഴക്കുനിന്ന് പടിഞ്ഞാറോട്ട് അവരെ നയിച്ചു. ജറുസലെമിൽ വന്നപ്പോൾ അവർക്കു വഴി തെറ്റി. രാജശിശുവിനെ തേടി, സ്വാഭാവികമായും അവർ രാജകൊട്ടാരത്തിലെത്തി. പിന്നീട് നക്ഷത്രം തന്നെ അവരെ വഴിനയിച്ച് ബേത്‌ലെഹെമിൽ, രക്ഷകശിശുവിന്റെ സവിധത്തിൽ എത്തിച്ചു.

മെൽക്കിയോർ, കാസ്പർ, ബൽത്താസർ എന്ന മൂന്ന് രാജാക്കന്മാരായിരുന്നു അവരെന്നതും അവരുടെ കുടുംബങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങളു

www.malankaralibrary.com

മെല്ലാം പിൽക്കാല പാരമ്പര്യത്തിന്റെ സൃഷ്ടിയാണ്. അവർ പിന്നീട് ക്രിസ്തുവിശ്വാസികളും രക്തസാക്ഷികളുമായെന്നും പാരമ്പര്യങ്ങൾ സാക്ഷിക്കുന്നു. അവരുടേതെന്നു വിശ്വസിക്കുന്ന ശവകുടീരങ്ങൾ ജർമനിയിൽ കൊളോണിലെ ദൈവാലയത്തിൽ കാണാം.

ഈ വിവരണംവഴി മത്തായി സുവിശേഷകൻ എടുത്തുകാട്ടാൻ ആഗ്രഹിക്കുന്ന കാര്യം വ്യക്തമാണ്. വിജാതീയ പ്രവാചകനായ ബാലാമിന്റെ പ്രവചനങ്ങൾ (സംഖ്യ 23-24) യേശുവിൽ പൂർത്തിയായി. പ്രത്യേകിച്ചും "ഞാൻ അവനെ കാണുന്നു, എന്നാൽ ഇപ്പോഴല്ല; ഞാൻ അവനെ ദർശിക്കുന്നു, എന്നാൽ അടുത്തല്ല. യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും, ഇസ്രായേലിൽനിന്ന് ഒരു ചെങ്കോൽ ഉയരും, അത് മൊവാബിന്റെ നെറ്റിത്തടം തകർക്കും, ഷേത്തിന്റെ പുത്രന്മാരെ സംഹരിക്കുകയും ചെയ്യും" (സംഖ്യ 24:17) എന്ന പ്രവചനം. സമാന്തരമായി ഉപയോഗിച്ചിരിക്കുന്ന നക്ഷത്രവും ചെങ്കോലും രാജത്വത്തിന്റെ അടയാളങ്ങളാണ്. മൊവാബും ഷേത്തും ദൈവജനത്തിന്റെ ശത്രുക്കളുടെ, അഥവാ തിന്മയുടെ പ്രതീകങ്ങളും.

പ്രകൃതിയിലെ ചില പ്രതിഭാസങ്ങളിലൂടെ ദൈവം നൽകിയ അടയാളങ്ങൾ സത്യാന്വേഷികളായ വിജാതീയ ജ്ഞാനികളെ രക്ഷകന്റെ അടുക്കലെത്തിച്ചു. എന്നാൽ നൂറ്റാണ്ടുകളായി ദൈവജനമെന്നറിയപ്പെടുകയും അനേകം പ്രവചനങ്ങൾ സ്വീകരിക്കുകയും ചെയ്ത ഇസ്രായേൽ ജനം രക്ഷകനെ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു. മാത്രമല്ല, പ്രവചനങ്ങളുടെ പൂർത്തീകരണമായി വന്നവനെ വധിക്കാൻ ശ്രമിക്കുകയും ചെയ്തു. യേശുവിനെ മരണത്തിനു വിധിച്ച് ഏൽപ്പിച്ചുകൊടുക്കുകയും, കല്ലറയ്ക്കു മുദ്രവച്ചു കാവൽ നിൽക്കുകയും, കല്ലറ തുറന്നപ്പോൾ കൈക്കൂലി കൊടുത്ത് കാവൽക്കാരെകൊണ്ടു നുണപറയിക്കുകയും ചെയ്യുന്നതുവരെ എത്തിനിൽക്കുന്ന പരാജയം.

## ശിശുഹത്യ

ദൈവിക വാഗ്ദാനങ്ങളെ അടിസ്ഥാനമാക്കി, നൂറ്റാണ്ടുകളായി ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്നതാണ് ദാവീദിന്റെ പുത്രനായി ജനിക്കാൻപോകുന്ന ഇസ്രായേലിന്റെ രാജാവും ലോകരക്ഷകനുമായ ക്രിസ്തുവിനെ. എന്നാൽ അവൻ ജനിച്ചിരിക്കുന്നു എന്ന വാർത്ത ഹേറോദേസ് രാജാവിനെയും ജനത്തെയും അസ്വസ്ഥരാക്കി. മിക്കാ 5:2 ന്റെ വെളിച്ചത്തിൽ ബേത്‌ലെഹെമിലാണ് രക്ഷകൻ ജനിക്കുക എന്ന് മനസ്സിലാക്കിയ ഹേറോദേസ് രാജാവ്, ജ്ഞാനികൾ വഴി ദിവ്യശിശുവിനെ കണ്ടെത്താൻ കഴിയാതെ വന്നപ്പോൾ "ബേത്‌ലെഹെമിലെയും സമീപപ്രദേശങ്ങളിലെയും രണ്ടും അതിൽ താഴെയും വയസ്സുള്ള എല്ലാ ആൺകുട്ടികളെയും ആളയച്ചു വധിച്ചു" (മത്താ 2:16).

ഇപ്രകാരം ഒരു സംഭവത്തിനു ചരിത്രരേഖകൾ ഒന്നും അടിസ്ഥാനമായില്ല. എന്നാലും ഹേറോദേസിന്റെ സ്വഭാവവും പ്രവർത്തനശൈലിയും പരിഗണിക്കുമ്പോൾ ഇതു സാധ്യമായിരുന്നു എന്നു കാണാം. തനിക്ക് അർഹതയില്ലാത്ത സിംഹാസനത്തിലാണ് താൻ ഇരിക്കുന്നതെന്നും ഏതുസമയത്തും അത് നഷ്ടപ്പെട്ടേക്കാമെന്നും ഹേറോദേസ് ഭയന്നിരുന്നു. അതിനാൽ തന്റെ സ്ഥാനം പിടിച്ചെടുക്കാൻ സാധ്യതയുണ്ടെന്ന് കരുതിയ സകലരെയും വധിക്കാൻ അയാൾ മടിച്ചില്ല. സ്വന്തം ഭാര്യയും ഭാര്യാസഹോദരനും സ്വന്തം മക്കൾപോലും ഇപ്രകാരം കൊല്ലപ്പെട്ടവരുടെ ഗണത്തിൽപെടും. മരിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കുമുമ്പാണ് തന്റെ ആദ്യജാതനും കിരീടാവകാശിയുമായ അന്തിപ്പാത്തറിനെ ഹേറോദേസ് വധിച്ചത്. അതിനാൽ സുവിശേഷകൻ വിവരിക്കുന്ന ശിശുവധം വെറും ഒരു കെട്ടുകഥയായി തള്ളിക്കളയാനാവില്ല.

ഈ സംഭവത്തിലും ഒരു പ്രവചന പൂർത്തീകരണം സുവിശേഷകൻ കാണുന്നുണ്ട്. "ഇങ്ങനെ ജറെമിയാ പ്രവാചകൻവഴി അരുളിച്ചെയ്യപ്പെട്ടതു പൂർത്തിയായി. റാമായിൽ ഒരു സ്വരം, വലിയ കരച്ചിലും മുറവിളിയും. റാഹേൽ സ്വസന്താനങ്ങളെക്കുറിച്ച് കരയുന്നു. അവളെ സാന്ത്വനപ്പെടുത്തുക അസാധ്യം. എന്തെന്നാൽ, അവൾക്കു സന്താനങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു" (മത്താ 2:17-18).

യാത്രാമധ്യേ മരിച്ച റാഹേലിനെ അടക്കിയ സ്ഥലമാണ് 'ബേത്‌ലെഹെം എന്നറിയപ്പെടുന്ന എഫ്രാത്ത' (ഉത്പ 35:19,48:7). ബി.സി 8-ാം നൂറ്റാണ്ടിൽ അസീറിയാ വടക്കൻരാജ്യമായ ഇസ്രായേലിനെയും 6-ാം നൂറ്റാണ്ടിൽ ബാബിലോൺ തെക്കൻരാജ്യമായ യൂദായെയും കീഴടക്കി നശിപ്പിച്ച് അനേകരെ പ്രവാസികളായി പിടിച്ചുകൊണ്ടുപോയതിന്റെ ഓർമയാണ് റാഹേലിന്റെ വിലാപത്തിൽ പ്രതിധ്വനിക്കുന്നത്. ഇസ്രായേൽ ചരിത്രത്തിൽ ഊന്നിയ ജറെമിയായുടെ ഈ വാക്കുകൾ യേശുവിന്റെ ജനനത്തോടനുബന്ധിച്ചു പൂർത്തിയായ ഒരു പ്രവചനമായി മത്തായി വ്യാഖ്യാനിക്കുന്നു.

***(തുടരും)***

www.malankaralibrary.com

# തമസ്കരിക്കേണ്ടത് തമസ്കരിക്കണം സ്വീകരിക്കേണ്ടത് സ്വീകരിക്കണം

വ്യത്യസ്ത മതവിഭാഗങ്ങളും ഭാഷക്കാരും കുടിയേറ്റക്കാരുമൊക്കെ ഉൾപ്പെട്ട ഒരു സാംസ്കാരിക ചരിത്രമാണ് ഭാരതത്തിന്റേത്. ആരെയെങ്കിലും പുറത്താക്കിക്കൊണ്ടുള്ള ഇന്ത്യയെക്കുറിച്ച് ചരിത്രാവബോധമുള്ളവർക്കാർക്കും ചിന്തിക്കാനാവില്ല. ചരിത്രം തിരുത്തപ്പെടുന്ന പശ്ചാത്തലത്തിൽ പ്രശസ്ത ചരിത്രകാരനും ഡൽഹി JNU ചരിത്രവിഭാഗം പ്രൊഫസറുമായ ഡോ. പയസ് മലേകണ്ടത്തിലുമായി കാരുണികൻ നടത്തിയ സംഭാഷണ പരമ്പരയുടെ അവസാന ഭാഗം.



റവ. ഡോ. പയസ്
മലേക്കണ്ടത്തിൽ
*വികാരി ജനറൽ, കോതമംഗലം രൂപത*

**? ചരിത്രം തിരുത്തലുകൾക്കു ശേഷം നിരോധനങ്ങൾ ഉണ്ടാകുമല്ലോ. നിരവധി പുസ്തകങ്ങളും ചരിത്ര രേഖകളും നിരോധിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യാം. അല്ലേ?**

ചരിത്രം തിരുത്തലുകളെന്നു പറയുന്നത് ഭരിക്കുന്ന പാർട്ടിക്ക് വിധേയപ്പെടുത്തുന്ന വിധത്തിൽ ഇന്നലെകളെ മാറ്റുക എന്നാണ്. അവരുടെ ലക്ഷ്യം നേടത്തക്കവിധത്തിൽ ഇന്നലെകളെ പുനർനിർവചിക്കുക എന്നാണർഥം. അങ്ങനെയുള്ള തിരുത്തലുകൾ എത്ര സാധിക്കുമെന്നറിയില്ല. ടെക്സ്റ്റുബുക്കുകളിലാണ് അത് പ്രധാനമായും സാധിക്കുക. ന്യൂ എജ്യൂക്കേഷൻ പോളിസിക്ക് അകത്തുള്ള കോമൺ സിലബസ് ഒരു അപായം സൂചിപ്പിക്കുന്നുണ്ട്. മുഴുവൻ അതാണെന്ന് പറയുന്നില്ല. ഒരു കോമൺ സിലബസ് ഒരു ഹോമോജെനൈസേഷൻ, സ്റ്റാൻഡേഡൈസേഷൻ കൊണ്ട് ഒരേ രീതിയിലാണ് ഇന്നലെകളെ മനസ്സിലാക്കപ്പെടേണ്ടതെന്നുള്ള അവസ്ഥ വരുന്നുണ്ടെങ്കിൽ അത് തെറ്റുതന്നെയാണ്. 29 അധ്യാപകരുണ്ടെങ്കിൽ 29 വിധത്തിലാണ് ചരിത്രം മനസ്സിലാക്കപ്പെടുക. കാരണം അവർ സ്വീകരിക്കുന്ന സങ്കേതങ്ങൾ, ബോധനരീതികൾ, ഉറവിടങ്ങൾ, സമീപനരീതികൾ ഒക്കെ വ്യത്യസ്തങ്ങളായിരിക്കും. വ്യത്യസ്ത രീതിയിലുള്ള ആഖ്യാനങ്ങളും വ്യത്യസ്തമായ വായനകളുമാണ് അപ്പോൾ ഉണ്ടാവുക . ഈ വ്യത്യസ്തമായ വായനകളാണ് യാഥാർഥ്യത്തെ വിവിധ കോണുകളിലൂടെ കാണാൻ നമ്മളെ സഹായിക്കുക. വ്യത്യസ്തമായ വായനകളും വ്യത്യസ്തമായ സമീപനങ്ങളും എല്ലാത്തിനും ആവശ്യമാണ്. ഉദാഹരണത്തിന് ഒരു മൊബൈൽ ഫോണിനെ വ്യത്യസ്ഥമായ രീതിയിൽ നോക്കി കാണാനാവും. ഒരുവശം മാത്രം നോക്കിയാൽ അതൊരു സ്റ്റെന്റർ പാർട്ടാണെന്നു തോന്നും. അത് നാലുവശത്തുകൂടെ കാണുമ്പോൾ മാത്രമാണ്, കാണാൻ മാത്രമുള്ള ഡിസ്റ്റൻസും ക്ലാരിറ്റിയും വിസിബിലിറ്റിയും കിട്ടുമ്പോഴാണ് മൊബൈൽ ഫോണെന്നുപറയുന്നത്, വെറുമൊരു ചതുരം മാത്രമല്ല അതിനകത്ത് ഒത്തിരിയേറെ ഇലക്ട്രോണിക് നെറ്റ്വർക്കുകളുണ്ടെന്ന് മനസ്സിലാകുകയും അതാണ് ശബ്ദത്തെ തരംഗമാക്കി മാറ്റുന്നതെന്നുള്ള മെസ്സേജൊക്കെ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. അപ്പോൾ ഒരുവിധത്തിൽ മാത്രം കാര്യങ്ങളെ കാണാൻപാടില്ല. വ്യത്യസ്തമായ വിധ

www.malankaralibrary.com

ത്തിൽ കാര്യങ്ങളെ കാണാൻ സാധിക്കുമ്പോൾ യാഥാർത്ഥ്യത്തെ അതിന്റെ പൂർണബോധ്യത്തിൽ മനസ്സിലാക്കാനുള്ള സാധ്യതകൾ കൂടുന്നുവെന്നുള്ളതാണ്. അപ്പോൾ ബഹുസ്വരത യാഥാർത്ഥ്യത്തെ എളുപ്പത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്നതാണ്. ഞാൻ സൂചിപ്പിച്ചുവരുന്നത് നമുക്ക് ഒറ്റരീതിയിലുള്ള ചരിത്രം മതി എന്ന ചിന്ത ശരിയല്ല എന്നുള്ളതാണ്. ഒരു പരിധിവരെ ഈ സ്റ്റാൻഡേർഡൈസേഷൻ 12-ാം ക്ലാസ്സുവരെയൊക്കെ നടക്കും. പക്ഷേ, അത് സ്റ്റേറ്റ് ഇങ്ങനെയൊക്കെ മനസ്സിലാക്കിയാൽ മതിയെന്നു പറയുന്ന ഒരു ഭാഗംകൂടെയാണ്. അടുത്ത ഭരണകർത്താക്കൾ വരുമ്പോൾ അതൊക്കെ മാറ്റുന്നു. അങ്ങനെ മാറ്റപ്പെടാവുന്നതാണോ ചരിത്രം? എല്ലാവർക്കും സ്വീകാര്യമായ വിധത്തിൽ തന്നെയാണ് ചരിത്രം പോകേണ്ടത്. ഭരിക്കുന്ന പാർട്ടിയുടെ ഇംഗിതങ്ങൾക്കനുസരിച്ച് മാറ്റപ്പെടേണ്ടതല്ല ചരിത്രം. അങ്ങനെ ചരിത്രം പകർത്തപ്പെട്ടു പോകുകയാണെങ്കിൽ ഉണ്ടാകുന്ന പ്രത്യേകത എന്നുപറയുന്നത് സ്വാഭാവികമായും വേറെ പലതും തെറ്റായി മനസ്സിലാക്കിപ്പോകും എന്നുള്ളതാണ്. അവിടെ distorted version അല്ലെങ്കിൽ distorted perception ആണ് ഉണ്ടാകുന്നത്. കുട്ടികൾക്ക് യാഥാർത്ഥ്യത്തിന്റേതായ അവസ്ഥയിൽ മനസ്സിലാക്കാനുള്ള അവകാശവും അവസരവും കൊടുക്കണം. പിന്നെ നിരോധിക്കാൻ സാധിക്കുമോ എന്ന കാര്യം. ഏതു പുസ്തകമാണ് നിരോധിക്കാൻ സാധിക്കുന്നത്? സർക്കാരിന് ഏതുപുസ്തകമാണ് വായിക്കാൻ പാടില്ലെന്ന് പറയാൻ പറ്റുന്നത്? ഇന്നത്തെ കാലത്ത് ഇലക്ട്രോണിക് ഡിവൈസിലൂടെ ഇതെല്ലാം സംലഭ്യമാണ്. ഇവിടെ ഒരു സർവകലാശാലയിൽ ലഭ്യമല്ലെങ്കിലും മറ്റ് സർവകലാശാലകളിൽ അത് കിട്ടും. അതുപോലെതന്നെ ലൈബ്രറികൾ വഴിയും അവ സംഘടിപ്പിക്കാൻ സാധിക്കും. അപ്പോൾ നിരോധിച്ചുകൊണ്ടല്ല പ്രശ്നങ്ങൾ പരിഹരിക്കേണ്ടത്. യാഥാർത്ഥ്യബോധത്തോടെ ചരിത്രസത്യങ്ങളെയും ചരിത്രയാഥാർത്ഥ്യങ്ങളെയും നമ്മൾ സ്വീകരിക്കുകയും കൊടുക്കേണ്ട ഉത്തരം വളരെ ക്രിട്ടിക്കലായി തന്നെ കൊടുക്കേണ്ട വിധത്തിൽ കൊടുക്കുകയും ചെയ്യണം. അങ്ങനെ സംശയങ്ങൾ മാറ്റിയാണ് പോകേണ്ടത്. അല്ലാതെ ഇങ്ങനെയെ മനസ്സിലാക്കാവൂ, ഇങ്ങനെയെ പഠിക്കാവൂ എന്നുപറഞ്ഞുകൊണ്ട് നിഷ്കർഷയോടെ പറയാൻ പറ്റുന്ന ഒരുതലം മാക്സിമം സ്കൂൾതലം വരെയേ ഉള്ളൂ. ആ സ്കൂൾതലത്തിൽ അങ്ങനെ ചെയ്യുന്നത് അപാകതയാണ്. കുഞ്ഞുങ്ങൾക്ക് ഇന്ത്യൻ രാഷ്ട്രത്തെക്കുറിച്ചും അതിന്റെ ഇന്നലെകളെക്കുറിച്ചും തെറ്റായ വിധത്തിൽ ഒരു ധാരണ ഉണ്ടാക്കിക്കൊടുക്കുന്നത് തെറ്റുതന്നെയാണ്. അത് കഴിഞ്ഞുള്ള പഠനങ്ങളിൽ സ്വതന്ത്രചിന്താഗതിയിൽ അവർ ഗവേഷണം നടത്തുമ്പോൾ ഇതല്ലല്ലോ യാഥാർത്ഥ്യം; തങ്ങൾ വഞ്ചിക്കപ്പെടുകയായിരുന്നല്ലോ എന്ന ബോധ്യമുണ്ടാകും. തങ്ങ



www.malankaralibrary.com

ളെ ഒരു രാഷ്ട്രം സംഘടിതമായിട്ട് തെറ്റോടെ കാര്യങ്ങൾ മനസ്സിലാക്കാൻ നിർബന്ധിച്ചതായി തോന്നിപ്പോകും. അങ്ങനെ വരാതിരിക്കുന്നതിനായി എപ്പോഴും വ്യത്യസ്തമായ ചിന്താഗതികളിലെ ഓൾട്ടർനേറ്റീവ് ഇന്റർപ്രട്ടേഷൻസ്, alternative perceptions മനസ്സിലാക്കാനുള്ള അവസരം അവർക്ക് കിട്ടിപ്പോകുന്നതാണ് ഏറ്റവും നല്ലത്. ചരിത്രം നിരോധിക്കാനൊന്നുമാകില്ല. ചരിത്രരേഖകളും ചരിത്രഉറവിടങ്ങളും നശിപ്പിക്കാൻ പറ്റുമായിരിക്കാം. അതിനാലാണ് പലയിടത്തും സംഘടിതമായി മനഃപൂർവം ഇന്നലെകളെക്കുറിച്ചുള്ള അറിവ് നൽകുന്ന ഉറവിടങ്ങൾ മുഴുവൻ നശിപ്പിക്കപ്പെടാൻവേണ്ടി അവ സൂക്ഷിക്കാതിടുകയും മഴ പെയ്ത് നശിച്ചുപോകത്തക്കവിധത്തിൽ ലാഘവത്തോടുകൂടിയും കൈകാര്യം ചെയ്യുന്നത്. ആർക്കൈവ്സിനെക്കുറിച്ച് അങ്ങനെ ഒത്തിരി പറയാനാകും. ഗോവൻ ആർക്കൈവ്സ് ഉൾപ്പടെയുള്ളവ ഇക്കൂട്ടത്തിൽ പെടും. 1510 മുതൽ 1961 വരെയുള്ള പോർച്ചുഗീസ് ഇന്നലെകളെ മനഃപൂർവം മാഞ്ഞുപോകത്തക്കവിധത്തിൽ ബോധപൂർവം നിശബ്ദതയും നിസ്സംഗതയും കാണിക്കുന്ന ഒരു പ്രവർത്തി അവിടെ കാണാനാകും. ഇങ്ങനെ മായിച്ചുകളയാൻ ഒരു പരിധിവരെ ശ്രമിക്കുന്ന പല ഇടങ്ങളുമുണ്ട്. പക്ഷേ, അത്രയും മാഞ്ഞുപോകുമോ എന്ന ശങ്കയുണ്ട്. കാരണം, ഇതിന്റെയൊക്കെ പല കോപ്പികളും ലിസ്ബണിലെ ആർക്കൈവ്സിലൊക്കെ ലഭ്യമാണ്. അപ്പോൾ എല്ലാം മായിച്ചുകളഞ്ഞാലും മാഞ്ഞുപോകുന്നതല്ല, നിരോധിച്ചാൽ നിന്നുപോകുന്നതല്ല ചരിത്രം എന്നുള്ളത്. പക്ഷേ, പഠിപ്പിക്കുമ്പോൾ ഒരു പ്രത്യേകരീതിയിൽ മാത്രമേ ഈ കാര്യങ്ങൾ സ്വീകരിക്കാവൂ, മനസ്സിലാക്കാവൂ എന്ന രീതിയിൽ ചെറുപ്പത്തിൽതന്നെ മസ്തിഷ്കപ്രക്ഷാളനം നടത്തിപ്പോകുന്നതിന് തത്തുല്യമാണ് ടാമ്പറിംഗ് ദ് റിയാലിറ്റി, ടാമ്പറിംഗ് ദ് ട്രൂത്ത് (Tampering the reality and tampering the truth) എന്നൊക്കെയാണ് എനിക്ക് തോന്നുന്നത്.

## ? ഇന്ത്യൻ ചരിത്രം തിരുത്തപ്പെടാതെ അവശേഷിക്കേണ്ടത് ലോക ചരിത്രത്തിന് എതമാത്രം പ്രധാനമാണ്?

ഇന്ത്യൻ ചരിത്രം ഇപ്പോഴും പുനർനിർമിതിക്ക് വിധേയമാണ്. കാരണം, വിവിധ ഭാഷകളിൽ, വിവിധ കാലഘട്ടങ്ങളിൽ, വിവിധ സങ്കേതങ്ങളിൽ അടയാളപ്പെടുത്തപ്പെട്ട അറിവിന്റെ അംശങ്ങളായാണ് ഇന്ത്യയുടെ ചരിത്രത്തെ വിശേഷിപ്പിക്കുന്നത്. അത് ചരിത്രകാരന്മാർ ഇപ്പോഴും കണ്ടെത്തി ഇന്ത്യയുടെ ഇന്നലെകളെക്കുറിച്ചുള്ള ചിത്രങ്ങൾ പുനർനിർമിച്ചുകൊണ്ടിരിക്കുകയാണ്. ആ പുനർനിർമാണ പ്രക്രിയ തീർന്നിട്ടില്ല. ഒരു പൂർണചരിത്രമായിട്ടില്ല. ഈ ചരിത്ര പുനർനിർമാണ പ്രക്രിയകൾക്കിടയിൽ കണ്ടെത്തിയ പ്രധാനപ്പെട്ട അറിവുകൾവച്ചാണ് ഓരോരുത്തരും അവരുടെ കൃതികൾ എഴുതിയിരിക്കുന്നത്. ഓരോ ഗവേഷണത്തിന്റെയും ഭാഗമായി ലഭിച്ച അറിവുകളുടെ വെളിച്ചത്തിലാണ് അവർ എഴുതിയിരിക്കുന്നത്. ആ എഴുതിയിരിക്കുന്ന കൃതികളുടെ വെളിച്ചത്തിലാണ് ഇന്നത്തെ ചരിത്രജ്ഞാനം അടങ്ങിയിരിക്കുന്നത്. ഇനിയും അത് കൂടുതൽ കൂടുതൽ ഗവേഷണവിധേയമാക്കേണ്ടതുണ്ട്. ഒരു ഭാഷയിലല്ല പല ഭാഷകളിൽ, സംസ്കൃതത്തിനുപുറമേ പാലി, കരോഷ്ഠി, പ്രാകൃതി എന്നീ പ്രാചീന ഭാഷകളിൽ. അതിനുശേഷം അറബി, പേർഷ്യൻഭാഷകളിൽ. പിന്നീട് വട്ടെഴുത്ത്, കോലെഴുത്ത് തുടങ്ങിയ മലയാള ഭാഷകളിൽ. പോർച്ചുഗീസ്, ഡച്ച് തുടങ്ങിയ ഭാഷകളിൽ.. ഇങ്ങനെ ലക്ഷക്കണക്കിന് ഡോക്യുമെന്റ്സ് കേരളത്തെക്കുറിച്ച്, ഇന്ത്യയെക്കുറിച്ചുണ്ട്. ഇതൊന്നും ചരിത്രകാരന്മാർ പഠിച്ചു തീർന്നിട്ടില്ല. ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഇന്ത്യയുടെ ചരിത്രം അല്ലെങ്കിൽ കേരളത്തിന്റെ ചരിത്രം ഒറ്റയടിക്ക് തീർന്നുവെന്ന് ധരിക്കേണ്ടതില്ല. ഈ ചരിത്രം ഇപ്പോഴും പുനർനിർമിച്ചുകൊണ്ടിരിക്കുകയാണ്. അല്ലെങ്കിൽ ചരിത്രം എഴുതപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനിടയ്ക്ക് ഒരു ചരിത്രത്തിന്റെ അറിവ് നശിപ്പിച്ചുകൊണ്ട് ലോകചരിത്രത്തിലെ ഒന്നു രണ്ടു പുസ്തകം മാറ്റാൻ കഴിഞ്ഞെന്നുവരാം. പുസ്തകം മാറ്റിയതുകൊണ്ട് ലോകം ഇന്ത്യയെ കാണുന്ന വിധം മാറ്റാൻ കഴിയില്ല. കാരണം, ലോകത്തിനു മുഴുവൻമേലുള്ള അധികാരം ഇന്ത്യ ഭരിക്കുന്ന ഒരു സർക്കാരിനില്ല. ഇന്ത്യയ്ക്കകത്ത് എങ്ങനെ മനസ്സിലാക്കണമെന്നു മാത്രമേ പറയാൻ കഴിയൂ. ലോകത്ത് ജർമനിയെക്കുറിച്ചുള്ള അറിവ് ഹിറ്റ്ലർ മുഴുവൻ മാറ്റി മറിച്ചപ്പോൾ ജർമനിക്കുള്ളിൽ മാത്രമേ ആ കാഴ്ചപ്പാട് distorted ആയി മാറിയുള്ളൂ. ലോകം മുഴുവൻ അത് കാണേണ്ട വിധത്തിൽതന്നെയാണ് കണ്ടുകൊണ്ടിരുന്നത്. അപ്പോൾ ഇന്ത്യയെക്കുറിച്ചുള്ള അറിവ് കാണേണ്ടവിധത്തിൽ തന്നെയാണ് പുറംലോകം കണ്ടുകൊണ്ടിരിക്കുന്നത്. ഇന്ത്യൻ ചരിത്ര പുസ്തകങ്ങൾ തിരുത്തിയതുകൊണ്ടുമാത്രം ലോകത്തിന്റെ ചരിത്രരചനാപ്രക്രിയയിലോ ചരിത്രം മനസ്സിലാക്കൽ പ്രക്രിയയിലോ വലിയ

...ശേഷം പേജ് 31-ൽ

www.malankaralibrary.com


ഭാരത റിപ്പബ്ലിക്കിന്റെ അമൂല്യ സ്മരണാദിനമായ ജനുവരി 26–ൽ

# മഡോണ ഇലക്ട്രോണിക്സിന് 36–ാം പിറന്നാൾ


ഈ സുവർണ നിമിഷത്തിൽ ഞങ്ങളുടെ സേവനങ്ങൾക്ക് പാത്രീഭൂതരായ ലക്ഷക്കണക്കിന് സോണി ഉപഭോക്താക്കൾക്കും ആയിരത്തിലേറെ തൂറിക്കോൾ കസ്റ്റമേഴ്സിനും നൂറിലേറെ പൾസേറ്റർ– ചാന്റ് ഉപഭോക്താക്കൾക്കും സ്നേഹപൂർവം നന്ദിയർപ്പിക്കുന്നു.

ഫെലിക്സ് മഡോണ, മാനേജ്മെന്റ് & സ്റ്റാഫ്

# Pulsator ®

Patent

## CHURCH BELL
automation




OTHER PRODUCTS & SERVICES

- Chant
- Thirasheela Automation
- Holy Water Touchless
- Thuricoal Automated Incensing
- Madonna Bronze Bell
- Antique & Broken Church Bells Remoulding

Since 1987
Madonna ®
ELECTRONICS
www.madonnapulsator.com

Pulsator ®
Patent
www.pulsator.in

പിറന്നാൾ ഓഫറുകൾക്കായി ബന്ധപ്പെടുക:

Felix Madonna-098953 99881, felixmadonna@gmail.com,
Madonna Building, South Chittoor, Cochin-682 027, Kerala, India.
Ph- 0484-2434034, +91 98952 98951

www.malankaralibrary.com


# കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ
## വിളിച്ച് വിളികേട്ട വിശുദ്ധ സെബസ്ത്യാനോസിന്റെ



# തിരുനാൾ

**2023 ജനുവരി 19,20**
**(വ്യാഴം, വെള്ളി)**

**എട്ടാമിടം**
**26, 27**
(വ്യാഴം, വെള്ളി)

തിരുനാളിന് ഒരുക്കമായ നൊവേന 2023 ജനുവരി 10 മുതൽ കപ്പേളയിലും 11 മുതൽ പള്ളിയിലും ആരംഭിക്കുന്നു


പള്ളിയിൽ നൊവേന രാവിലെ 5.30നും 7നും 10നും | വൈകിട്ട് 6.30ന് നൊവേന ടൗൺ കപ്പേളയിൽ
ദിവസവും അമ്പ് നേർച്ചയ്ക്കും അടിമ സമർപ്പണത്തിനും സൗകര്യമുണ്ടായിരിക്കും

വികാരി: റവ. ഫാ. ജോസഫ് കണിയാംപറമ്പിൽ

## ST. MARY'S FORANE CHURCH, KANJOOR

(Archdiocese of Ernakulam - Angamaly)
കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിന് സമീപം
Ph: 0484 - 2462263 | Email: kanjoorchurch@gmail.com | Website: www.kanjoorchurch.com

www.malankaralibrary.com



# തേവര സെന്റ് ജോസഫ് ദൈവാലയത്തിൽ

## വിശുദ്ധ യൂദാശ്ലീഹായുടെ തിരുനാൾ മഹാമഹം

**2023 ജനുവരി 4 മുതൽ 8 വരെ**

രാവിലെ 5.45 ന് നൊവേന, 6നും 7നും 10.30 നും വൈകിട്ട് 3.45 നും 5.30നും ദിവ്യബലി, നൊവേന, ആരാധന

## നവനാൾ

**2022 ഡിസംബർ 26 മുതൽ 2023 ജനുവരി 3 വരെ**

രാവിലെ 5.45 ന് നൊവേന, 6നും 7നും ദിവ്യബലി, നൊവേന, ആരാധന

**2023 ജനുവരി 14,15 തീയതികളിൽ**

## എട്ടാമിടം

**2023 ജനുവരി 4 ബുധൻ**

## തിരുനാൾ കൊടികയറ്റം

വൈകിട്ട് 5.30ന് കൊടികയറ്റം, പൊന്തിഫിക്കൽ ദിവ്യബലി, പ്രസംഗം, നൊവേന, ആരാധന.

മുഖ്യകാർമികൻ: **മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ** (വരാപ്പുഴ മെത്രാപ്പോലീത്ത)

## 2023 ജനുവരി 08 ഞായർ മുഖ്യതിരുനാൾദിനം

രാവിലെ 6നും 7നും 9നും (ലാറ്റിൻ), 10നും (തമിഴ്) ദിവ്യബലി, നൊവേന, ആരാധന | വൈകിട്ട് 5.30ന് പൊന്തിഫിക്കൽ ദിവ്യബലി, നൊവേന, ആരാധന

മുഖ്യകാർമികൻ: **മോസ്റ്റ് റവ. ഡോ. ഫ്രാൻസിസ് കല്ലറക്കൽ** (ആർച്ച്ബിഷപ് എമരിത്തൂസ്, വരാപ്പുഴ അതിരൂപത)

പ്രസംഗം: **റവ. ഫാ. എബിൻ ജോസ് വാര്യത്ത്**

**ST. JOSEPH'S CHURCH & SHRINE OF ST. JUDE** (ARCHDIOCESE OF VERAPOLY)

Roman Catholic Latin Church, Thevara, Kochi- 682 013, Kerala Ph: 0484-2663774

Email: contact@stjudethevara.org, web:www.stjudethevara.org

www.malankaralibrary.com

# DHARMARAM VIDYA KSHETRAM

**Pontifical Athenaeum of Philosophy, Theology, Canon Law, and Formative Spirituality and Counselling**

## COURSES OFFERED

### Faculty of Philosophy

- **Post-Doctoral Programme in Philosophy**
- **Doctor of Philosophy**
- **Licentiate in Philosophy** (2 Years)
- **MA in Philosophy** (2 Years)
- **Bachelor of Philosophy** (3 Years)
- **Diploma in Philosophy** (2 Years)
- **Certificate in Philosophy** (1 Year)

### Faculty of Theology

- **Post-Doctoral Programme in Theology**
- **Doctor of Theology**
- **Licentiate in Theology** (2 Years)
  - **Biblical Theology**
  - **Systematic Theology**
  - **Moral Theology**
  - **Eastern Christian Studies**
  - **Missiology**
- **Bachelor of Theology** (3 Years)
- **MA in Theology** (2 Years)
- **Diploma in Theology & Religious Sciences**

### Institute of Oriental Canon Law

- Licentiate in Oriental Canon Law (3 Years)
- Diploma in Oriental Canon Law
- Certificate in Latin and Oriental Canon Law

### Vinayasadhana: Institute of Formative Spirituality and Counselling

- **Doctorate in Formative Spirituality and Counselling**
- **Licentiate in Formative Spirituality and Counselling**
- **MA in Formative Spirituality and Counselling**
- **Diploma in Formative Spirituality and Counselling**

### Institute of Pastoral Management

One Year Pastoral Management Course for German Language, Culture and Liturgy

### Dharmaram Academy for Distance Education (DADE)

- PG Diploma in Philosophy
- PG Diploma in Theology
- PG Diploma in Counselling Psychology
- PG Diploma in Biblical Studies
- PG Diploma in Canon Law
- PG Diploma in Formative Spirituality
- PG Diploma in Study of Religions
- PG Diploma in Eastern and Indian Christian Spirituality
- PG Diploma in Spiritual Theology

**Dharmaram Institute of Languages (DIL)**

- Basic and advanced Courses in the ancient languages: Sanskrit, Syriac and Greek,
- Basic and advanced Courses in the Modern languages: Italian, German and Spanish

**Hostels / Accommodation**

- DVK Research Centre (for PG Students)
- ADHYAYANA (for Sisters)
- KECSH (Kuriakose Elias Chavara Study House - (for Seminarians)

**Why DVK Bangalore?**

(1) Continuation of the LEGACY of the Founding Father, St. Kuriakose Elias Chavara, who founded a Seminary in 1833 (2) One among the TWO Pontifical Athenaeums in India (3) An Institute in India with DUAL DEGREES (BA and MA in Philosophy, MA in Theology, and MA in Spirituality and Counselling from CHRIST deemed to be University) (4) Best CAMPUS with Academic Ambience for Integrated Studies: Sacred and Secular (Ecclesiastical and Civil) (5) Best LIBRARY (in Structure and Content) among the ecclesiastical circles in India (6) Highest Number of RESIDENTIAL STAFF among the Ecclesiastical Institutes in India (7) Publication of FIVE JOURNALS: (i) Journal of Dharma, (ii) Asian Horizons, (iii) Vinayasadhana, (iv) Justitia and (v) Herald of the East (8) Organizing Inter/national Conferences, Seminars and Workshops (9) University with 'Potential for Excellence' (UPE) (10) Full/Partial Scholarship for PG Students and other deserving candidates on the basis of 'first come first serve.'

For application forms and details please contact:

Registrar, Dharmaram Vidya Kshetram, Dharmaram College, Bengaluru 560 029, India
Phone: 080-4111 6333; 4111 6302 Email: registrar@dvk.in Website: www.dvk.in

www.malankaralibrary.com

*പേജ് 26–ൽ നിന്ന് തുടർച്ച ....*

കാതലായ മാറ്റമുണ്ടാകുമെന്ന് കരുതുന്നില്ല. പക്ഷേ, ആവർത്തിച്ചാവർത്തിച്ച് കള്ളംപറയുമ്പോൾ അത് സത്യമാണെന്നു തോന്നും. ഒരു പത്തമ്പത് വർഷം ഇതുതന്നെ ആവർത്തിച്ചുപറയുമ്പോൾ, അതുതന്നെ ചരിത്രഗവേഷണത്തിന്റെ ഭാഗമാണെന്നു പറയുമ്പോൾ, ഓൾട്ടർനേറ്റീവ് നറേറ്റീവ്സ് വരാതെ വരുമ്പോൾ ഈ പറയുന്നതിൽ സത്യത്തിന്റെ അംശമുണ്ടല്ലോയെന്ന് തോന്നിപ്പോകും. അപ്പോൾ സ്റ്റേറ്റ് സ്പോൺസേർഡ് ഹിസ്റ്ററി, സ്റ്റേറ്റ് സ്പോൺസേർഡ് ഹിസ്റ്റോറിയൻസ്, സ്റ്റേറ്റ് സ്പോൺസേർഡ് ഇന്റർപ്രട്ടേഷൻസ് എന്ന രീതിയിൽ കാര്യങ്ങൾ നടക്കുന്നു. ഇങ്ങനെയുള്ള ചരിത്ര രചനകൾ ആദ്യം സംശയത്തോടെ നോക്കുന്നു. പിന്നീട് കുഴപ്പമില്ലെന്നു തോന്നും. പിന്നീട് സത്യമായിട്ടുള്ളതാണെന്നു തോന്നും. നാലാമത്തെ പ്രാവശ്യം ക്വോട്ട്(Quote) ചെയ്യുന്ന വിധത്തിലാക്കപ്പെട്ടുവെന്നുവരാം. പിന്നെ വർഷങ്ങൾ കഴിയുമ്പോഴേക്കും അത് ഒരു acknowledged knowledge ആയി, ചരിത്രവസ്തുതയായി മാറിയെന്നുവരാം. പക്ഷേ, ഇതിനെ വേറിട്ടൊരു വിധത്തിൽ ചോദ്യം ചെയ്യേണ്ടത് ചരിത്രകാരന്മാരുടെ ചുമതലയാണ്; ഇന്ത്യയുടെ ചരിത്രയാഥാർഥ്യം അംഗീകരിക്കുന്ന ഏവരുടെയും ചുമതലയാണ്. ഇന്ത്യയെന്ന രാഷ്ട്രം രൂപീകരിക്കപ്പെട്ടതിന്റെ എല്ലാ അടുക്കുകളെയും എല്ലാ ഇടങ്ങളെയുംകുറിച്ച് അറിയാൻ വെമ്പുന്നവരുടെയും അതിനെക്കുറിച്ച് പഠിച്ചെടുക്കുന്നവരുടെയും ചുമതലയാണ് ഈ ചിത്രം പുറത്തു പോകാത്തവിധത്തിൽ ഇന്ത്യയുടെ ഇന്നലെകൾ കാത്തുസൂക്ഷിക്കപ്പെടുകയെന്നും ഇന്നലെകളെക്കുറിച്ചുള്ള ആ ഒരു ചിത്രം മായാതെ സൂക്ഷിക്കുകയെന്നും ഉള്ളതു കാരണം, അതല്ല സർക്കാർ പറയുന്നതാണ് യഥാർഥ ഇന്ത്യയെന്നു വന്നാൽ വർഷങ്ങൾ കഴിയുമ്പോൾ അത് സത്യമാണെന്നു തോന്നത്തക്കവിധത്തിൽ പിന്നീട് ക്വോട്ട് ചെയ്യപ്പെടുകയും പിന്നീട് പഠിക്കപ്പെടുകയും ചെയ്യും. എന്നാലും മനുഷ്യർ ഉള്ളിടത്തോളംകാലം വിമർശനാത്മക വിശകലനം, വിമർശനാത്മക അവലോകനം, വിമർശനാത്മക നിരൂപണമൊക്കെ നടന്നു കഴിയുമ്പോൾ ഈ പറയുന്ന സ്റ്റേറ്റ് സ്പോൺസേഡ് പ്രൊജക്റ്റല്ല സത്യമെന്ന് കണ്ടെത്തുന്ന ചരിത്രകാരന്മാരുണ്ട്. യഥാർഥ ചരിത്രകാരന്റെ ഉത്തരവാദിത്വം സത്യത്തിന്റെ പക്ഷത്തുനിൽക്കുകയും സത്യത്തിന്റെ കൂടെ നിൽക്കുകയും ചെയ്യുക എന്നതാണ്. സത്യമല്ലാത്തതൊന്നും ചരിത്രമായി പഠിപ്പിക്കപ്പെടുന്ന അവസ്ഥ വരാതിരിക്കാനുള്ള ചുമതല ഇവരിലാണ് ഏൽപ്പിക്കപ്പെട്ടിരിക്കുന്നത്. അത് ചരിത്രകാരന്മാർ ശ്രദ്ധിക്കുകയും വേണം. പൊതുസമൂഹത്തിനും ഉത്തരവാദിത്വമുണ്ട്. ചരിത്രത്തിന്റെ ഭാഗമല്ലാത്തതൊന്നും തങ്ങൾ ചരിത്രമായി പഠിക്കുന്ന ഒരവസ്ഥ വരാതിരിക്കുന്നതിനായി ജാഗ്രതയോടെയും ഉത്തരവാദിത്വബോധത്തോടെയും നമ്മളിലേക്ക് എത്തുന്ന ഇന്നലെകളെക്കുറിച്ചുള്ള വിവരങ്ങൾ നാം കാണുകയും വിശകലനം ചെയ്യുകയുംവേണം. തമസ്കരിക്കേണ്ടത് തമസ്കരിച്ചും സ്വീകരിക്കേണ്ടത് സ്വീകരിച്ചും മുന്നേറാനുള്ള ആർജവത്വം ഉണ്ടാകേണ്ടതാണ്.

***(അവസാനിച്ചു)***

*പേജ് 17–ൽ നിന്ന് തുടർച്ച ....*

സാമൂഹികമോ ആയ ആവശ്യങ്ങൾക്കായി പ്രാദേശിക ഉപയോഗത്തിൽ തുടരുന്നു. പരിമിതമായ ഉപയോഗം കാണുന്ന വിവിധ ആധുനിക കലണ്ടറുകളും ഉണ്ട്.

ഡിജിറ്റൽ യുഗത്തിൽ പഴയ കടലാസ് കലണ്ടറുകളുടെ പ്രസക്തി കുറയുന്നുണ്ടാകാം. എങ്കിലും വിവിധ വർണത്തിലും മനോഹരമായ ചിത്രങ്ങളിലും സമ്പുഷ്ടമായ കലണ്ടറുകൾക്ക് ഇന്നും ഡിമാൻഡുണ്ട്. അതിലേറെ അവധി ദിവസങ്ങളും നിയന്ത്രിത അവധികളും വിശേഷ ദിവസങ്ങളും കൃത്യമായി രേഖപ്പെടുത്തിയ കലണ്ടറുകൾ ഇന്നും പ്രചാരണത്തിൽ സജീവമാണ്.

## ഡിജിറ്റൽ യുഗത്തിലും അനിവാര്യം

മൊബൈൽ ഫോണുകളിലും വാച്ചുകളിലും കംപ്യൂട്ടറിലുമെല്ലാം തീയതിയും ദിവസവും അറിയാമെന്നതിനാൽ ചിലപ്പോഴെങ്കിലും പഴയ സമ്പ്രദായത്തിലുള്ള കലണ്ടറുകൾ നോക്കേണ്ടി വരില്ല. പക്ഷേ, സമയം, തീയതി, ദിവസം, വർഷം തുടങ്ങിയവയുടെ കൃത്യതയും വേർതിരിവുകളുമില്ലാതെ മനുഷ്യർക്കു ജീവിതം ഏറെ പ്രയാസകരമാകും. സമയം അറിയാനും തീയതി അറിയാനുമുള്ള സംവിധാനങ്ങൾ മനുഷ്യജീവിതത്തിൽ എക്കാലവും സജീവമാണ്. ഒഴിവാക്കാൻ ശ്രമിച്ചാൽ പോലും ഒഴിവാക്കാനാകാത്ത അനിവാര്യതകളാണിവ. ഒരു പരിധി വരെ നാളെയുടെ പ്രത്യാശയും പ്രതീക്ഷയും പോലും സമയത്തിലും തീയതിയിലുമാണ്. ■

www.malankaralibrary.com

# കേരള ഫ്രാൻസിസ് സേവ്യർ ദൈവദാസ പദവിയിൽ

**2022 ഡിസംബർ 26-ന് 75-ാം ചരമവാർഷികദിനത്തിൽ ദൈവദാസ പദവിയിലേക്കുയർത്തപ്പെട്ട 'തീരദേശത്തിന്റെ അപ്പസ്തോലൻ' എന്നറിയപ്പെടുന്ന കോട്ടപ്പുറം രൂപതാംഗവും കർമലീത്താ സന്ന്യാസിയുമായ യശഃശരീരനായ ഫാ. തിയോഫിലസ് പാണ്ടിപ്പിള്ളിയെന്ന താപസ ശ്രേഷ്ഠവൈദികന്റെ പുണ്യജീവിതത്തിലേക്കൊരു കാഴ്ച.**



**ഫാ. റോക്കി റോബി കളത്തിൽ**
*ഡയറക്ടർ, സാൻജോസ് ഭവൻ, മുളങ്കുന്നത്തുകാവ്*

പൗരോഹിത്യം അൾത്താരയിൽ ഒതുങ്ങാനുള്ളതല്ലെന്നും സമൂഹത്തിൽ സ്നേഹവും സേവനവുമായി തണൽ വിരിക്കാനുള്ളതാണെന്നും ജീവിതംകൊണ്ട് സാക്ഷ്യപ്പെടുത്തിയ വന്ദ്യവൈദികനാണ് തിയോഫിലസ് അച്ചൻ. ആഗോളമിഷൻ പ്രവർത്തനങ്ങളുടെ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ ചൈതന്യത്തോടെ ഇന്നത്തെ കോട്ടപ്പുറം, വരാപ്പുഴ , കൊച്ചി, ആലപ്പുഴ രൂപതകളുടെ തീരദേശത്തുകൂടെ സഞ്ചരിച്ച് സുവിശേഷം പ്രസംഗിക്കുകയും അവശർക്കും ആലംബഹീനർക്കും ക്രിസ്തുവിന്റെ സാന്ത്വനമായി തീർന്ന നല്ല സമറായനാണ് തിയോഫിലസച്ചൻ.

ജീവിതകാലത്തുതന്നെ 'പുണ്യാളനച്ച'നെന്നും തീക്ഷ്ണതയും പ്രർത്തനങ്ങളും കൊണ്ട് 'കേരള ഫ്രാൻസിസ് സേവ്യറെ'ന്നും അറിയപ്പെട്ടിരുന്ന ഇദ്ദേഹം കോട്ടപ്പുറം രൂപതയിൽ ജനിച്ച രണ്ടാമത്തെ ദൈവദാസനും കോട്ടപ്പുറം രൂപതയിൽ ദൈവദാസനായി പ്രഖ്യാപിക്കപ്പെടുന്ന ആദ്യ വ്യക്തിയുമാണ്. കോട്ടപ്പുറം ഇടവകാംഗമായ വരാപ്പുഴ അതിരൂപതയിലെ പൊന്നുരുന്നി കപ്പൂച്ചിൻ ആശ്രമത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന ഫാ. തിയോഫിൻ കപ്പുച്ചിനാണ് ആദ്യ ദൈവദാസൻ.

## വാവക്കാട് ഉദിച്ച ദിവ്യതേജസ്

ഭാരത ക്രൈസ്തവ പാരമ്പര്യത്തിനപ്പുറം പഴക്കമുള്ള മുസിരിസ് പദ്ധതി പ്രദേശത്ത് എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ വടക്കേക്കര പഞ്ചായത്തിൽ വാവക്കാട് ഗ്രാമത്തിലാണ് പാണ്ടിപ്പിള്ളിയച്ചന്റെ ജനനം. പള്ളിപ്പുറം മഞ്ഞു മാതാ ഇടവകയിൽ പാണ്ടിപ്പിള്ളി ജോസഫ് - മറിയം ദമ്പതികളുടെ മൂന്നാമത്തെ മകനായി 1860 ഒക്ടോബർ 10-ന് ഭൂജാതനായി. വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ നാമമാണ് ജ്ഞാനസ്നാന സമയത്ത് അദ്ദേഹത്തിന് നൽകപ്പെട്ടത്. ആ ശിശു മാതാപിതാക്കളുടെ പരിലാളനയിൽ ദൈവഭക്തിയിലും ആത്മീയചൈതന്യത്തിലും വളർന്നുകൊണ്ടിരുന്നു. ആശാൻ കളരിയിൽ നിലത്തെഴുത്ത് അഭ്യസിക്കുമ്പോഴും ബാലനായ സേവ്യർ ഗൃഹജോലികളിൽ മാതാപിതാക്കളെ സഹായിച്ചിരുന്നു. എന്നാൽ അക്കാലത്ത് പള്ളിപ്പുറത്തും പരിസരപ്രദേശങ്ങളിലും പടർന്നുപിടിച്ച കോളറ സേവ്യറിന്റെ മാതാപിതാക്കളുടെ ജീവനപഹരിച്ചു. ബാല്യത്തിൽ അനാഥത്വം പേറേണ്ടി വന്ന സേവ്യർ തുടർന്ന് പള്ളിപ്പുറത്ത് പടമാടൻ കുടുംബത്തിൽപ്പെട്ട പിതാമഹന്റെയും മാതാമഹിയുടെയും സംരക്ഷണത്തിലാണ് വളർന്നത്. ചെറിയ ക്ലാ

www.malankaralibrary.com



ഞ്ഞെടുത്ത് സന്ന്യാസവൈദികനാകാൻ തീരുമാനിച്ചു. പരിശുദ്ധ അമ്മയുടെ പ്രത്യേക കരുതലും കാരുണ്യവും അതിനു കാരണമായെന്നു വേണം കരുതാൻ. 1878-ൽ മഞ്ഞുമ്മൽ കർമലീത്ത സഭയിൽ അർഥിയായി ചർന്നു. നോമ്പും പ്രാർഥനയും കഠിനമായ പരിത്യാഗ പ്രവർത്തികളും ആത്മീയ പുണ്യങ്ങളും നിത്യേന സേവ്യർ പരിശീലിച്ചു. വ്രതവാഗ്ദാനത്തോടെ തിയോഫിലസ് എന്ന നാമം സ്വീകരിച്ച അദ്ദേഹം 1886-ൽ ലെയോനാർദ് മെല്ലാനോ മെത്രാപ്പോലീത്തയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു.

വൈദികനായശേഷം ഫാ. തിയോഫിലസ് ലത്തീനിൽ ആഴമായ പാണ്ഡിത്യം നേടി. 'ലെറീസ്' എന്ന ഖണ്ഡകാവ്യം അദ്ദേഹം ലത്തീനിൽ രചിച്ചിട്ടുണ്ട്. മഞ്ഞുമ്മൽ ആശ്രമത്തിൽ ലത്തീൻ ഭാഷാധ്യാപകനായും പ്രസംഗ പരിശീലകനായും സേവനം ചെയ്തു. ആഴമാർന്ന വായനയിലൂടെ വലിയ ജ്ഞാനവും അദ്ദേഹം ആർജിച്ചു. ഈ അറിവുകൾ സാധാരണ ജനത്തിന്റെ ജീവിതത്തിന് എങ്ങനെ ഉപകാരപ്രദമാക്കാം എന്ന പ്രായോഗികതക്കായിരുന്നു അദ്ദേഹം മുൻതൂക്കം നല്കിയത്.

## ആടുകളുടെ ചൂരുള്ള ഇടയൻ

രൂപതാ വൈദികരുടെ അഭാവത്തിൽ സന്ന്യാസ വൈദികരെ ഇടവകകളുടെ ചുമതല ഏല്പിക്കുന്നത് അന്നും ഇന്നും സാധാരണമാണ്. അവിഭക്ത വരാപ്പുഴ അതിരൂപതയിൽ പനങ്ങാട് സെന്റ് ആന്റണീസ്, കാര മൗണ്ട് കാർമൽ, മതിലകം സെന്റ് ജോസഫ് ഇടവകകളിൽ വികാരിയായി പാണ്ടിപ്പിള്ളിയച്ചൻ ശുശ്രൂഷ ചെയ്തു. ജപമാല, വണക്കമാസാചരണം തുടങ്ങിയ പാരമ്പര്യ ക്രൈസ്തവ വിശ്വാസാചാരങ്ങൾ പ്രോത്സാഹിപ്പിച്ചിരുന്ന അന്നത്തെ വരാപ്പുഴ ആർച്ച്ബിഷപ് ബർണാർഡ് അർഗുയിൻസോൺസിന്റെ (1897-1918) തീരുമാനങ്ങൾ ഇടവകകളിൽ നടപ്പാക്കാൻ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ഓരോ കുടുംബത്തിലെയും അംഗങ്ങളെ പേരെടുത്തു വിളിക്കാൻപോന്ന ഇഴയടുപ്പം അദ്ദേഹത്തിന് ഇടവകകളിലുണ്ടായിരുന്നു. ജാതിയുടെയും മതത്തിന്റെയും അതിർവരമ്പുകളില്ലാതെ, ദരിദ്രനെന്നോ സമ്പന്നനെന്നോ, പാപിയെന്നോ വിശുദ്ധനെന്നോ നോക്കാതെ, സർവജനത്തിന്റെയും പച്ചയായ ജീവിത യാഥാർഥ്യങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് സഹായഹസ്തം നീട്ടി അവരുടെ ഹൃദയങ്ങൾ അദ്ദേഹം കീഴടക്കി. അദ്ദേഹത്തിന്റെ ഭവന സന്ദർശനങ്ങൾ

സ്സുകളിൽ തന്നെ നല്ല അച്ചടക്കമുള്ള വിദ്യാർഥിയായിരുന്ന സേവ്യറിനെ മാതൃകയായി അധ്യാപകർ ഉയർത്തി കാണിച്ചിരുന്നു. മുത്തച്ഛൻ വിശുദ്ധരുടെ ജീവചരിത്രവും സന്മാർഗ കഥകളും കൊണ്ട് അവന്റെ കുഞ്ഞ് മനസ്സ് നിറച്ചു. അദ്ദേഹത്തിന്റെ കൈകളിൽ തൂങ്ങി അവൻ പള്ളിപ്പുറം മഞ്ഞുമാതാ പള്ളിയിലെത്തി ബാല്യത്തിലേ ദിവ്യബലിയിൽ സംബന്ധിച്ചുവന്നു. സഹോദര സ്നേഹം, ദയ, കാരുണ്യം, കരുതൽ തുടങ്ങിയ പുണ്യങ്ങളാൽ നിറഞ്ഞതായിരുന്നു സേവ്യറിന്റെ ജീവിതം.

## കാർമലിലെ പുണ്യസുമം

സാമ്പത്തിക ഭദ്രതയുള്ളതായിരുന്നു സേവ്യറിന്റെ തറവാട്. അതിനാൽ ഉന്നത വിദ്യാഭ്യാസം നേടി ഉയരങ്ങളിലെത്താമായിരുന്ന എല്ലാ ജീവിത സാഹചര്യങ്ങളും ഈ കുട്ടിക്ക് ഉണ്ടായിരുന്നു. എന്നാൽ അവന്റെ ഉള്ളിൽ കത്തിജ്വലിച്ച ദൈവസ്നേഹം മറ്റൊരു വഴിയിലൂടെയാണ് അവനെ നയിച്ചത്. ജീവിതം മുഴുവൻ ഈശോയ്ക്ക് സമർപ്പിക്കാനായിരുന്നു ആ പതിനാറുകാരന് മോഹം. മാതൃഭക്തനായ സേവ്യർ അതിനാൽ കർമലീത്ത സഭ തന്നെ തിര

www.malankaralibrary.com

സമ്പന്നനിൽനിന്ന് ദരിദ്രനിലേക്ക് പങ്കുവയ്പിന്റെ പാലം പണിയുന്ന അനുഭവമായി മാറി. ഒരു കൈയിൽ വടിയും മറുകൈയിൽ ഭിക്ഷാപാത്രവുമായി അലഞ്ഞ് കിട്ടുന്നതെല്ലാം അടുപ്പു പുകയാത്ത വീടുകളിലേക്ക് എത്തിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ശൈലി. സേവനം ചെയ്ത ഇടവകകളിലെ കാരണവന്മാർക്ക് അവരുടെ മാതാപിതാക്കളും മുൻതലമുറയും വാമൊഴിയായി പങ്കുവച്ച സുഗന്ധമൂറുന്ന ധാരാളം അനുഭവങ്ങളും സംഭവങ്ങളും പാണ്ടിപ്പിള്ളിയച്ചനെക്കുറിച്ച് ഇന്നും പറയാനുണ്ട്.

## മിഷനറി അപ്പസ്തോലിക്

ആദ്യം സന്ന്യാസാശ്രമത്തിലും പിന്നീട് ഇടവകകളിലുമാണ് തിയോഫിലസച്ചൻ തന്റെ പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ചത്. എന്നാൽ ഇടവകയുടെ അതിർത്തി വരമ്പുകളെല്ലാം ഭേദിച്ച് സ്വതന്ത്രമായി സഞ്ചരിച്ച് സുവിശേഷ പ്രഘോഷണം നടത്താനുള്ള ഉൽക്കടമായ ആഗ്രഹവും തീക്ഷ്ണതയും അദ്ദേഹം എന്നും മനസ്സിൽ സൂക്ഷിച്ചിരുന്നു. അങ്ങനെയാണ് പനങ്ങാട് ഇടവകയിൽ സേവനം ചെയ്യുമ്പോൾ 1907-ൽ പരിശുദ്ധ പിതാവിനെ നേരിൽ കണ്ട് ഈ ആഗ്രഹം ഉണർത്തിക്കാൻ റോമിലേക്ക് തിരിക്കുന്നത്. ഗോവയിൽ നിന്നാണ് റോമിലേക്ക് അച്ചൻ കപ്പൽ കയറിയത്. അന്ന് റോമിൽ ഉപരിപഠനം നടത്തിയിരുന്ന, പിന്നീട് വരാപ്പുഴയുടെ ആദ്യ തദ്ദേശീയ മെത്രാപ്പോലീത്തയായി മാറിയ, ഫാ.ജോസഫ് അട്ടിപ്പേറ്റി അതിനാവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും അച്ചന് നല്കി. സ്വതന്ത്രമായി എവിടെയും ചെന്ന് പ്രേഷിത പ്രവർത്തനം നടത്താനുള്ള 'മിഷനറി അപ്പസ്തോലിക്' എന്ന അധികാരപത്രം 10-ാം പിയൂസ് പാപ്പ നല്കി അദ്ദേഹത്തെ അനുഗ്രഹിച്ചു. കേരളത്തിലെവിടെയും പോയി ദിവ്യബലിയർപ്പിക്കാനുള്ള അനുവാദം അതിലൂടെ അച്ചന് സിദ്ധിച്ചു.

## മടപ്ലാതുരുത്തിന്റെ പ്രകാശഗോപുരം

നാട്ടിൽ തിരിച്ചെത്തിയ ഫാ. പാണ്ടിപ്പിള്ളി ഇന്ന് കോട്ടപ്പുറം രൂപതയുടെ ഭാഗമായ മടപ്ലാതുരുത്ത് കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചത്. കാര, അഴീക്കോട്, പള്ളിപ്പുറം, വൈപ്പിൻ, ഫോർട്ട് കൊച്ചി തുടങ്ങി ആലപ്പുഴവരെ തീരദേശത്തുകൂടെ അച്ചൻ തന്റെ പ്രേഷിത വീഥി രൂപപ്പെടുത്തി. ഈ പ്രദേശങ്ങളിലെല്ലാം വചന വിത്ത് വിതച്ച് അനേകരെ ക്രിസ്തുവിലേക്ക് ആകർഷിച്ച്

**മടപ്ലാതുരുത്തിൽ ഭവനരഹിതരെ വീടുണ്ടാക്കി പാർപ്പിച്ചിരുന്ന അച്ചൻ എത്തിപ്പെടുന്ന ഇടങ്ങളിൽതന്നെ അന്തിയുറങ്ങി. പലപ്പോഴും ബോട്ടും കടത്തിണ്ണകളും വീടുകളുടെ ചാർത്തും മരത്തണലുകളുമൊക്കെയായിരുന്നു അച്ചന്റെ സങ്കേതങ്ങൾ.**

ജ്ഞാനസ്നാനം നല്കി. കുഞ്ഞുങ്ങളോട് വലിയ വാത്സല്യമായിരുന്നു അച്ചന്. അവരെ കണ്ടാൽ വാരിയെടുക്കുമായിരുന്നു. അതുപോലെ ധാരാളം ഉപവി പ്രവർത്തനങ്ങളും അദ്ദേഹം നടത്തി. ഗ്രാമഗ്രാമാന്തരങ്ങൾ താണ്ടി കാൽ നടയാത്ര ചെയ്ത അദ്ദേഹത്തിന്റെ എളിമയും ലാളിത്യവും ആത്മീയത തുളുമ്പിനിന്ന ജീവിതവും ഒരു പ്രകാശഗോപുരം കണക്കെ തൂവെളിച്ചം പ്രസരിപ്പിച്ചുകൊണ്ടിരുന്നു. മടപ്ലാതുരുത്തിൽ ഭവനരഹിതരെ വീടുണ്ടാക്കി പാർപ്പിച്ചിരുന്ന അച്ചൻ എത്തിപ്പെടുന്ന ഇടങ്ങളിൽതന്നെ അന്തിയുറങ്ങി. പലപ്പോഴും ബോട്ടും കടത്തിണ്ണകളും വീടുകളുടെ ചാർത്തും മരത്തണലുകളുമൊക്കെയായിരുന്നു അച്ചന്റെ സങ്കേതങ്ങൾ. ഭക്ഷണം കഴിക്കുമ്പോൾ കൂടുതൽ രുചി അനുഭവപ്പെട്ടാൽ രുചിയില്ലാതാക്കാൻ അതിൽ വെള്ളമോ ഉപ്പോ കൂടുതൽ ചേർക്കുമായിരുന്നു. ആശയടക്കം എന്ന പുണ്യം എല്ലായ്പ്പോഴും പാണ്ടിപ്പിള്ളിയച്ചൻ അഭ്യസിച്ചിരുന്നു.

## സാമൂഹ്യ പരിഷ്കർത്താവ്

സാമൂഹ്യരംഗത്ത് ഇന്ന് കൊട്ടിഘോഷിക്കപ്പെടുന്ന സ്ത്രീശക്തീകരണം, സ്വയം തൊഴിൽ പദ്ധതികൾ, സമൂഹ വിവാഹം, ഭവനനിർമാണം, വൃദ്ധജനസംരക്ഷണം, പാവപ്പെട്ടവർക്ക് ആഹാര സാധനങ്ങൾ എത്തിച്ചു കൊടുക്കൽ തുടങ്ങിയവ ഏഴര പതിറ്റാണ്ടിനപ്പുറം നിശബ്ദമായി ആവിഷ് കരിച്ച് നടപ്പാക്കിയ വ്യക്തിയാണ് പാണ്ടിപ്പിള്ളിയച്ചൻ. ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ ഉതകുന്ന പല

www.malankaralibrary.com

പരിപാടികളും പാണ്ടിപ്പിള്ളിയച്ചൻ ആസൂത്രണം ചെയ്തു. തൊഴിൽ പരിശീലനം നല്കി ജനങ്ങളെ സ്വയം പര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കയറുപിരി, തയ്യൽ, ബേക്കറി ജോലി, നെയ്ത്ത്, മത്സ്യബന്ധനം, മത്സ്യസംസ്കരണം തുടങ്ങി ഒട്ടനവധി തൊഴിൽ മേഖലകളിലേക്ക് അച്ചൻ അവരെ നയിച്ചു. വിവാഹ പ്രായമെത്തിയിട്ടും പണമില്ലാത്തതിനാൽ അവിവാഹിതരായി കഴിഞ്ഞ പെൺകുട്ടികളെ കണ്ട് മനസലിഞ്ഞ് മൂന്ന് തവണ സമൂഹ വിവാഹം നടത്തി. മദ്യത്തിന് അടിമപ്പെട്ടിരുന്ന കടലിന്റെ മക്കളെ സന്ദർശിച്ച് ബോധവത്കരണ ശ്രമങ്ങളും നടത്തുകയുണ്ടായി. വർഷക്കാലത്ത് സമ്പന്നരിൽ നിന്ന് ഭിക്ഷയാചിച്ച് ചെറുവഞ്ചിയിൽ സ്വയം തുഴഞ്ഞ് ദരിദ്രകുടംബങ്ങളിൽ സഹായം എത്തിക്കുമായിരുന്നു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ സമൂഹത്തിനു പുരോഗതി കൈവരൂ എന്നു മനസ്സിലാക്കി പാവപ്പെട്ടവരുടെ മക്കളെ പള്ളികൂടങ്ങളിലേക്കും ആശാൻ കളരികളിലേക്കും അച്ചൻ നയിച്ചു.

കോട്ടപ്പുറത്തും മടപ്ലാതുരുത്തിലും പാണ്ടിപ്പിള്ളിയച്ചൻ അനാഥശാലകൾ സ്ഥാപിച്ചു. സൗദി, മാനാശേരി, കാട്ടിപ്പറമ്പ്, ചെറിയകടവ്, കണ്ണമാലി, കണ്ടക്കടവ്, ചെല്ലാനം, മുണ്ടംവേലി, പള്ളിപ്പുറം തുടങ്ങിയ സ്ഥലങ്ങളിൽ സംഭാവനപ്പെട്ടികൾ സ്ഥാപിച്ച് അവിടെ നിന്നുകിട്ടുന്ന പണമാണ് അനാഥശാലകളുടെ നടത്തിപ്പിനായി വിനിയോഗിച്ചത്. അന്തേവാസികൾക്ക് വേദോപദേശവും സന്മാർഗ പാഠങ്ങളും നൽകാൻ രണ്ട് സഹോദരിമാരെ നിയമിച്ചു. അനാരോഗ്യം മൂലം വരാപ്പുഴ കർമലീത്ത മഠത്തിൽ നിന്ന് തിരിച്ചു പോരേണ്ടിവന്ന അച്ചന്റെ രണ്ടാമത്തെ ജ്യേഷ്ഠന്റെ മകളായ മറിയത്തിനായിരുന്നു അച്ചൻ വിദൂര ഭിക്ഷാടനം നടത്തുന്ന സമയത്ത് അനാഥശാലയുടെ ചുമതല.

## ചാഴി വിലക്കിന്റെ മധ്യസ്ഥൻ

ജീവിത കാലത്ത് തന്നെ അനേകം അത്ഭുതങ്ങൾ ദൈവം പാണ്ടിപ്പിള്ളിയച്ചൻ വഴി പ്രവർത്തിച്ചു എന്നാണ് വാമൊഴിയായി പ്രചരിച്ചിട്ടുള്ളത്. 'ചാഴി വിലക്ക്' നടത്തുന്നതിന് ദൂരദേശത്തു നിന്നു പോലും ആളുകൾ അച്ചനെ തേടിയെത്തിയിരുന്നു. പിശാചുബാധയൊഴിപ്പിക്കാനും ധാരാളം പേർ അച്ചന്റെ സഹായം അന്വേഷിച്ചെത്തി. കടൽ തീരത്തെ അത്ഭുതകരമായ മീൻപിടുത്ത കഥയും പ്രസിദ്ധമാണ്. സമാനമായ അനേകം അത്ഭുത സംഭവങ്ങൾ അച്ചനുമായി ബന്ധപ്പെട്ട് നാട്ടിൽ പ്രചാരത്തിലുണ്ട്. 2004-ൽ അച്ചന്റെ കബറിടത്തിൽ പ്രാർഥിച്ച മൂന്ന് കുട്ടികൾക്ക് ദിവ്യദർശനം ലഭിച്ചതായും സാക്ഷ്യപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആ കാലഘട്ടം മുതലാണ് അദ്ദേഹത്തിന്റെ നാമകരണ നടപടികൾ തുടങ്ങുന്നതിനുള്ള പ്രാർഥന ഇടവകതലത്തിൽ ആരംഭിച്ചത്.

## സഹനരഥയാത്ര

ജീവിതകാലം മുഴുവൻ അവിരാമകർമിയായിരുന്നു പാണ്ടിപ്പിള്ളിയച്ചൻ. ജീവിതം മുഴുവൻ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ആ കർമയോഗി സുവിശേഷമാക്കി മാറ്റി. അദ്ദേഹത്തിന്റെ കർമനിരതയെ തടഞ്ഞു നിർത്തിയത് എൺപത്തിയേഴാം വയസിൽ പുറത്തുണ്ടായ ചൂടുകുരുപോലുള്ള ഒരു പരുവായിരുന്നു. അതു വലുതായി പഴുത്ത് അച്ചന്റെ ശരീരത്തെയാകെ തളർത്തി. മടപ്ലാതുരുത്ത് സെന്റ് ജോർജ് പള്ളിയുടെ കിഴക്കേ വശത്തുകൂടി ഒഴുകുന്ന പുറംതോടിന്റെ മറുകരയിലുള്ള പാറക്കാട്ട് ചുമ്മാർ ലൂവിസിന്റെ ഭവനത്തിന്റെ ചാർത്തിലായിരുന്നു അപ്പോൾ അച്ചന്റെ വാസം. ഇതിനിടയിൽ അന്ന് ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ പള്ളി വികാരിയായിരുന്ന ലെയോപോൾഡ് കാനപ്പിള്ളിയച്ചൻ ഗോതുരുത്തിൽവന്ന് താമസിക്കാൻ സ്നേഹപൂർവം നടത്തിയ ക്ഷണം പാണ്ടിപ്പിള്ളിയച്ചൻ എളിമയോടെ നിരസിച്ചു. അന്ത്യകാലത്ത് അച്ചന് സഭാവസ്ത്രംപോലും ധരിക്കാൻ പറ്റാത്ത അവസ്ഥയായി. വേദന സഹിച്ച് രോഗക്കിടക്കയിൽ കമിഴ്ന്നു കിടന്നപ്പോഴും 'എന്റെ ഈശോയെ' എന്ന നാമം അദ്ദേഹം ഉരുവിട്ടു കൊണ്ടിരുന്നു. ലൂവിസിന്റെ കുടുംബം സ്നേഹത്തോടെയും കരുതലോടെയും അദ്ദേഹത്തെ ശുശ്രൂഷിച്ചു. സഹിക്കാനാവാത്ത വേദനയിൽ പുളയുന്ന അച്ചനോട് ആരെങ്കിലും ആശ്വാസവാക്കു പറഞ്ഞാൽ 'എനിക്ക് ഈ മുറിപ്പാടല്ലേ സഹിക്കേണ്ടതുള്ളൂ എന്നാൽ എന്റെ ഈശോ ശിരസുമുതൽ കാൽപാദം വരെ നിറയെ മുറിവേറ്റവനല്ലേ' എന്ന് പറയുമായിരുന്നു. സഹനങ്ങളുടെ കാൽവരി യാത്രക്കിടയിൽ 1947 ഡിസംബർ 26-ന് പാണ്ടിപ്പിള്ളിയച്ചൻ 87-ാം വയസിൽ സ്വർഗീയ പിതാവിന്റെ പക്കലേക്ക് യാത്രയായി. വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ജോസഫ് അട്ടിപ്പേറ്റി വിദേശപര്യടനത്തിലായിരുന്നതിനാൽ വികാരി ജനറൽ മോൺ. അലക്സാണ്ടർ ലന്തപറമ്പിലിന്റെ മുഖ്യ കാർമികത്വത്തിൽ മടപ്ലാതുരുത്ത് സെന്റ് ജോർജ് പള്ളി സെമിത്തേരിയിലാണ് പാണ്ടിപ്പിള്ളിയച്ചന്റെ ഭൗതികദേഹം സംസ്കരിച്ചത്.

www.malankaralibrary.com



## മാധ്യസ്ഥ്യത്തിന്റെ പരിമളം

തിയോഫിലസ് പാണ്ടിപ്പിള്ളിയച്ചന്റെ മരണശേഷം അദ്ദേഹത്തിന്റെ സുകൃത ജീവിതത്തിന് സാക്ഷികളായ ജനങ്ങൾ കബറിടത്തിൽ വന്ന് പ്രാർഥിക്കാൻ തുടങ്ങി. പ്രാർഥിച്ചവർക്കെല്ലാം ആ പുണ്യചരിതന്റെ മാധ്യസ്ഥ്യത്തിന്റെ പരിമളം അനുഭവിക്കാൻ കഴിഞ്ഞു. ജീവിത പ്രതിസന്ധിയിൽ 'പുണ്യാളച്ചന്റെ' കല്ലറയിൽ വന്ന് പ്രാർഥിക്കുന്ന പതിവ് അങ്ങനെ രൂപപ്പെട്ടു. മടപ്ലാതുരുത്ത് സെന്റ് ജോർജ് പള്ളി സെമിത്തേരിയിലെ അച്ചന്റെ കബറിടം ഇന്ന് അനേകർക്ക് അനുഗ്രഹങ്ങളുടെ കലവറയാണ്. അതിന്റെ സാക്ഷ്യമാണ് കബറിടത്തിനു മുൻപിൽ അണയാതെ കത്തുന്ന കൽവിളക്ക്. ജീവിച്ചിരുന്നതിനേക്കാൾ പതിന്മടങ്ങ് നൻമകൾ മരണശേഷം ഈ പുണ്യ ശ്ലോകൻ പൊഴിച്ചു കൊണ്ടേയിരിക്കുന്നു. ഡിസംബർ 26 പുണ്യശ്ലോകന്റെ ഓർമദിനമായി ആചരിച്ചു വരുന്നു. ജീവിത കാലത്ത് അച്ചൻ അന്നമായി കൂടെ കൊണ്ടു നടന്നിരുന്ന വറുത്ത അരിയാണ് നേർച്ചയായി നല്കുന്നത്. അച്ചൻ ഉപയോഗിച്ചിരുന്ന സ്പൂണും ഫോർക്കും തൂവാലയും മരപ്പെട്ടിയും കൂടെ കൊണ്ടുനടന്നിരുന്ന കുരിശുരൂപവും ബൈബിളുകളും ഉണ്ണീശോയുടെ രൂപവും പൂജ്യവസ്തുക്കളായി മടപ്ലാതുരുത്ത് പള്ളിയിൽ ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ട്

## നാമകരണനടപടികൾ

പുണ്യസ്മരണാർഹനായ തിയോഫിലസ് പാണ്ടിപ്പിള്ളി അച്ചന്റെ നാമകരണ നടപടികൾക്കായി നിയമാനുസൃതം നിയമിതനായ പോസ്റ്റുലേറ്റർ ഫാ. ആൻഡ്രൂസ് അലക്സാണ്ടർ OFM Cap. പാണ്ടിപ്പിള്ളിയച്ചന്റെ ജീവിതത്തെയും വ്യക്തിത്വത്തിന്റെ വിവിധ വശങ്ങളെയും ആധ്യാത്മികതയെയും സുകൃതങ്ങളെയും വിശുദ്ധിയുടെ പ്രസിദ്ധിയെയുംകുറിച്ചും ഈ നാമകരണ നടപടി മൂലം തിരുസഭയ്ക്ക് ഉണ്ടാകാവുന്ന ഗുണങ്ങളെപ്പറ്റിയും കാനോനികമായ വിദഗ്ധപഠനം നടത്തുകയുണ്ടായി.

തുടർന്ന് വിശുദ്ധരുടെ നാമകരണത്തിനായുള്ള തിരുസംഘത്തിലേക്ക് കോട്ടപ്പുറം ബിഷപ് ഡോ. ജോസഫ് കാരിക്കശ്ശേരി കാനോനികമായ അപേക്ഷ സമർപ്പിച്ചു. കൂടാതെ 2022 മെയ് മാസം റോം സന്ദർശിച്ച അവസരത്തിൽ ബിഷപ് കാരിക്കശ്ശേരി പ്രസ്തുത തിരുസംഘത്തിന്റെ ഓഫീസ് സന്ദർശിച്ച് ഇക്കാര്യം ഒരിക്കൽകൂടെ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി. അതിന്റെയൊക്കെ ഫലമായി തിയോഫിലസ് പാണ്ടിപ്പിള്ളി അച്ചന്റെ നാമകരണ നടപടികൾ ഔദ്യോഗികമായി ആരംഭിക്കുന്നതിനുള്ള Nihil Obstat വിശുദ്ധരുടെ നാമകരണത്തിനുള്ള തിരുസംഘത്തിൽനിന്ന് ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ തിയോഫിലസ് പാണ്ടിപ്പിളളിയച്ചന്റെ 75–ാം ചരമവാർഷിക ദിനത്തിൽ അദ്ദേഹത്തെ ഔദ്യോഗികമായി ദൈവദാസനായി (Servant of God) പ്രഖ്യാപിച്ചു. വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികളിൽ ആദ്യ ഘട്ടത്തിലാണ് ഇപ്പോൾ തിയോഫിലസച്ചൻ.

തങ്ങളുടെ വിഷമസന്ധികളിൽ സ്വർഗത്തിലിരുന്ന് ഇടപെടുന്ന 'ഞങ്ങളുടെ പുണ്യാളനച്ചൻ' വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്ന ദിനത്തിനായി ഇന്ന് വലിയൊരു ജനത പ്രാർഥനാപൂർവം കാത്തിരിപ്പിലാണ്. ആ കാത്തിരിപ്പിന് മിഴിവേകുകയാണ് പാണ്ടിപ്പിള്ളിയച്ചന്റെ ദൈവദാസ പദവി പ്രഖ്യാപനം. ■

www.malankaralibrary.com

# കൊച്ചിയുടെ വിളക്കേന്തിയ വനിത

ജോസ് ക്ലെമന്റ്
*jacychathiath@gmail.com*

വാക്കുകൊണ്ട് സ്നേഹിക്കാനും സമാധാനം ആശംസിക്കാനും എല്ലാവർക്കും കഴിയും. എന്നാൽ കരുതലേകി കരുണ പ്രദർശിപ്പിക്കാൻ സ്വയം ഇല്ലായ്മപ്പെടുകയും വേദനിക്കുകയും വേണം. ഇല്ലായ്മക്കാരുടെ സുവിശേഷമായി മാറുകയാണ് തോപ്പുംപടി ഔവർ ലേഡീസ് കോൺവന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ലിസി ചക്കാലക്കൽ. ഫ്രാൻസിസ്കൻ മിഷനറീസ് ഓഫ് മേരി സന്ന്യാസിനീ സമൂഹാംഗമായ സിസ്റ്റർ ലിസിയുടെ സാമൂഹിക പ്രതിബദ്ധത നിറഞ്ഞ ജീവിതത്തിലേക്കൊരെത്തിനോട്ടം.

സന്ന്യാസത്തിന്റെ ആവൃതിയിൽ പ്രാർഥനയുടെ നിമിഷങ്ങളിൽ അഭിരമിച്ചിരിക്കാതെയും ഇല്ലായ്മക്കാരന്റെ കണ്ണീരിൽ സഹതാപം പ്രകടിപ്പിച്ച് പിൻമാറാതെയും വേദനിക്കുന്നവന്റെ തോളിൽ കൈയിട്ട് സാന്ത്വനിപ്പിച്ച് ഉള്ളായ്മക്കാരന്റെ മുന്നിൽ കരങ്ങൾ നീട്ടി ഗിരിപ്രഭാഷണം ജീവിതത്തിൽ സാർഥകമാക്കുകയാണ് സിസ്റ്റർ ലിസി ചക്കാലക്കൽ.

സ്വന്തമെന്നവകാശപ്പെടാൻ ഒരു തരിമണ്ണോ, മണ്ണുള്ളവന് അവിടെ സ്വന്തമായി ഒരു കൂരയോ ഇല്ലാത്തവർക്കുനേരെ വചനം മുളപൊട്ടി പന്തലിക്കുകയാണ് സിസ്റ്റർ ലിസിയിലൂടെ. തലചായ്ക്കാനിടമില്ലാത്തവർക്ക് കൂരയും ജീവിതവും മടക്കിക്കൊടുക്കുമ്പോൾ നഷ്ടസ്വപ്നങ്ങളുടെ കണ്ണീർക്കയത്തിൽനിന്നും ജീവിതത്തിന്റെ പച്ചപ്പിലേക്ക് കടന്നുവരുന്നവർ ഒട്ടനവധി. പ്രാർഥിച്ചൊരുങ്ങി പ്രവർത്തിക്കാൻ തീരുമാനിച്ചപ്പോൾ 171 കുടുംബങ്ങൾക്കാണ് അടച്ചുറപ്പിന്റെ സുരക്ഷിതത്വത്തിൽ അഭയം ലഭിച്ചത്. സ്നേഹയാചനയിൽ സ്വരുക്കൂട്ടുന്ന ചില്ലിത്തുട്ടുകൾകൊണ്ട് അടിസ്ഥാനമിട്ട് പരോപകാരത്തിന്റെ സഹായഹസ്തങ്ങൾകൊണ്ട് ചുവരുകളും കരുണയുടെ പുല്ലും വൈക്കോലുംകൊണ്ട് കൂരയും തീർത്ത് അനുകമ്പയുടെ ജനലും വാതിലും ഉറപ്പിച്ച് ആർദ്രതയുടെ വർണങ്ങളും പൂശി ഓരോ ഭവനവും പൂർത്തീകരിക്കുമ്പോൾ വചനത്തിന് മാംസാവതാരം നൽകുകയാണ് സിസ്റ്റർ ലിസി.

യൗവനത്തിലെ സ്വർഗം പിടിച്ചുവാങ്ങിയ ലിസ്യൂവിലെ കൊച്ചുറാണിയുടെ നാമധാരി ദൈവസ്നേഹത്തിന്റെ കരുണ വറ്റാത്ത കുറുക്കുവഴിയിലൂടെ ഇടറാതെ, പതറാതെ സഞ്ചരിച്ചപ്പോൾ 171 ആലംബഹീനർക്കാണ് തലചായ്ക്കാൻ ഇടമൊരുക്കിക്കൊടുത്തത്. പ്രശസ്തിക്കും പെരുമയ്ക്കുമായി കരുണയെന്ന ലേബൽ മുഖത്തണിയുന്ന പരശതംപേർക്കിടയിൽ നിശബ്ദതയിലൂടെ ഒരരുവികണക്കെ ഒഴുകുന്ന ഒരു സ്നേഹനീർച്ചാലായി മാറുകയാണ് കാരുണ്യത്തിന്റെ ഈ സമർപ്പിത.

## ഒരു മാലാഖ സൗഹൃദം

ഒരരുവിക്കു മീതെയുള്ള നടപ്പാലത്തിലൂടെ വേച്ചുവേച്ചു കയറുന്ന ഒരു കുഞ്ഞിനെ ഒരു മാലാഖ കരംകൊടുത്ത് മറുകരയെത്തിക്കുന്ന ഒരു വിഖ്യാത ചിത്രമുണ്ട്. മനംകുളിർപ്പിക്കുന്ന ആ ചിത്രത്തിന്റെ ഒരു പ്രതിരൂപംപോലെയാണ് കയറിക്കിടക്കാൻ, അന്തിയുറങ്ങാൻ ഒരു കൂടില്ലാത്തവർക്ക് ഒരു മാലാഖ സൗഹൃദംകണക്കേ തന്റെ കരംനീട്ടി കരുണയുടെ വാതായനങ്ങൾ തുറന്നുകൊടുക്കുന്ന സിസ്റ്റർ ലിസിയുടെ മനോഭാവം. ജാതിമത പക്ഷാന്തരങ്ങളൊന്നും ഈ ഫ്രാൻസിസ്കൻ സന്ന്യാസിനിക്കില്ല. കാരണം, പ്രപഞ്ചത്തെയും പ്രപഞ്ചവസ്തുക്കളെയും അതിരുവിട്ട് സ്നേഹിച്ച് സൂര്യകീർത്തനമാലപിച്ച അസ്സീസിയിലെ ഫ്രാൻസിസിന്റെ അരൂപി സിരകളിൽ ഓടുമ്പോൾ തന്റേതായി ഒന്നും സ്വന്തമാക്കാൻ

www.malankaralibrary.com



ആഗ്രഹിക്കാതെ തനിക്കുള്ള കഴിവും കഴിവുള്ളവരെ കണ്ടെത്തി അവരുടെ ഔദാര്യവും സ്വീകരിച്ച് അർഹരായവർക്കായി കരുണയുടെ പുല്ലും വൈക്കോലും ഉപയോഗിച്ച് ഓരോ കൂടൊരുക്കുമ്പോഴും അതൊക്കെ സ്നേഹത്തിന്റെ പുൽക്കൂടുകളായി മാറുകയാണ്. ഒരു നേരത്തെ ഭക്ഷണം നൽകി വയറിന്റെ സുഭിക്ഷത നൽകുന്നതിനേക്കാളുപരിയായി ജീവിതത്തിനു സുഭിക്ഷത നൽകാനുള്ള വലിയ കാഴ്ചപ്പാടാണ് സിസ്റ്ററിൽ അന്തർലീനമായിരിക്കുന്നത്. ഒരേ സമയം വെളിച്ചമാകുകയും വെളിച്ചം വിതറുകയും ചെയ്യുമ്പോൾ സമൂഹത്തിൽ അരികുവല്കരിക്കപ്പെട്ടവർക്കിടയിൽ രക്ഷയുടെ സന്ദേശമേകിക്കൊണ്ട് ഒരു വാൽനക്ഷത്രമായി ശോഭിക്കുകയാണ് സിസ്റ്റർ ലിസി.

## പാർശ്വവല്കൃതരുടെ നക്ഷത്രവെളിച്ചം

സ്വാർഥതയിൽ അഭിരമിച്ചിരിക്കുന്ന ഒരു സമൂഹത്തിനു മുന്നിൽ നന്മയുടെ നക്ഷത്രവെളിച്ചമാകുക ദുഷ്കരമാണ്. എന്നാൽ അത് അസാധ്യമല്ലെന്നു സാക്ഷ്യപ്പെടുത്തുന്ന സാക്ഷ്യജീവിതമാണ് ഹൗസ് ഓഫ് ചലഞ്ച് പദ്ധതിയുടെ അമരക്കാരി സിസ്റ്റർ ലിസിയുടേത്. സമർപ്പിത ജീവിതത്തിന്റെ പ്രാർഥനാസുഗന്ധമേറ്റു നിൽക്കുന്ന ഈ 55 കാരിക്ക് ചെയ്യുന്ന പ്രവൃത്തിയിലേതിലും തനിമ നിലനിർത്താൻ നിർബന്ധമുള്ളയാളാണ്. മൂന്നു പതിറ്റാണ്ടു പിന്നിട്ട സമർപ്പിത ജീവിതവും രണ്ടുപതിറ്റാണ്ടു പിന്നിട്ട അധ്യാപനജീവിതവും സമന്വയിപ്പിക്കുന്നതോടൊപ്പം സാമൂഹിക മണ്ഡലങ്ങളിലും കർമോന്മുഖയായി വ്യാപരിക്കുന്ന സിസ്റ്ററിൽ ഈ തനിമയും വ്യതിരിക്തതയും പ്രകടമായി കാണാൻ കഴിയും.

വിദ്യാഭ്യാസത്തിലൂടെ സംഭവിക്കേണ്ടത് സമഗ്രവികസനമാണെങ്കിൽ അതിന് അടിസ്ഥാനപരമായി ത്രിവിധ ശക്തീകരണങ്ങൾ സാധ്യമാക്കേണ്ടതുണ്ടെന്നാണ് സിസ്റ്റർ ലിസിയുടെ ഭാഷ്യം. ഇത് ഫ്രാൻസിസ്കൻ മിഷനറീസ് ഓഫ് മേരി സന്ന്യാസിനി സമൂഹത്തിൽനിന്നും ആർജിച്ചെടുത്തതാണെന്നു സമ്മതിക്കുമ്പോൾ എഫ്.എം.എം സഭാസമൂഹത്തോടുള്ള വിധേയത്വവും ആദരവും പ്രകടമാകുകയും ചെയ്യുന്നു.

## ഇന്നലെകളിലേക്കൊരു മടക്കം

നവസന്ന്യാസിനിയും അധ്യാപികയുമായി സിസ്റ്റർ ലിസി കർമരംഗത്തേക്കിറങ്ങുന്നത് തിരുവനന്തപുരം ലത്തീൻ അതിരൂപതയിലുൾപ്പെട്ട പൂവാർ ലൂർദ്പുരം സെന്റ് ഹെലൻസ് ഹൈസ്കൂളിലാണ്. മത്സ്യബന്ധനത്തൊഴിലാളികൾ അധിവസിക്കുന്ന ഒരു തീരദേശമേഖലയാണ് പൂവാർ. ഒരു സന്ന്യാസിനി എന്ന നിലയിൽ പ്രാദേശിക ഇടവകയിലെ ബി.സി.സി (ബേസിക് ക്രിസ്ത്യൻ കമ്മ്യൂണിറ്റി) ആനിമേറ്ററായി കുടുംബപ്രേഷിതശുശ്രൂഷാരംഗത്തും സജീവമായിരുന്നു സിസ്റ്റർ. നിയതമായ ചട്ടക്കൂടുകളും ക്രമീകൃതമായ ഒരു വ്യവസ്ഥയുമുള്ള കോൺവന്റ് അന്തരീക്ഷത്തിൽനിന്നും തീരദേശജനതയുടെ കുടിലുകളിലേക്കുള്ള പ്രയാണവും സന്ദർശനങ്ങളുമാണ് പ്രാർഥനയ്ക്കൊപ്പം പ്രവർത്തനവും അനിവാര്യമാണെന്ന ബോധ്യമുണ്ടാക്കിയത്. താൻ സ്വീകരിച്ച ദൈവവിളിക്കുള്ളിൽ മറ്റൊരു ജീവിതവിളിയുണ്ടെന്ന് തിരിച്ചറിയുന്നതിവിടെയാണ്. തന്നിലെ സാമൂഹിക പ്രതിബദ്ധത തട്ടിയുണർത്തിയത് ഈ തീരഗ്രാമവും ഗ്രാമവാസികളുമാണെന്ന് സിസ്റ്റർ ലിസി വെളിപ്പെടുത്തുന്നു. പട്ടിണിയുടെയും ദാരി

www.malankaralibrary.com

ദ്ര്യത്തിന്റെയും വറചട്ടിയിലായിരിക്കുന്ന കലഹപ്രിയർക്കിടയിൽ സ്നേഹത്തിന്റെ വിത്തുകൾ വിതച്ചപ്പോൾ അവ നാമ്പിട്ട് കിളിർക്കുമെന്ന് കണ്ടപ്പോൾ ഈ തീരജനതയുടെ മനസ്സും അവരിലെ നന്മയും സിസ്റ്റർ തിരിച്ചറിയുകയായിരുന്നു. നാഗരികതയുടെ ഗർവും ധാർഷ്ട്യങ്ങളൊന്നുമില്ലാത്ത നിഷ്കളങ്കരായ കടലോര ജനതയ്ക്കിടയിൽ നടത്തിയ പ്രവർത്തനങ്ങൾ ഈ അവശജനതയുടെ സമുദ്ധാരണത്തിനു ഉതകുന്നവയായിരുന്നു.

## ബേത്‌ലെഹെം യാത്ര

കനേഷുമാരിയുടെ ഭാഗമായി പേരെഴുതിക്കാനായല്ല സിസ്റ്റർ ലിസിയുടെ ബേത്‌ലെഹം യാത്ര. അപ്പത്തിന്റെ ഭവനമെന്നറിയപ്പെടുന്ന ബേത്‌ലെഹെമുകളിൽ വസിക്കുന്നവർക്ക് അപ്പവും ഭവനവും ഉണ്ടോയെന്ന് തിരക്കാനുള്ള യാത്രയാണ്. തന്റെ ക്ലാസ്സ് മുറിക്കുള്ളിലെ ശിഷ്യസമ്പത്തുകളുടെ മനസ്സുതൊട്ടറിയാൻ ശ്രമിക്കുന്ന ഈ ഗുരുഭൂത അവരുടെ ഇല്ലായ്മകളും വല്ലായ്മകളും നോവും നൊമ്പരവും അറിഞ്ഞുകഴിയുമ്പോൾ അവരിലേക്കു മാത്രമല്ല അവരുടെ കുടുംബബന്ധങ്ങളിലേക്കുകൂടി സിസ്റ്ററിന്റെ കണ്ണും കാതും നീളുമ്പോൾ പാദങ്ങളും അവിടേക്ക് ചലിക്കുകയാണ്. അങ്ങനെയുള്ള ഭവനസന്ദർശനങ്ങളാണ് അപ്പത്തിന്റെ ഭവനമാകേണ്ട ബേത്‌ലെഹെമിലെ പുൽക്കൂടുകളൊക്കെ മേൽക്കൂരയില്ലാത്തതും ചോർന്നൊലിക്കുന്നതും അശാന്തി നിറഞ്ഞതുമാണെന്ന ബോധ്യം സിസ്റ്ററെ അസ്വസ്ഥയാക്കിയത്. ഈ അസ്വസ്ഥതയുടെ പുകച്ചിലിൽനിന്നും ഉയിർക്കൊണ്ട ജീവകാരുണ്യ പ്രവർത്തനങ്ങളാണ് തല ചായ്ക്കാനൊരിടം എന്ന ആശയം പ്രായോഗികമാക്കാൻ ഈ ഭാഷാധ്യാപികയെ പ്രേരിപ്പിച്ചത്. ആ ശ്രമങ്ങൾ പരിപൂർണ വിജയമായിക്കൊണ്ടിരിക്കുകയാണ്. ഈ ക്രിസ്മസ്നാളിൽ ഏഴ് ഭവനങ്ങൾ പൂർത്തീകരിക്കുകയുണ്ടായി. അത്യുന്നതങ്ങളിൽ ദൈവത്തിനുസ്തുതി ചൊല്ലി ദൈവമഹത്ത്വം സിസ്റ്റർ പ്രഘോഷിക്കുമ്പോൾ ഭൂമിയിൽ നല്ല മനസ്സുള്ളവർക്ക് കാവൽമാടം ഒരുക്കി അനേകരെ സംതൃപ്തരാക്കുകയായിരുന്നു ഈ ഗുരുഭൂത.

## കൂടൊരുക്കുന്ന അമ്മക്കിളി

അറബിക്കടലിന്റെ റാണിയാണ് കൊച്ചിയെന്ന് വാഴ്ത്തുമ്പോഴും പശ്ചിമകൊച്ചിയിലെ തീരമേഖല അറബിക്കടലിന്റെ തോഴിപോലുമല്ലായെന്നതാണ് വാസ്തവം. ഇവിടെ വസിക്കുന്ന കുട്ടികളുടെ ശോച്യാവസ്ഥ നേരിട്ടു കണ്ടറിഞ്ഞ സിസ്റ്റർ ലിസിക്ക് പെൺകുട്ടികൾക്ക് വസിക്കാനും അവരിൽ ആത്മവിശ്വാസം വളർത്തിയെടുക്കാനും പ്രഥമത അടച്ചുറപ്പുള്ള ഒരു സുരക്ഷിത ഭവനം അനിവാര്യമാണെന്ന തിരിച്ചറിവുണ്ടായി. ഈ തിരിച്ചറിവും ഉൾക്കാഴ്ചയുമാണ് 171 വീടുകളുടെ പൂർത്തീകരണത്തിനു നിദാനമായിത്തീർന്നിട്ടുള്ളത്. സാമൂഹികപ്രതിബദ്ധതയുടെ പേരിൽ പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്നീ ത്രിവിധ ദൗത്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാൻ ഈ സന്ന്യാസിനി ഒരുക്കമല്ലായിരുന്നു. അതിനാൽ കരുണയുടെ വറ്റാത്ത പ്രവാഹം സിസ്റ്ററിൽ നിന്നും ഇപ്പോഴും നിർഗളിച്ചുകൊണ്ടിരിക്കുകയാണ്. തന്നെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങളിൽമാത്രം വിശ്വസ്തയായി മുന്നേറുക എന്നതിനപ്പുറം ആ വിശ്വസ്തത ആവശ്യപ്പെടുന്ന ഒട്ടനവധി സാമൂഹിക കർത്തവ്യങ്ങളുമുണ്ടെന്ന ബോധ്യം സിസ്റ്ററിൽ രൂഢമൂലമാണ്. അതിന്റെ പ്രായോഗിക തലമാണ് അവശരും അധഃകൃതരുമായി അവഗണിക്കപ്പെട്ടുകിടക്കുന്ന സമൂഹത്തിലേക്ക് ഒരു മാലാഖസൗഹൃദമായി കൊച്ചിയുടെ വിളക്കേന്തിയ വനിതയായി മാറാൻ സിസ്റ്ററെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽപ്പെട്ടതാണല്ലോ ഭക്ഷണം, വസ്ത്രം, പാർപ്പിടം. ഇതിൽ പാർപ്പിടത്തിന് പ്രാധാന്യമേറെയുണ്ട്. ഭക്ഷണവും വസ്ത്രവും ലഭ്യമാക്കാൻ നിരവധി വഴികളും അത് നൽകാൻ ഇന്ന് അനേകം സുമനസ്സരുമുണ്ട്. എന്നാൽ ഒരു പാർപ്പിടമെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കടമ്പകളേറെയാണ്. അതും ഒരു തരിമണ്ണുപോലും സ്വന്തമായിട്ടില്ലാത്തവർക്ക്. ഇവിടെയാണ് ഭൂമിയൊരുക്കിയും അതിൽ വാസയോഗ്യമായ കൂടൊരുക്കിയും ഈ അമ്മക്കിളി തന്റെ സാമൂഹിക പ്രതിബദ്ധതയുടെ വെളിപ്പെടുത്തലുകൾ നടത്തുന്നത്.

## നഗരത്തിന്റെ നരകമുഖം

തിരുവനന്തപുരം കടലോര മേഖലയാണ് ഏറ്റവും ശോച്യാവസ്ഥയിൽപ്പെട്ടതെന്നതായിരുന്നു സിസ്റ്റർ ലിസിയുടെ നിരീക്ഷണം. എന്നാൽ തന്റെ കർമമേഖല കൊച്ചിയിലായപ്പോൾ കണ്ണമാലി, ചെല്ലാനം പ്രദേശങ്ങളിലേക്ക് ഭവനസന്ദർശനവുമായി കടന്നുചെന്നപ്പോഴാണ് മഹാനഗരത്തിന്റെ നരകമുഖം ദർശിക്കാനായത്. കൊച്ചിൻ കാർണിവലും മുസിരസ് ബിനാലെയുംകൊണ്ടൊക്കെ പുറംലോകത്ത് പുകൾപെറ്റ കൊച്ചിക്ക് ദാരിദ്ര്യത്തിന്റെയും അവഗണനയുടെയും നിസ്സഹായാവസ്ഥയുടെയും ഒരു ദുരന്ത



മുഖം കൂടെയുണ്ടെന്നത് നിഷേധിക്കാനാവില്ല. ഇതിനിടയിൽ ലഹരിയുടെ അതിപ്രസരവും ശുചിത്വമില്ലായ്മയും കൂടിയായപ്പോൾ തീർത്തും ഒരു അഴുക്കുചാലായി ഈ മഹാനഗരത്തിന്റെ പടിഞ്ഞാറൻ മേഖല പുകയുകയാണ്. ഇവിടേക്കാണ് സാന്ത്വനത്തിന്റെ ലേപനവുമായി സിസ്റ്റർ ലിസി ചക്കാലക്കലിന്റെ ധീരമായ കടന്നുവരവ്.

കടലമ്മയുടെ കനിവാശ്രയിച്ചുകഴിയുന്ന തീരവാസികൾ ഭൂരിഭാഗംപേരുടെയും ജീവിതനിലവാരം തിരകൾ കണക്കേ ഉയർന്നും താഴ്ന്നുമിരിക്കുകയാണ്. സമ്പാദ്യശീലം ഇവർക്കന്യമാണ്. ഉള്ളപ്പോൾ ഓണംപോലെയും ഇല്ലാത്തപ്പോൾ വറുതിയുടെ ആഴക്കയത്തിലും കഴിയുന്ന മനുഷ്യർ. പക്ഷേ, ഇതിനിടയിലും കടംകൊണ്ടിട്ടാണെങ്കിലും മദ്യവും ലഹരിയും അനുഭവിച്ച് സ്വപ്നലോകത്തു ജീവിക്കുന്നവരാണ് പലരും. ഭാര്യയും പെൺമക്കളുമടങ്ങുന്ന കുടുംബം ഒറ്റമുറിയിൽ സുരക്ഷിതരല്ലാതെ വസിക്കുന്ന ദയനീയ കാഴ്ച പലയിടത്തും കാണാം. പെയ്തുവീഴുന്ന മഴയും ഇരമ്പി മറിഞ്ഞെത്തുന്ന കടൽത്തിരമാലകളും ഈ ഒറ്റമുറി കൂരകളോട് ഒരു ദാക്ഷിണ്യവും കാണിക്കാറില്ല. കാലവർഷവും കടൽക്ഷോഭവും ഇവരെയൊക്കെ പ്രകൃതിദുരന്തക്യാമ്പുകളിലാക്കുമ്പോൾ ദുരിതത്തിന്റെ കാഴ്ചകൾ നീളുകയാണ്. മനുഷ്യന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്ത് ജീവിതത്തിന്റെ പച്ചത്തുരുത്തിലേക്ക് കൈപിടിച്ചുകൊണ്ടുവരണമെന്ന ആശയം സിസ്റ്റർ ലിസിയിൽ അങ്കുരിക്കുന്നതങ്ങനെയാണ്.

## ജൂബിലിവന്നാലും ഉണ്ണിപിറന്നാലും ലക്ഷ്യം ഭവനം

സിസ്റ്റർ ലിസിയെന്ന ഗുരുഭൂതയുടെ ജീവിതത്തിൽ എന്ത് വിശേഷ ആഘോഷങ്ങൾ വന്നാലും അത് ആഘോഷപൊലിമയാക്കി തമസ്കരിക്കാതെ ഭയമില്ലാതെ അന്തിയുറങ്ങാൻ ഒരു ഭവനം സ്മാരകമായി നൽകുകയെന്ന ലക്ഷ്യം മാത്രമാണ് മനസ്സുനിറയെ. താൻ അമരക്കാരിയായിരുന്ന തോപ്പുംപടി ഔവർ ലേഡീസ് കോൺവന്റ് ഗേൾസ് ഹൈസ്കൂളിന്റെ പ്ലാറ്റിനം ജൂബിലിയുടെ ആഘോഷാരവങ്ങളുയർന്നപ്പോൾ ജൂബിലി സ്മാരകത്തെക്കുറിച്ചുള്ള ചർച്ചകളിൽ സിസ്റ്റർ ലിസിക്ക് ഒരു സംശയവും ആശയക്കുഴപ്പവുമുണ്ടായിരുന്നില്ല. ഒരു നിർധന വിദ്യാർഥിനിക്ക് വീടൊരുക്കിക്കൊടുക്കുകയെന്നതായിരുന്നു സിസ്റ്ററിന്റെ പ്രതികരണം. എന്നാൽ രണ്ടായിരത്തിഅഞ്ഞൂറോളം വിദ്യാർഥികളുള്ള ഒരു വിദ്യാലയത്തിൽനിന്നും ഒരു വിദ്യാർഥിനിയെ കണ്ടെത്തുക ശ്രമകരമാണെന്നതായിരുന്നു അടുത്ത കടമ്പ. ഈ സംശയങ്ങൾക്കും സിസ്റ്റർ ലിസിക്ക് വ്യക്തമായ മറുപടി ഉണ്ടായിരുന്നു. പക്ഷേ, അത് അപ്പോൾ പരസ്യപ്പെടുത്താൻ ശ്രമിക്കാതെ അർഹയായ ഒരു കുട്ടിയെ കണ്ടെത്തുക എന്നതായിരുന്നു പിന്നീട് സിസ്റ്റർ ഏറ്റെടുത്ത വെല്ലുവിളി!

ഫ്രാൻസിസ്കൻ സന്ന്യാസത്തിന്റെ അരൂപി എന്നത് ഒരു കരം ദൈവത്തിലും മറുകരം സഹോദരരിലേക്കും എന്നതാണ്. ഈ അരൂപിയുടെ ചൈതന്യത്തോടു കൂടിയാണ് ഈ പ്രധാനധ്യാപിക പിന്നീടുള്ള സമയങ്ങൾ ചെലവഴിച്ചത്. ആയിടെയാണ് തന്റെ ക്ലാസ്സിലെ ക്ലാരയെന്ന കുട്ടിയുടെ പിതാവ് ബെന്നി ആകസ്മികമായി മരണപ്പെടുന്നത്. ചെറിയകടവ് സ്വദേശിനിയായ ആ കുട്ടിയുടെ വീട്ടിലെത്തിയപ്പോൾ ഒറ്റമുറി മാത്രമുള്ള ആ വീട്ടിൽ മൃതദേഹം പൊതുദർശനത്തിന് വയ്ക്കാൻപോലും സൗകര്യമില്ലാത്തതിനാൽ അടുത്തുള്ള ഒരു ഒഴിഞ്ഞ പറമ്പിലാണ് മൃതദേഹം കിടത്തിയിരുന്നത്. മരണവീട്ടിലെ വിലാപത്തിൽനിന്നും ഒരു കാര്യം സിസ്റ്ററിനു ബോധ്യമായി, മരണപ്പെട്ടയാൾ ദേശവാസികളുടെ പ്രിയങ്കരനും നല്ലൊരു മനുഷ്യസ്നേഹിയുമായിരുന്നെന്ന്. ഒറ്റമുറി വീടിന്റെ മേൽക്കൂര ചോർന്നൊലിക്കുന്നതിനാൽ അത് ഷീറ്റിട്ട് ചോർച്ച തടയാൻ മേൽക്കൂരയിൽ കയറിയ കൽപ്പണിക്കാരനായ ബെന്നി ഹൃദയാഘാതത്താൽ തൽക്ഷണം മരിച്ചതാണെന്ന വാർത്തകൂടി അറിഞ്ഞപ്പോൾ സിസ്റ്റർ ലിസിക്ക് ജൂബിലിസ്മാരകം ഉയർത്തേണ്ടത് എവിടെയാണെന്നതിനുള്ള ഉത്തരം കിട്ടുകയായിരുന്നു.

മൃതസംസ്കാരാനന്തരം പിറ്റേന്നുതന്നെ സിസ്റ്റർ ലിസി വീണ്ടും ആ ഭവനത്തിലേക്ക് കടന്നുചെന്ന് പരേതന്റെ ഭാര്യ മിനിയുമായി സംസാരിച്ചു. ഒരാൺകുട്ടി

www.malankaralibrary.com

യും പെൺകുട്ടിയും ഉൾപ്പെട്ട നാലംഗകുടുംബത്തിന്റെ ഊണുമുറിയും കിടപ്പുമുറിയും പ്രാർഥനാമുറിയും ഡ്രസ്സിംഗ് മുറിയും സ്വീകരണമുറിയും പാചകമുറിയുമൊക്കെ ഇതുതന്നെയാണെന്നും ടോയ്‌ലറ്റ് സൗകര്യങ്ങൾക്ക് ആശ്രയം കടപ്പുറമാണെന്നും വെളിപ്പെടുത്തിയപ്പോൾ അക്ഷരാർഥത്തിൽ സിസ്റ്റർ സ്തബ്ധയായിപ്പോയി. വിധവയായ ആ വീട്ടമ്മയുടെ സങ്കടപ്പെയ്ത്ത് ഒരു കടലിരമ്പംപോലെ സിസ്റ്ററിന്റെ അന്തരാളത്തിൽ മുഴങ്ങുകയായിരുന്നു. ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട് ഒഴിഞ്ഞ കരങ്ങൾ നോക്കിക്കൊണ്ട് സിസ്റ്റർ ദൃഢമായ ഒരു തീരുമാനം കൈക്കൊണ്ടു- അടച്ചുറപ്പുള്ള ഒരു ഭവനം ഇവർക്ക് സ്വന്തമാക്കിക്കൊടുക്കണം. അവിടെയുണ്ടായിരുന്ന പരേതന്റെ കൂട്ടുകാരോടായി സിസ്റ്റർ പറഞ്ഞു: "നിങ്ങളൊക്കെ ഈ കുടുംബനാഥന്റെ നല്ല തൊഴിലാളി സുഹൃത്തുക്കളായിരുന്നില്ലേ. ഇദ്ദേഹത്തിന്റെ കുടുംബത്തിന് അടച്ചുറപ്പുള്ള വീട് സാക്ഷാത്കരിച്ചു നൽകേണ്ടത് നമ്മുടെ കടമയല്ലേ? 30-ാം ചരമദിനം കഴിഞ്ഞാലുടൻ വീടിന് കല്ലിടണം" ജൂബിലി സ്മാരക ഭവനത്തിന്റെ വിളംബരമുയരുകയായിരുന്നു അന്നവിടെ.

ഇക്കാര്യം കോൺവന്റ് അധികാരികളുമായി ചർച്ച ചെയ്യുകയും പ്രായോഗിക നടപടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. കരിവേലിപ്പടി ആശ്രമസുപ്പിരിയറുടെയും കോൺവന്റ് സുപ്പിരീയറുടെയും വിശാല മനസ്കതകൂടി സിസ്റ്റർ ലിസിയുടെ ഉദ്ദേശശുദ്ധിയോടൊപ്പം ചേർന്നപ്പോൾ ഭവനനിർമാണം അടിയന്തരമായി ആരംഭിച്ചു. സന്മനസ്സുള്ളവരുടെ സാമ്പത്തിക സഹായവും സുഹൃത്തുക്കളുടെ ശ്രമദാനവും ഒത്തുചേർന്നപ്പോൾ ചുരുങ്ങിയനാൾ കൊണ്ട് അറ്റാച്ച്ഡ് ബാത്ത് റൂം സൗകര്യത്തോടുകൂടിയ രണ്ടുമുറികളും അടുക്കളയും സിറ്റൗട്ടും ഉൾപ്പെട്ട ഒരു കൊച്ചുഭവനം പൂർത്തീകരിച്ചു. ജൂബിലി വർഷത്തിൽതന്നെ ജൂബിലി സ്മാരകഭവനം ആശീർവദിച്ച് താമസയോഗ്യത്തിനായി കൊടുത്തു. ഈ നിർമാണ പ്രവർത്തനങ്ങൾക്കുശേഷം വരവുചെലവു കണക്കുകൾ പരിശോധിച്ച സിസ്റ്റർ ലിസി ഇരുപത്തയ്യായിരം രൂപ മിച്ചം വന്നതായി കണ്ടെത്തി. ഈ ശേഷിപ്പ് സിസ്റ്ററിൽ പുതിയ ചിന്തകൾക്ക് രൂപംനൽകി- ഭവനരഹിതരില്ലാത്ത ഒരു നവ കേരളം! പുത്തൻ ചുവടുവയ്പായിരുന്നത്. ഒരു ദശകം പിന്നിടുമ്പോൾ 171 ഭവനങ്ങളാണ് സിസ്റ്ററിന്റെ ഇച്ഛാശക്തിയിൽനിന്ന് പിറവികൊണ്ടത്.

കടന്നുപോയ ക്രിസ്മസിൽ മഴവിൽ ചാരുതയോടെ ഏഴ് ഭവനങ്ങളിലാണ് നക്ഷത്രവെളിച്ചം പ്രഭ വിതറിയത്. വൈപ്പിൻ, ചെല്ലാനം ഭാഗങ്ങളിലായി ഷിഫി ആന്റണി, മേരി സാനിയ, ടാജി ജോസഫ്, വി.വി അഗസ്റ്റിൻ, സിമി ബിജു, കൊച്ചുത്രേസ്യ ആന്റണി എന്നിവർക്കാണ് വീട് എന്ന സ്വപ്നം സാക്ഷാത്കരിച്ചു നൽകിയത്. 14 സ്വപ്നഭവനങ്ങൾ കൂടെ സാക്ഷാത്കരിക്കുന്നതിന്റെ ഭഗീരഥയജ്ഞം നടന്നുകൊണ്ടിരിക്കുകയുമാണ്. ഇതിൽ ഭൂമിപോലുമില്ലാത്തവർക്ക് ഭൂദാനം മഹാദാനം പദ്ധതിയിലൂടെ പല സുമാനസരിൽ നിന്നും ഭൂമി ലഭിക്കുന്നുണ്ടെന്നതും സിസ്റ്റർ കൃതജ്ഞതയോടെ പങ്കുവയ്ക്കുന്നു.

## സഹപാഠിക്കൊരു ഭവനം

ജാതിമതഭേദമെന്യേ തലചായ്ക്കാൻ പുൽക്കൂടൊരുക്കുന്ന സമർപ്പിതയാണ് സിസ്റ്റർ ലിസി. തന്റെ തന്നെ ശിഷ്യസമ്പത്തായ ഔവർ ലേഡീസ് കോൺവന്റ് ഹൈസ്കൂളിലെ 120 നിർധനരും ഭവനരഹിതരുമായ വിദ്യാർഥിനികൾക്കാണ് ജാതിയുടെയും മതത്തിന്റെയും തരംതിരിവുകളില്ലാതെ വീടുകൾ നിർമിച്ചു നൽകിയത്. 'സഹപാഠിക്കൊരു ഭവനം' എന്ന മുദ്രാവാക്യത്തോടെ ആരംഭിച്ച ഭവനനിർമാണ പദ്ധതി ഇപ്പോൾ ഹൗസ് ഓഫ് ചലഞ്ച് എന്ന പേരിൽ മുന്നേറുന്നതിന്റെ ടിൻ ജൂബിലി വർഷമാണിത്. ഒറ്റയാൾ പടയോട്ടമായി ആരംഭിച്ച ഈ പുൽക്കൂടൊരുക്കലിൽ ഇപ്പോൾ കൂടെച്ചേരാൻ സുമനസ്സർ ഏറെയാണ്. ജനപ്രതിനിധികൾ കക്ഷിരാഷ്ട്രീയം മറന്ന് ഭാഗഭാക്കുകളാകുന്നതോടൊപ്പം സുപ്രീംകോടതി ജസ്റ്റിസായിരുന്ന കുര്യൻജോസഫ് പോക്കറ്റ്മണി സ്വയം സ്വരൂപിച്ച് രണ്ടുവീടുകൾ നിർമിക്കാനുള്ള തുക നൽകുകയുണ്ടായി. എല്ലാത്തിലുമുപരി തന്റെ സന്ന്യാസിനി സമൂഹത്തിന്റെ മേലധികാരികളും സഹസന്ന്യാസിനിമാരും അധ്യാപിക അനധ്യാപിക കൂട്ടായ്മയും പൂർവവിദ്യാർഥികളും പൂർവാധ്യാപകരും പ്രോത്സാഹനവും കരുത്തും പകർന്നു നൽകുന്നതായി ഈ നിർമിതിക്കാരി വെളിപ്പെടുത്തുന്നു. സ്കൂളിലെ നല്ല പാഠം കോ-ഓർഡിനേറ്റർ ലില്ലി പോൾ ടീച്ചർ സിസ്റ്റർ ലിസിക്കൊപ്പം ഈ രംഗത്ത് കരുത്തായി കൂടെയുണ്ട്. കൂടാതെ കോൺഫിഡന്റ് ഗ്രൂപ്പിന്റെയും കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ഫൗണ്ടേഷന്റെയും റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഗ്ലോബലിന്റെയും നോവൽറ്റി ജോസിന്റെയും സമർപ്പണ ത്യാഗമനോഭാവ സഹായസഹകരണങ്ങൾക്കൊപ്പം വിദ്യാർഥികളുടെ ചില്ലിത്തുട്ടുകളുംവരെ ലഭിക്കുന്നുണ്ടെന്നുള്ളത് നിറഞ്ഞ

www.malankaralibrary.com

മനസ്സോടെ ഉൾക്കൊണ്ട് നന്ദിയർപ്പിക്കാനും ഈ സന്ന്യാസിനി മറക്കുന്നില്ല.

## ആധ്യാത്മിക ജീവിതം

അധ്യാപനവും സാമൂഹിക പ്രവർത്തനങ്ങളും സമന്വയിപ്പിച്ചു മുന്നേറുമ്പോൾ ഒരു സന്ന്യാസിനി എന്ന നിലയിൽ ആധ്യാത്മിക ജീവിതത്തിന് ശോഷണമുണ്ടോയെന്ന ചോദ്യത്തിനും കൃത്യമായ മറുപടിയാണ് സിസ്റ്റർ ലിസിക്കുള്ളത്. താൻ എത്രത്തോളം ആഴമായി പ്രേഷിതപ്രവർത്തനത്തിലായിരിക്കുന്നുവോ അത്ര ആഴമുള്ളതായിത്തീരും തന്റെ ആധ്യാത്മിക ജീവിതവുമെന്നാണ് സിസ്റ്ററിന്റെ ദർശനം. 'എന്നെ അനുഗമിക്കുക' എന്ന നാഥന്റെ ആഹ്വാനത്തിന് പ്രത്യുത്തരമേകുമ്പോൾ വിളിച്ചവനോടുള്ള വിശ്വസ്തതയിൽ അവന്റെ രക്ഷാകര ജനനത്തിൽ പങ്കുചേരുകയെന്നതാണ് മർമപ്രധാനമായ കാര്യം. പുൽക്കൂട്ടിൽ പിറന്ന ദിവ്യഉണ്ണി കൂടെയുണ്ടെന്നുള്ള ബോധ്യത്തോടെ ബലിയർപ്പണം ജീവിതത്തിന്റെ ശക്തികേന്ദ്രമാക്കി മാറ്റുമ്പോൾ വ്യക്തമാകും; ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നതെന്ന നാഥന്റെ വചനത്തിന്റെ പൊരുൾ.

## ഫ്രാൻസിസ്കൻ പ്രേഷിതതീക്ഷ്ണത

തദ്ദേശീയ സന്ന്യാസിനി സമൂഹങ്ങൾ കേരളത്തിൽ അല്ലെങ്കിൽ ഭാരതത്തിൽ മാത്രം ഒതുങ്ങുന്നതാണെന്ന് ബോധ്യപ്പെട്ട ലിസിക്ക് ലോകമെമ്പാടും പോയി പ്രേഷിതപ്രവർത്തനങ്ങൾ ചെയ്യുന്നതിന് പറ്റിയ ഒരു ആഗോള സന്ന്യാസിനി സമൂഹത്തിൽ ചേരണമെന്നതായിരുന്നു ആഗ്രഹം. ആ ഒരന്വേഷണം ചെന്നെത്തിയത് മദർ മേരി ഓഫ് ദ് പാഷൻ സ്ഥാപിച്ച ആദ്യ ആഗോള സന്ന്യാസിനി സമൂഹമായ ഫ്രാൻസിസ്കൻ മിഷണറീസ് ഓഫ് മേരിയിലാണ്. സിസ്റ്ററുടെ അമ്മയുടെ സതീർഥ്യയും എഫ്.എം.എം സന്ന്യാസിനിയുമായ സിസ്റ്റർ മരിയ ചാക്കപ്പൻ ഇടശ്ശേരിയുടെ സ്വാധീനവും കൂടെയായപ്പോൾ ലിസിയെ ഫ്രാൻസിസ്ക്കൻ കോൺഗ്രിഗേഷനിലേക്ക് ആകൃഷ്ടയാക്കി. പ്രീഡിഗ്രി പഠനത്തെത്തുടർന്ന് സഭയുടെ ഊട്ടി പ്രൊവിൻസിൽ കോയമ്പത്തൂരിൽ എഫ്.എം.എം സന്ന്യാസ സഭയിൽ അർഥിനിയായി ചേർന്നു. പഠന പരിശീലനങ്ങൾക്കൊടുവിൽ 1999 ഡിസംബറിൽ നിത്യവ്രതവാഗ്ദാനം നടത്തി. തുടർന്ന് ബെംഗലുരു ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽനിന്ന് ബിരുദവും എറണാകുളം സെന്റ് ജോസഫ്സ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളജിൽനിന്ന് ബി.എഡ് ബിരുദവും കരസ്ഥമാക്കി.

ഇരിങ്ങാലക്കുട രൂപത മേലഡൂർ ചക്കാലക്കൽ കുഞ്ഞുവറീതിന്റെയും ത്രേസ്യക്കുട്ടിയുടെയും എട്ട് മക്കളിൽ ആറാമത്തെ കുട്ടിയാണ് സിസ്റ്റർ ലിസി. ചക്കാലക്കൽ കുടുംബത്തിൽ ധാരാളം വൈദികരും സന്ന്യസ്തരും ഉണ്ടായിരുന്നതിനാൽ ചെറുപ്പം മുതലേ ലിസിക്ക് സമർപ്പിത ജീവിതത്തോട് ആകർഷണവും ആദരവുമുണ്ടായിരുന്നു. വീട്ടിലെ ക്രൈസ്തവ ജീവിതം അതിന് പ്രോത്സാഹജനകവുമായിരുന്നു. അമ്പഴക്കാട് കൊവേന്തയിൽ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാളാഘോഷങ്ങളിൽ പങ്കെടുക്കാൻ പോയിരുന്നയവസരങ്ങളിൽ ശ്രവിച്ചിരുന്ന പ്രസംഗങ്ങൾ ലിസിയെ സ്വാധീനിച്ചിരുന്നു. കൊച്ചുകൊച്ചുകാര്യങ്ങളിലൂടെ ദൈവത്തെ സ്നേഹിക്കുന്ന ഒരു കുഞ്ഞുമിഷനറിയായിത്തീരാൻ അന്നേ ഈ കുഞ്ഞ് ആഗ്രഹിച്ചു.

## സേവന മേഖലകൾ

തിരുവനന്തപുരം പൂവാർ ലൂർദ്പുരം സെന്റ് ഹെലേന സ്കൂളിൽ അധ്യാപിക, കൊച്ചി തോപ്പുംപടി ഔവർ ലേഡീസ് കോൺവന്റ് ഗേൾസ് ഹൈസ്കൂൾ അധ്യാപികയായി 12 വർഷസേവനം. തുടർന്ന് പ്രധാനാധ്യാപിക. ഇപ്പോൾ ഔവർ ലേഡീസ് കോൺവന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലായി കർമനിരതയായിരിക്കുന്നു.

## നൂറിന്റെ സ്നേഹാമൃത്

വിളക്കുതെളിച്ച് വെളിച്ചമേകി കൂട്ടുകൂടി കൂടെക്കൂട്ടി കൂടൊരുക്കിയ 171 ഭവനങ്ങളുടെ സാരഥി സിസ്റ്റർ ലിസിയുടെ സാമൂഹിക സേവനത്തിലൂടെ ഉയർന്ന നൂറാമത്തെ ഭവനത്തിന്റെ സ്നേഹാമൃതായി സഹപ്രവർത്തകരായ അധ്യാപകർ സിസ്റ്ററിന് സ്നേഹോപഹാരമായി നൽകിയത് ഒരു ഭവനം തന്നെയായിരുന്നു. സാമൂഹ്യപ്രതിബദ്ധതയുടെ നല്ല പാഠം പഠിപ്പിച്ചും പകർന്നും നൽകിയ സിസ്റ്ററിന്റെ 100 വീടുകളുടെ ഗിഫ്റ്റായി അധ്യാപക അനധ്യാപകരുടെ പൂർണപങ്കാളിത്തത്തോടെ സ്കൂളിലെ അഞ്ചാം ക്ലാസ്സ് വിദ്യാർഥിനിക്ക് സെന്റിനറി സ്മാരക കൂടൊരുക്കി നൽകി.

101-ാമത്തെ ഈ ഭവനം സിസ്റ്ററിന് സഹപ്രവർത്തകർ നൽകിയപ്പോൾ സിസ്റ്റർ അത് തന്റെ പ്രിയ ശിഷ്യയുടെ കുടുംബത്തിന് സമർപ്പിച്ചു. ഈ സന്ന്യാസിനിയല്ലേ ഇരുളിൽ പ്രകാശമായി പരോപകാരത്തിന്റെ വാനിൽ ഉദിച്ച വാൽനക്ഷത്രം! ■

www.malankaralibrary.com

# വിവാഹബന്ധം വേർപെടുത്താൻ റോമിന്റെ അനുവാദം ആവശ്യമുള്ളതെപ്പോൾ?

?

വിവാഹബന്ധം വേർപെടുത്തുന്നതിന് രൂപതാതല നടപടികൾക്കപ്പുറം പരിശുദ്ധ സിംഹാസനത്തിന്റെ അനുവാദം ആവശ്യമായ് വരുന്ന സാഹചര്യങ്ങളുണ്ടോ? അത്തരം സാഹചര്യങ്ങളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്?

– *നീതു, കരിപ്പാലം*



**റവ. ഡോ. മൈക്കിൾ വട്ടപ്പലം**
*സഭാനിയമപണ്ഡിതൻ, സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി, മംഗലപ്പുഴ*

വിശ്വാസത്തിനു അനുകൂലമായി വിവാഹബന്ധം വേർപെടുത്തേണ്ട (the dissolution of a marriage in favour of the faith) സാഹചര്യമുണ്ടായാൽ അത്തരം കേസുകൾ കൈകാര്യം ചെയ്യാൻ അധികാരമുള്ളത് റോമൻകൂരിയയിലെ വിശ്വാസ പ്രബോധനത്തിനുവേണ്ടിയുള്ള കാര്യാലയത്തിനാണ്(Dicastery for the Doctrine of the Faith). സാധുവായതും എന്നാൽ സംയോഗം നടക്കാത്തതുമായ വിവാഹബന്ധത്തിൽ നിന്ന് മോചിതരാകാൻ (the dissolution of a non- consummated marriage) റോമൻ കൂരിയയിലെ റോമൻറോട്ട (Roman Rota) എന്ന കോടതിവഴി ഇളവു ലഭിക്കണം. ഇങ്ങനെ രണ്ടു തരം കേസുകൾക്കാണ് ശ്ലൈഹിക സിംഹാസനത്തിന്റെ ഇടപെടൽ ആവശ്യമുള്ളത്. ഇവയിൽ ആദ്യത്തെ തരം കേസാണ് ഇവിടെ പ്രതിപാദിക്കുന്നത്.

മാമ്മോദീസ സ്വീകരിച്ച വ്യക്തിയും മാമ്മോദീസ സ്വീകരിക്കാത്ത വ്യക്തിയും തമ്മിൽ സഭാപരമായി നടന്ന വിവാഹം സഭാപരമായി വേർപെടുത്തപ്പെടേണ്ട സാഹചര്യത്തിൽ ആണ് രൂപതാതല നടപടികൾക്കപ്പുറത്തേക്ക് പോകേണ്ടി വരുന്നത്. അത്തരം വിവാഹങ്ങൾ വേർപിരിയുന്ന സാഹചര്യത്തിൽ പ്രത്യേക നിയമം പാലിക്കണമെന്ന് CCEO (കാനൻ 1384) ആവശ്യപ്പെടുന്നു. ഇത്തരം കേസുകൾ കൈകാര്യം ചെയ്യാൻ അധികാരമുള്ളത് റോമൻ കൂരിയയിലെ വിശ്വാസത്തിന്റെ കാര്യാലയത്തിനാണ് (Dicastery for the Doctrine of the Faith).

2001 ഏപ്രിൽ 30 നു വിശ്വാസത്തിന്റെ കാര്യാലയം പ്രസിദ്ധീകരിച്ച *Potestas Ecclesiae* എന്ന പേരിലുള്ള നിയമങ്ങളാണ് ഇത്തരം കേസുകൾ പരിശോധിക്കാൻ ഉപയോഗിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ അത്തരം കേസുകളെപ്പറ്റി വിശദമാക്കാം.

കക്ഷികളിൽ ഒരാൾ മാമ്മോദീസ സ്വീകരിച്ചിട്ടില്ലാത്ത വിവാഹം ഇരുകക്ഷികളും മാമ്മോദീസ സ്വീകരിച്ചുകഴിഞ്ഞ് ലൈംഗിക സംയോഗം നടന്നിട്ടില്ലെങ്കിൽ മാർപാപ്പയ്ക്ക് പിരിച്ചുവിടാൻ കഴിയും. മാമ്മോദീസ സ്വീകരിക്കാത്ത ദമ്പതികൾ പിന്നീട് മാമ്മോദീസ സ്വീകരിക്കുകയും അതിനുശേഷം സംയോഗം നടക്കാതിരിക്കുകയും ചെയ്യുന്ന കേസുകളിലും ഇത് ബാധകമാണ്.

Dicastery for the Doctrine of the Faith ആണ് ഓരോ കേസും പരിശോധിച്ച് അനുകൂലമാണെങ്കിൽ മാർപാപ്പയുടെ മുമ്പിൽ ആനുകൂല്യത്തി

www.malankaralibrary.com



നായി സമർപ്പിക്കുന്നത്. സംയോഗം നടക്കാത്ത കേസുകളിൽ വിവാഹബന്ധത്തിൽ നിന്ന് ഇളവ് നല്കാൻ ഇത്തരം കേസുകൾ പരിശോധിച്ച് മാർപാപ്പയ്ക്ക് സമർപ്പിക്കുന്ന റോമൻ റോട്ട എന്ന കോടതിയ്ക്ക് അധികാരമുണ്ട്. വിശ്വാസത്തിന് അനുകൂലമായ കേസുകളിൽ വിശ്വാസകാര്യാലയത്തിനാണ് അധികാരം.

രൂപതാമെത്രാനാണ് നടപടിക്രമങ്ങൾ രൂപതാതലത്തിൽ നടത്തേണ്ടത്. പരാതി നല്കുന്നയാളിന്റെ മെത്രാന്റെ പക്കൽ പരാതി സമർപ്പിക്കാം.

വിവാഹബന്ധം വേർപെടുത്താൻ, ആനുകൂല്യം നൽകുന്ന സമയത്ത് താഴെ പറയുന്ന കാര്യങ്ങൾ ആവശ്യമാണ്.

(i) ദാമ്പത്യജീവിതം പുനഃസ്ഥാപിക്കാൻ ഒരു സാധ്യതയുമില്ലായിരിക്കണം.

(ii) പൊതുവായ ദാമ്പത്യജീവിതം അവസാനിപ്പിക്കാൻ പരാതി നല്കിയ ആൾ കാരണമാകരുത്. പുതിയ വിവാഹം നടത്താൻ തീരുമാനിച്ചിരിക്കുന്ന കക്ഷികളും കാരണമാകരുത്.

മാമ്മോദീസ സ്വീകരിക്കാത്തയാളുമായോ മാമ്മോദീസ സ്വീകരിച്ച അകത്തോലിക്കാസഭയിലെ ആളുമായോ പുതിയ വിവാഹത്തിനൊരുങ്ങുന്ന കത്തോലിക്കാ കക്ഷി വിശ്വാസത്തിൽനിന്നു വീണുപോയേക്കാവുന്ന എല്ലാ അപകടങ്ങളും നീക്കം ചെയ്യുമെന്ന് പ്രഖ്യാപിക്കണം. അകത്തോലിക്കാ കക്ഷി അല്ലെങ്കിൽ മാമ്മോദീസാ സ്വീകരിക്കാത്തയാൾ തങ്ങളുടെ കുട്ടികളെ മാമ്മോദീസ മുക്കാനും കത്തോലിക്കാ കക്ഷിക്ക് വിശ്വാസം ജീവിക്കാനും തടസ്സമാവില്ല എന്നും പ്രഖ്യാപിക്കണം.

ഈ പ്രഖ്യാപനം എഴുതി ഇരു കക്ഷികളും ഒപ്പുവയ്ക്കുന്നില്ലെങ്കിൽ ആനുകൂല്യം നൽകുന്നതല്ല.

ഒരിക്കൽ ഇതേ നടപടിയിലൂടെ ആനുകൂല്യം ലഭിച്ചശേഷം നടത്തിയ വിവാഹത്തിന് ഇതേ നടപടിയിലൂടെ വിവാഹം വേർപിരിയാൻ നല്കുന്ന അപേക്ഷ പരിഗണിക്കേണ്ടതില്ല.

മതവ്യത്യാസത്തിന്റെ തടസ്സത്തിൽനിന്ന് ഇളവുനേടിയശേഷം നടത്തിയ കൂദാശയില്ലാത്ത വിവാഹം വേർപിരിഞ്ഞ്, കത്തോലിക്കാ കക്ഷിക്ക്, മാമ്മോദീസ സ്വീകരിച്ച ഒരാളെ വിവാഹം കഴിക്കാൻവേണ്ടി മാർപാപ്പയ്ക്ക് പരാതി നല്കാം.

മതവ്യത്യാസമുള്ളവർ നടത്തിയ വിവാഹത്തിലെ മാമ്മോദീസ സ്വീകരിക്കാത്ത കക്ഷി മാമ്മോദീസ സ്വീകരിക്കാനും അതിനുശേഷം മാമ്മോദീസ സ്വീകരിച്ച ഒരാളെ വിവാഹം കഴിക്കാനും ആഗ്രഹിക്കുകയാണെങ്കിൽ മാർപാപ്പയുടെ പക്കൽ ആ വ്യക്തിക്ക് പരാതി നൽകാം.

www.malankaralibrary.com

പരാതി നൽകുന്നയാളിന്റെ മാനസാന്തരപ്പെടാനുള്ള ആഗ്രഹം സത്യസന്ധമല്ലെന്ന് മെത്രാന് സംശയമുണ്ടെങ്കിൽ അല്ലെങ്കിൽ വിവാഹം നടത്താൻ ഉദ്ദേശിച്ച ആളിന്റെ ആത്മാർഥതയിൽ സംശയമുണ്ടെങ്കിൽ ഇരുകക്ഷികളും മാമ്മോദീസ സ്വീകരിച്ചതാണെങ്കിൽകൂടി വിശ്വാസത്തിന്റെ കാര്യാലയത്തിലേക്ക് മെത്രാൻ അയയ്ക്കരുത്.

മാമ്മോദീസ സ്വീകരിക്കാൻ ഒരുങ്ങുന്ന ഒരാളുടെ വിവാഹമാണെങ്കിൽ മാമ്മോദീസ കഴിയുന്നതുവരെ നീട്ടിവയ്ക്കണം. അതു സാധ്യമല്ലെങ്കിൽ ഉടനെതന്നെ മാമ്മോദീസ സ്വീകരിക്കുമെന്ന ധാർമിക ഉറപ്പ് ഉണ്ടായിരിക്കണം.

പ്രത്യേക വിഷമങ്ങൾ ഉണ്ടാകുന്നപക്ഷം മെത്രാൻ വിശ്വാസത്തിന്റെ കാര്യാലയവുമായി ആലോചിച്ച് പ്രവർത്തിക്കണം. മുൻവിവാഹത്തിലെ കക്ഷിയോടോ ആ വിവാഹത്തിൽ ജനിച്ച കുട്ടികളോടോ കടമകൾ നിറവേറ്റാനുണ്ടെങ്കിൽ അല്ലെങ്കിൽ ആനുകൂല്യം നല്കുന്നതുവഴി ഉതപ്പുണ്ടാകുമെങ്കിൽ അത്തരം വിഷമസന്ധികളിൽ കോൺഗ്രിഗേഷനുമായി ആലോചിക്കണം.

രൂപതാതലത്തിലോ റോമൻ തലത്തിലോ കേസ് പരിശോധിക്കുന്നതിനിടയിൽ വിവാഹത്തിന്റെ സാധുതയെപ്പറ്റി സംശയമുണ്ടായാൽ, മാർപാപ്പയ്ക്കുള്ള പരാതിയിൽ അത് സൂചിപ്പിക്കണം.

## വിശ്വാസത്തിന് അനുകൂലമായി വിവാഹം വേർപിരിയുന്ന കേസിലെ രൂപതാതല നടപടികൾ

പരാതി ലഭിച്ചാൽ മെത്രാൻ വ്യക്തിപരമായോ കോടതി ജഡ്ജിമാരിൽ നിന്നൊരാളെ തിരഞ്ഞെടുത്തു നിയമിച്ചോ കേസ് നടത്താം. നോട്ടറിയുടെ സഹായത്തോടെയും ഡിഫെൻഡർ ഓഫ് ബോൺഡിന്റെ ഇടപെടലോടെയുംവേണം നടപടികൾ പൂർത്തിയാക്കാൻ.

മറ്റുള്ളവരെ നിയമിക്കുന്നതു രേഖാമൂലം നല്കുകയും അത് നടപടിക്രമത്തിൽ ചേർക്കുകയും വേണം.

എല്ലാ വാദങ്ങളും രേഖകളോ, വിശ്വസിക്കാൻ യോഗ്യരായ സാക്ഷികളുടെ മൊഴികളോവഴി തെളിയിക്കണം. ഇരുകക്ഷികളെയും കേൾക്കണം. കക്ഷികളുടെ പ്രഖ്യാപനങ്ങൾ പൂർണതെളിവായി സ്വീകരിക്കാനാവില്ല. അതിനെ പിന്താങ്ങുന്ന മറ്റ് ഘടകങ്ങളും ചേർന്ന് ധാർമിക ഉറപ്പ് ലഭിക്കണം.

രേഖകൾ ഒറിജിനൽ ആണെങ്കിലും അഥവാ പകർപ്പാണെങ്കിലും നോട്ടറി അത് സമ്മതിച്ച് എഴുതിക്കൊടുക്കണം. എല്ലാ രേഖകളും മുഴുവനായിത്തന്നെ വിശ്വാസകാര്യാലയത്തിലേക്ക് അയയ്ക്കണം. പകർപ്പാണെങ്കിൽ മെത്രാന്റെ നോട്ടറി സമ്മതിച്ച് എഴുതികൊടുത്തതായിരിക്കണം.

കക്ഷികളെയും സാക്ഷികളെയും ഇൻസ്ട്രക്റ്ററാണ് വിസ്തരിക്കുന്നത്. അതിനുമുമ്പ് ഡിഫെൻഡർ ഓഫ് ബോൺഡിനെയും നോട്ടറിയെയും ക്ഷണിക്കണം.

ഇൻസ്ട്രക്റ്റർ സത്യപ്രതിജ്ഞ ചെയ്യിച്ചിട്ടു വേണം വിസ്തരിക്കാൻ. ആരെങ്കിലും അതിന് വിസമ്മതിച്ചാൽ സത്യപ്രതിജ്ഞ എടുപ്പിക്കാതെതന്നെ അവരെ വിസ്തരിക്കാം. സത്യം പറയാനും പറഞ്ഞത് സത്യമാണെന്ന് ഉറപ്പിക്കാനുമാണ് സത്യപ്രതിജ്ഞ ചെയ്യിക്കുന്നത്.

ഇൻസ്ട്രക്റ്റർ തന്നെയോ ഡിഫെൻഡർ ഓഫ് ബോൺഡോ തയ്യാറാക്കിയ ചോദ്യാവലിയിൽ നിന്നാണ് ഇൻസ്ട്രക്റ്റർ കക്ഷികളോടും സാക്ഷികളോടും ചോദ്യങ്ങൾ ചോദിക്കേണ്ടത്. ആവശ്യമെങ്കിൽ മറ്റു ചോദ്യങ്ങളും കൂട്ടിച്ചേർക്കാം.

ഉത്തരങ്ങളുടെ അടിയിൽ കക്ഷി/സാക്ഷി, ഇൻസ്ട്രക്റ്റർ, നോട്ടറി എന്നിവർ ഒപ്പിടണം.

എതിർകക്ഷിക്കോ ഒരു സാക്ഷിക്കോ വ്യക്തിപരമായി ഇൻസ്ട്രക്റ്ററിന്റെ മുമ്പിൽവന്ന് മൊഴി നൽകാൻ പറ്റാതെ വരുകയോ വരാൻ കൂട്ടാക്കാതെ നിരസിക്കുകയോ ചെയ്താൽ, അവരുടെ ആധികാരികതയും സത്യസന്ധതയും വ്യക്തമായാൽ, ഒരു നോട്ടറിയുടെ മുമ്പിൽ അവരുടെ പ്രസ്താവനകൾ ശേഖരിക്കാവുന്നതാണ്. മറ്റേ കക്ഷിയുടെ അസാന്നിധ്യം നിയമാനുസൃതം പ്രഖ്യാപിക്കുകയും നടപടിക്രമത്തിൽ അത് വ്യക്തമാക്കുകയും വേണം.

ഒരു കക്ഷി മാമ്മോദീസ സ്വീകരിച്ചിട്ടില്ലെന്ന് ഒരു സംശയത്തിനും ഇട നല്കാതെ കാണിച്ചിരിക്കണം. മാമ്മോദീസ സ്വീകരിക്കാത്ത കക്ഷിയുടെ മാതാപിതാക്കൾ, ബന്ധുക്കൾ, ആളിന്റെ ശൈശവകാലത്തോ ജീവിതം മുഴുവനോ ശരിക്കും അറിയാവുന്നവരോ ആയ യോഗ്യതയുള്ള സാക്ഷികൾ എന്നിവരെ വിസ്തരിക്കണം.

മാമ്മോദീസ സ്വീകരിച്ചിട്ടില്ല എന്നുമാത്രമല്ല മാമ്മോദീസ സ്വീകരിച്ചിട്ടില്ലാ എന്നതിനു സാഹചര്യങ്ങൾകൊണ്ടും സൂചനകൾകൊണ്ടും സാധ്യതയുണ്ട് എന്നറിയാനും സാക്ഷികളെ കേൾക്കണം.

മാമ്മോദീസ സ്വീകരിച്ചിട്ടില്ലാ എന്ന് അവകാശപ്പെടുന്ന ആളിന്റെ സ്ഥലങ്ങളിലെ മാമ്മോദീസ രജിസ്റ്റ

www.malankaralibrary.com

റുകൾ പരിശോധിച്ച് അക്കാര്യം ഉറപ്പാക്കണം. പ്രത്യേകിച്ച് ശൈശവകാലത്ത് ജീവിച്ചിരുന്ന സ്ഥലത്തെ മാമ്മോദീസ രജിസ്റ്റർ പരിശോധിക്കണം. മതവ്യത്യാസമുള്ളവർ തമ്മിലുള്ള വിവാഹമാണെങ്കിൽ ആ തടസ്സത്തിൽനിന്ന് ഇളവ് ലഭിച്ചതിന്റെ രേഖയും വിവാഹത്തിനു മുമ്പുള്ള അന്വേഷണത്തിന്റെ രേഖയും ഉണ്ടായിരിക്കണം.

വിവാഹം വേർപെടുത്താനുള്ള അപേക്ഷ സമർപ്പിക്കുന്ന സമയത്ത് മാമ്മോദീസ സ്വീകരിക്കാത്ത കക്ഷി മാമ്മോദീസ സ്വീകരിക്കുകയാണെങ്കിൽ, മാമ്മോദീസയ്ക്കുശേഷം ഒരുമിച്ചുള്ള വാസം സാധ്യമാണോ എന്നതിനെപ്പറ്റി അന്വേഷിക്കണം. ഇക്കാര്യത്തെക്കുറിച്ച് സാക്ഷികളോടും ചോദിക്കണം.വേർപിരിഞ്ഞ ശേഷം പരസ്പരം സമ്പർക്കമുണ്ടായിട്ടുണ്ടോ ഉണ്ടെങ്കിൽ എപ്രകാരമുള്ള ബന്ധമായിരുന്നു. ശാരീരിക ബന്ധമുണ്ടായിട്ടുണ്ടോ എന്നിവയെപ്പറ്റിയും അന്വേഷിക്കണം.

മറ്റേ കക്ഷിയെപ്പറ്റി ഇൻസ്ട്രക്റ്റർ വിവരങ്ങൾ ശേഖരിക്കണം. ആ കക്ഷിയുടെ ജീവിതാവസ്ഥയെപ്പറ്റിയും വിവാഹമോചനത്തിനുശേഷം മറ്റൊരു വിവാഹത്തിനു ശ്രമിച്ചോ എന്നതിനെപ്പറ്റിയും വിവരങ്ങൾ ശേഖരിക്കണം. വേർപിരിയാനോ വിവാഹമോചനം നേടാനോ ഉണ്ടായ കാരണത്തെപ്പറ്റി ഇൻസ്ട്രക്റ്റർ സാക്ഷികളോടു ചോദിക്കണം. അതുവഴി വിവാഹം തകരാനുള്ള കാരണം ആരുടെ ഭാഗത്തുനിന്നാണുണ്ടായത് എന്നറിയാൻ സാധിക്കും.

വിവാഹമോചനത്തിന്റെ ഡിക്രിയോ സിവിൽ കോടതിയിൽനിന്ന് വിവാഹം അസാധുവാണെന്നു കാണിച്ചുള്ള സിവിൽ വിധിയോ ഉണ്ടെങ്കിൽ അതിന്റെ കോപ്പി കാണിച്ചിരിക്കണം. അതും വിവാഹം അസാധുവായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പ്രസക്തഭാഗവും പുതിയ വിവാഹത്തിനു ശ്രമിച്ചിട്ടുണ്ടെങ്കിൽ അതിന്റെ രേഖയും നടപടികളിൽ ഉൾപ്പെടുത്തണം.

പരാതി നൽകിയ ആളിനു കുട്ടികളുണ്ടോ എന്നതിനെപ്പറ്റിയും അവരുടെ സംരക്ഷണം, മതപരമായ വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ എന്തുചെയ്തു എന്നതിനെപ്പറ്റിയും ഇൻസ്ട്രക്റ്റർ റിപ്പോർട്ടുചെയ്യണം.

ആദ്യജീവിതപങ്കാളിയോടുള്ള ധാർമികവും സിവിൽപരവുമായ കടമകളെപ്പറ്റിയും ഇൻസ്ട്രക്റ്റർ ചോദിക്കണം. അതുപോലെ, കുട്ടികൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവരോടുള്ള കടമകളെപ്പറ്റിയും അന്വേഷിക്കണം.

പരാതി നൽകിയ ആൾ അല്ലെങ്കിൽ ഉദ്ദേശിച്ച പങ്കാളി എപ്പോൾ മാമ്മോദീസ സ്വീകരിച്ചു. അതിനുള്ള കാരണമെന്ത് എന്നിവയെപ്പറ്റി ചോദിക്കണം. മാമ്മോദീസ സ്വീകരിക്കാനുള്ള കാരണം കക്ഷികളുടെ സത്യസന്ധത എന്നിവയെപ്പറ്റി വികാരിയോടും ചോദിക്കണം.

പരാതി നൽകിയ ആളിന്റെയും ഉദ്ദേശിച്ച പങ്കാളിയുടെയും മതാത്മകതയെപ്പറ്റി വ്യക്തമായ ഒരു റിപ്പോർട്ട് ഉണ്ടായിരിക്കണം. മാമ്മോദീസ സർട്ടിഫിക്കറ്റും വിശ്വാസസത്യപ്രതിജ്ഞയുണ്ടെങ്കിൽ അതിന്റെ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

കേസിന്റെ നടത്തിപ്പ് കഴിയുമ്പോൾ യോജിച്ച ഒരു റിപ്പോർട്ടോടുകൂടി ഇൻസ്ട്രക്റ്റർ, നടപടിക്രമങ്ങളുടെ രേഖകളെല്ലാം ഡിഫെൻഡർ ഓഫ് ബോൺഡിനു കൈമാറണം. ബന്ധം വേർപെടുത്താതിരിക്കാനുള്ള കാരണങ്ങൾ കണ്ടുപിടിക്കുക എന്നത് അദ്ദേഹത്തിന്റെ കടമയാണ്.

കേസിന്റെ രേഖകളെല്ലാം മെത്രാന് സമർപ്പിച്ചു കഴിയുമ്പോൾ അദ്ദേഹം തന്റെ *votum* തയ്യാറാക്കുന്നു. ആനുകൂല്യം നൽകാൻവേണ്ട നിബന്ധനകൾ എല്ലാം പാലിച്ചിട്ടുണ്ടോ എന്നും പ്രത്യേകിച്ച് മിശ്രവിവാഹത്തിൽ നല്കുന്ന വാഗ്ദാനം നടത്തിയിട്ടുണ്ടോ എന്നും അതിൽ വ്യക്തമാക്കണം. ആനുകൂല്യം നൽകാനുള്ള കാരണങ്ങൾകൂടി മെത്രാൻ വ്യക്തമാക്കണം. പരാതി നൽകിയ വ്യക്തി പുതിയ വിവാഹത്തിനു ശ്രമിച്ചോ അതോ ഒത്തുവാസമാണോ എന്നും പറയണം.

നടപടികളെല്ലാം വിശ്വാസകാര്യാലയത്തിലേക്ക് മെത്രാൻ മൂന്നു കോപ്പികളാക്കി അയച്ചുകൊടുക്കണം. മെത്രാന്റെ *votum*, ഡിഫെൻഡർ ഓഫ് ബോൺഡിന്റെ നിരീക്ഷണങ്ങൾ, വിഷയസൂചിക, സംക്ഷിപ്ത വിവരണം എന്നിവയും അതിൽ ഉണ്ടായിരിക്കണം.

റോമൻ കൂരിയ അംഗീകരിച്ചിട്ടുള്ള ഒരു ഭാഷയിലേക്ക് തർജമ ചെയ്തുവേണം അയയ്ക്കാൻ. പരിഭാഷ വിശ്വസ്തതയോടെ നിർവഹിച്ചു എന്നു കാണിക്കുന്ന സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം. സംക്ഷിപ്തരൂപം എന്നതുകൊണ്ട് അടിസ്ഥാന വിവരങ്ങൾ നൽകുക എന്നതാണുദ്ദേശിക്കുക. പരാതി നൽകിയ ആളിനെപ്പറ്റിയും മുൻജീവിത പങ്കാളിയെപ്പറ്റിയും ഭാവി ജീവിതപങ്കാളിയെപ്പറ്റിയുമുള്ള വിവരങ്ങൾ അതിൽ ഉണ്ടായിരിക്കണം. വിശ്വാസകാര്യാലയത്തെ സഹായിക്കുന്നവിധം തയ്യാറാക്കിയ സംക്ഷിപ്തരൂപം കവറിംഗ് ലെറ്ററിനു ശേഷം വയ്ക്കണം. ഇവയൊക്കെയാണ് നടപടിക്രമങ്ങൾ. ■

www.malankaralibrary.com

# അമൃതവർഷിണി

**കവി ബിനു എം. പള്ളിപ്പാടിന്റെ ഓർമയ്ക്ക് രാജേഷ് നാഥ്എഴുതിയ 'അമൃതവർഷിണി' എന്ന കവിതയുടെ ആസ്വാദനം**

*സമകാലിക മലയാളം, 2022 ഡിസംബർ 12*



റവ. ഡോ. സുനിൽ ജോസ് CMI
*സെന്റ് ജോസഫ്സ് കോളജ്, ദേവഗിരി, കോഴിക്കോട്*

അടിത്തട്ട് ജീവിതങ്ങളുടെ പല കരകളാണ് ബിനു എം. പള്ളിപ്പാടിന്റെ കവിതകൾ. കവിതയുടെ വരേണ്യ ഇടങ്ങൾക്ക് പുറത്ത് കാലങ്ങളോളം നിശ്ശബ്ദമായി നിന്ന മനുഷ്യരും ജീവിതങ്ങളും അനുഭവങ്ങളും അവിടെ തല ഉയർത്തി വന്നുനില്ക്കുന്നു. പ്രകൃതിയും ദേശവും കീഴാള ശരീരങ്ങളും മലയാള കവിതയിൽ അധികമൊന്നും കണ്ടുപരിചയിക്കാത്ത നൈസർഗികതയോടെ, ജൈവികതയോടെ ആ കവിതകളിൽ നിറയുന്നു. ദേശം, അവിടെ 'കീഴാളവും ജൈവികവുമായ ആവാസവ്യവസ്ഥയെക്കൂടി രേഖപ്പെടുത്തുന്നു'. പ്രകൃതി അവിടെ, ജീവിതത്തിനു പുറത്തുനിൽക്കുന്ന അപരിചിത ഇടമല്ല. നിരൂപകയായ കലാചന്ദ്രൻ, ബിനുവിന്റെ കവിതകളെ ഇങ്ങനെ നിരീക്ഷിക്കുന്നു: 'കറുത്ത മനുഷ്യർ ഉഴുതും കൊയ്തും മെതിച്ചും അളന്നും ജീവിച്ചു മണ്ണടിഞ്ഞ പശച്ചേറിലും വെള്ളത്തിലും ബിനുവിന്റെ ദേശം രൂപം കൊള്ളുന്നു. വിയർപ്പിലും കണ്ണീരിലും ചോരയിലും നിന്ന് വാറ്റിയെടുത്ത ആനന്ദത്തിന്റെ തുള്ളികൾ ദേശത്തിന്റെ തന്നെ ജലരൂപകമായി. തൊട്ടും രുചിച്ചും അനുഭവിച്ചറിയുന്ന ഈ ദേശസ്വരൂപം ഹിംസാത്മകവും ഏകശിലാത്മകവുമായ ദേശീയതയ്ക്ക് കീഴിലമരുന്നതിന്റെ ശ്വാസംമുട്ടലും പൊറുതികേടുകളും കൂടി എഴുതുന്നതിലൂടെയാണ് ബിനുവിന്റെ കവിത അതിജീവിക്കുന്നത്.

എന്നാൽ, ഒരു മുൻവിധിക്കും പിടികൊടുക്കാത്ത ഭാഷയുടെ, ആഖ്യാനത്തിന്റെ കുതറൽ ബിനുവിന്റെ കവിതകളെ സവിശേഷമായ വായനാനുഭവമാക്കുന്നു. ഒരേ വഴിയിലൂടെയുള്ള സഞ്ചാരമല്ല അത്. പ്രമേയങ്ങളിലും ആഖ്യാനത്തിലും രചനാരീതികളിലുമെല്ലാം ഓരോ കവിതയും ഒന്നിനൊന്ന് വ്യത്യസ്തം. സ്വപ്നത്തിന്റെയും ഉന്മാദത്തിന്റെയും സംഗീതത്തിന്റെയുമെല്ലാം സവിശേഷമായ പ്രതലങ്ങൾ അതിനുണ്ട്. ഒരു മായാജാലക്കാരനെപ്പോലെയാണ്, കവി ഇവിടെ അനുഭവങ്ങൾ കൊരുക്കുന്നത്. അതിനാലാവണം, കവിതയുടെ അകത്തളങ്ങളിൽ പ്രവേശിക്കുമ്പോൾ, നമ്മൾ വിചിത്രമായ സ്ഥലജലവിഭ്രമങ്ങളിൽപ്പെടുന്നത്. സൂക്ഷ്മരാഷ്ട്രീയ വിതാനങ്ങളിൽ കവി തീർക്കുന്ന മുനമ്പുകളിൽ അന്തംവിട്ടുനിന്നുപോവുന്നു. പുറമേയ്ക്ക് ലളിതമെന്നു തോന്നിക്കുന്ന കവിതകൾപോലും ആഴങ്ങളിൽ കടലിളക്കങ്ങൾ സൂക്ഷിക്കുന്നു. സംഗീതവും ചിത്രകലയും കവിതയും ചേർന്നു സൃഷ്ടിക്കുന്ന മായാജാലമെന്ന്, ഒറ്റക്കാഴ്ചയിൽ ബിനുവിന്റെ കവിതയെ വിശേഷിപ്പിക്കാം. എന്നാൽ, സൂക്ഷ്മമായ കീഴാള രാഷ്ട്രീയ ബോധ്യങ്ങളാൽ മാറ്റിവരയ്ക്കപ്പെട്ടതാണ് ഈ കവിതയിലെ ചിത്രഭാഷയും സംഗീതവും. കാഴ്ചയുടെ സാമ്പ്രദായിക പരിധികളെ അത് ഉല്ലംഘിക്കുന്നു. വരേണ്യധാരണകളെ തിരുത്തുന്നു. മലയാള കവിതയിലേക്ക് ബിനു കൊണ്ടുവരുന്ന, അടിമുടി ജീവത്തായ ലോകങ്ങൾ വരും കാലത്തിന്റെ കാവ്യഭാവുകത്വത്തെയാണ് സ്പർശിക്കുന്നത്. ബിനുവിന്റെ കവിതയുടെ ആത്മാവിനെ രാജേഷ് അക്ഷരങ്ങളിലേയ്ക്ക് ആവാഹിക്കുന്നു.

അമൃതവർഷിണി ആരംഭിക്കുന്നത് ബിനുവിന്റെ അകാലചരമത്തിന്റെ ഓർമകൾ ഉണർത്തിയാണ്.

*ഇല്ല*
*ആകാശം കറുത്തില്ല*
*ഇരുൾമൂടിയിട്ടില്ല*

**...ശേഷം പേജ് 53-ൽ**

www.malankaralibrary.com

# വൈകാരികതയുടെ കുരിശേറ്റങ്ങൾ

പി.കെ പാറക്കടവിന്റെ 'മിന്നൽക്കഥകളെ' ക്കുറിച്ചുള്ള വിശകലനം
*(പച്ചക്കുതിര മാസിക, 2022 ഡിസംബർ)*



ഫാ. സുനിൽ OFM Cap.
*ഡയറക്ടർ, അസ്സീസി ആർട്സ് & കമ്മ്യൂണിക്കേഷൻ, കൊല്ലം*

സാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ കാലാനുഭവം മാത്രമല്ല മാറുന്നത്. അതോടൊപ്പം വായനയുടെ മനഃശാസ്ത്രം കൂടി മാറിമറിയുന്നുണ്ട്. മനുഷ്യശബ്ദതരംഗങ്ങൾക്ക് ഒരാളുടെ ചുറ്റുപാടിൽ നന്നേ ചെറിയ നേരമേ ആൻങ്കർ ചെയ്യാൻ പറ്റുകയുള്ളൂവെന്ന ഒരു ധാരണയെ വിതരണം ചെയ്യുന്ന ചില സാഹിത്യ ഇടപെടലുകൾ ഇവിടെ നടക്കുന്നുണ്ട്. നാം കാണുന്ന ഈ ഭൗതികലോകം പൂർണമായും തിരക്കുപിടിച്ചതാണ് എന്നത് സത്യത്തിന്റെ നേർക്കു തിരിയുന്നൊരു കാഴ്ചപ്പാടാണ്. നാം ആന്തരികമായി അനുഭവിക്കുന്ന വൈകാരിക യാഥാർഥ്യത്തിന്റെ തുണ്ടുതുണ്ടായ വേർപെടലുകളെയാണ് പലപ്പോഴും മൈക്രോ ആഖ്യാനങ്ങൾ നമുക്ക് കൊണ്ടുതരുന്നത്. വൈകാരിക രഹസ്യങ്ങളുടെ ചെറിയ കലിയിളക്കമായെത്തുന്ന ലഘു ആഖ്യാനങ്ങൾ പലപ്പോഴും യാഥാർഥ്യങ്ങൾക്ക് ചുറ്റും നിന്ന് കറങ്ങുന്ന ഫാന്റം പ്രസൻസിനെ (മിഥ്യാ സാന്നിധ്യത്തെ) വെട്ടിക്കളയുന്നു. ആസ്വാദകൻ ഭാവിയിൽ പോകാനിരിക്കുന്ന ദർശന സൗന്ദര്യത്തിലേക്ക് ഇപ്പോൾത്തന്നെ കൊണ്ടുപോകുന്ന ഒരു ജാലവിദ്യ പലപ്പോഴും പുറത്തെടുക്കുന്നത് ഈ ലഘു ആഖ്യാനങ്ങൾ തന്നെയാണ്. നീത്ഷേയുടെ യഥാർഥ പിൻഗാമി എന്നറിയപ്പെടുന്ന റുമേനിയൻ എഴുത്തുകാരനായിരുന്നു ഇ.എം ഷിയോറാൻ. ഒരുപക്ഷേ, മൈക്രോ ആഖ്യാനത്തിൽ വിസ്മയം കാട്ടിയ ക്ലാരിസ് ലിഷ്പെക്തോറിനെപ്പോലെ എടുത്തുപറയേണ്ടുന്ന പേരുതന്നെയാണ് ഇ.എം ഷിയോറാന്റേതും. ഇവർ സൗന്ദര്യദർശനത്തിന്റെ ചെറിയ മീറ്ററുകളിൽ നിറച്ചുവച്ചത് താർക്കിക ശാസ്ത്രം തന്നെയാണ്.

1. വിപ്ലവങ്ങൾ മോശം സാഹിത്യത്തിന്റെ ഉദാത്ത സന്തതികളാണ്. – ഇ.എം ഷിയോറാൻ

2. ഒരു മത്സ്യം വസ്ത്രങ്ങൾ അഴിച്ചുവച്ചുകൊണ്ട് നഗ്നയായി കഴിയുന്നതിനെക്കുറിച്ച് ഞാൻ സ്വപ്നം കണ്ടു. – ക്ലാരിസ് ലിഷ്പെക്തോർ.

ഏതാണ്ടിതേ മീറ്ററുകളിൽ തന്നെയാണ് പാറക്കടവിന്റെ മിന്നൽക്കഥകളും പിറവിയെടുക്കുന്നത്. വായനക്കാരന്റെ ബോധത്തിന്റെ ട്രാക്കുകൾക്കു ചുറ്റും രക്തസമ്മർദ്ദത്തിന്റെ തിരയുയർത്തുന്ന അത്തരം ഏഴ് ദർശനഖണ്ഡങ്ങളാണ് പാറക്കടവിന്റെ ഏഴ് മിന്നൽക്കഥകൾ.

**ഒന്ന്**

നദിക്കരികെയുള്ള മരം വെള്ളത്തിൽ ചാഞ്ഞുനിൽക്കുന്നത് നദിയോടുള്ള ഇഷ്ടംകൊണ്ടല്ല, സ്ഫടികജലത്തിൽ തന്നെത്തന്നെ കാണാനാണ് *(മരം കണ്ണാടി നോക്കുന്നു).*

മൈക്രോ കഥയിലെ രാഷ്ട്രീയാംശമെന്നത് കരുതലോടെ കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണ്. വ്യാജസൗന്ദര്യത്തിന്റെ പുകമറ പരത്തി ആഗ്രഹപൂരണം നടത്തുന്ന പിത്തലാട്ടക്കാരനായ ഭാവനക്കാരനല്ല ഇവിടെ കഥാകാരൻ. ഇവിടെ ഒതുക്കിവച്ച ദർശനത്തിന്റെ അടിയിൽ പ്രവർത്തിക്കുന്ന ദാർശനിക പരിഹാസത്തെ ഭൂമിയിലെ ജീവിതങ്ങളുമായി ചേർത്തു വായിക്കാൻ വായനക്കാരൻ ക്ഷണിക്കപ്പെടുകയാണ്. നദി ഒരു തെളിഞ്ഞ കണ്ണാടിയായിരുന്നെന്നും അതിൽ മുഖം തെളിഞ്ഞു കാണാമായിരുന്നുവെ

www.malankaralibrary.com



ന്നും പ്രഖ്യാപിക്കുന്ന പാറക്കടവ് ഈ ഒറ്റവരിക്കഥയിൽ ഗ്രീൻ പൊളിറ്റിക്സിന്റെ (green politics) വ്യത്യസ്ത തരം താളങ്ങളെയാണ് ഊതിക്കയറ്റിയിരിക്കുന്നത്. ഇന്ന് നഗരങ്ങൾ ഗ്രാമങ്ങളെ വളഞ്ഞിട്ടാക്രമിക്കുന്നതുപോലെ തന്നെയാണ് നാം തെളിഞ്ഞ നദികളെ കലക്കിക്കളയുന്നതെന്നുമുള്ള മറുവായനയും ഇവിടെ സാധ്യമാണ്. നിമിഷങ്ങളുടെ ആനന്ദം പങ്കുപറ്റി ജീവിക്കുന്ന പുതിയ മനുഷ്യൻ നദിയോളം തെളിച്ചമുള്ള ഒരു കണ്ണാടി തെരഞ്ഞു നടപ്പാണെന്ന തത്വസൗന്ദര്യം തന്നെയാണ് ഈ മിന്നൽക്കഥ പങ്കുവയ്ക്കുന്നത്. സ്ഫടികജലത്തിൽ തന്റെ ഹരിതവും ഈർപ്പവും കണ്ടുകിട്ടാൻ നോക്കിനിൽക്കുന്ന ഒരു മനുഷ്യൻ നമ്മിലെല്ലാവരിലുമുണ്ടെന്നു തന്നെയല്ലേ കഥ അടിവരയിട്ടോർമിപ്പിക്കുന്നത്.

**രണ്ട്**

ഇവിടെനിന്നു പോകുമ്പോൾ എന്റെ കാൽപാടുകൾ മാഞ്ഞു പോകാതിരിക്കാനാണ് ഞാൻ പഴയ വലിയ മെതിയടികളിട്ട് നടക്കുന്നത് *(കാൽപ്പാടുകൾ).*

ഒരു മൈക്രോ കഥയ്ക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിലുമധികം വിഭവങ്ങൾ ഈ ലഘു ആഖ്യാനത്തിലുണ്ട്. ഇരുട്ടിനും ഹിമപാതത്തിനുമെതിരെ സഞ്ചരിക്കുന്ന ഒരു മനുഷ്യക്കപ്പലിന്റെ പൊള്ളുന്ന പാദങ്ങളുടെ അടിയിലായി ആഴത്തിൽ കുടികൊണ്ടിരുന്ന (കുടികൊള്ളുന്ന) ഒരു രഹസ്യമായിരുന്നു ഒരാളുടെ കാൽപ്പാടുകൾ എന്നുപറയുന്നത്. പക്ഷേ, ഇന്ന് ഓർമയുടെ തിരസ്കാരം സംഭവിക്കുമ്പോൾ ആദ്യം ദ്രവിച്ചടിയുന്നത് കാൽപ്പാടുകൾ ആണെന്ന തത്വബോധമാണ് പാറക്കടവ് കൈമാറുന്നത്. ഒരു പേടിസ്വപ്നത്തിലെന്നവണ്ണം ആകൃതികൊള്ളുന്ന ഇടുങ്ങിയ കാൽപ്പാടുകളെ മറവി ഒഴുക്കിക്കളഞ്ഞേക്കാമെന്ന ഭീതി ഒരാളെ ചുറ്റിവരിയുമ്പോൾ വലിയ മെതിയടികളിട്ട് കാൽപ്പാടുകളെ വിസ്തൃതമാക്കിവയ്ക്കുന്ന ഒരു കലാകൗശലം പ്രാബല്യത്തിൽ വരാനിരിക്കുകയാണെന്നു തന്നെയാണ് പാറക്കടവ് പ്രഖ്യാപിക്കുന്നത്. മറവിക്കെതിരെയുള്ള വിപ്ലവമായി വേണം ഈ കഥയെ പാരായണവിധേയമാക്കാൻ. ഒരാളുടെ വിഷാദാന്തരീക്ഷത്തിന് ഹൃദ്യതയരുളുന്ന ഭാവനയാണ് പാറക്കടവ് ഇവിടെ പ്രവർത്തിപ്പിക്കുന്നത്.

**മൂന്ന്**

ഇല കാടാണെന്നും ഇലയിൽ തങ്ങിയ മഴത്തുള്ളി കടലാണെന്നും അഹങ്കരിച്ചു നിൽക്കുംനേരം ഓടിയെത്തിയ കാറ്റ് ഇലയെയും മഴത്തുള്ളിയെയും തട്ടി താഴെയിട്ട് ചിരിച്ചുകൊണ്ടേയിരിക്കുന്നു *(കാറ്റിന്റെ ചിരി).*

നമുക്കു ചുറ്റുമുള്ള മനുഷ്യവിരുദ്ധമായ ലോകത്തെ ചികിത്സിക്കുകയെന്നതാണ് ഈ കഥയുടെ ദൗത്യം. മനുഷ്യന്റെ സങ്കുചിതത്വം എന്ന രോഗകാരണത്തെ ഇക്കോ ആഖ്യാനങ്ങളിലൂടെയാണ് പാറക്കടവ് എപ്പോഴും രേഖീകരിച്ചിട്ടുള്ളത്. ഇലയിൽ കാടാണെന്നും അതിലെ കുമിളകൾ കടലാണെന്നും ഒക്കെയുള്ളത് മാനുഷികമായ പ്രതീകങ്ങളായി ഇവിടെ അവതരിപ്പിക്കുകയാണ്. മനുഷ്യരെ (നന്നേ ദൈർഘ്യം കുറഞ്ഞ ലൈഫ് സ്പാനിൽ) സ്നേഹമെന്ന വിഷയമാക്കി മാറ്റുകയെന്ന ആദർശമാന വികതയാണ് പാറക്കടവ് ഇവിടെ വിനിയോഗിക്കുന്നത്. അഹങ്കാരംകൊണ്ട് അപകടത്തിലായവരെ ദർശനത്തിന്റെ കാരുണ്യത്താൽ വീണ്ടെടുക്കാനാണ് പാറക്കടവ് നമ്മെ ക്ഷണിക്കുന്നത്. നമ്മുടെ അഹങ്കാരത്തിന്റെ മുനയൊടിക്കുന്ന വൈദ്യനാണ് പ്രകൃതിയെന്നുതന്നെയല്ലേ ഈ ലഘു ആഖ്യാനം നമുക്കു പറഞ്ഞുതരുന്നത്. ഇവിടെ കഥാകാരൻ അഹങ്കാരിയായ മനുഷ്യന്റെ മാനസിക ചികിത്സകനായിത്തീരുന്നു.

www.malankaralibrary.com

**നാല്**

ഒരു പൂമ്പാറ്റ ചെടിയിൽ വന്നിരുന്ന് ഉറങ്ങിപ്പോയി. ഉണർന്നപ്പോൾ പോകാൻ മടിച്ച് ഇലകളെ പുതപ്പാക്കി അവിടെത്തന്നെ കിടന്ന് ഒരു പൂവായി മാറി *(ഒരു പൂവിന്റെ പിറവി).*

ജൈവികമൂല്യങ്ങളുടെ ഗഹനതയിൽ ദൈവാനുഭവം പ്രവർത്തിക്കുന്നതിന്റെ മറ്റൊരു വഴിയേ കുറിച്ചാണ് ഒരു പൂവിന്റെ പിറവിയിൽ പാറക്കടവ് അന്വേഷിക്കുന്നത്. മനുഷ്യന്റെ ഭൗതികമായ ധൃതി കൂട്ടൽ കാരണമാണ് പലപ്പോഴും ആന്തരസൗന്ദര്യം ഉടഞ്ഞുപോകുന്നതെന്ന ഒരു തത്വവിചാരത്തെയും ഈ കഥയിൽനിന്നും വായിച്ചെടുക്കാവുന്നതാണ്. ഇവിടെ പൂവായി മാറുന്ന പൂമ്പാറ്റ ഒരു ഭാവഭാഷയാണ്. ആ ഭാവഭാഷയിൽ രണ്ടു വിരുദ്ധ ആശയങ്ങളെയാണ് പാറക്കടവ് സമന്വയിപ്പിക്കുന്നത്. ഇവിടെ ദൈവകേന്ദ്രമായ പ്രകൃതിയെ ശ്വസിച്ചുകൊണ്ട് ഇക്കോളജിയിൽ ലയിച്ചിരിക്കുന്ന ദൈവാനുഭവത്തെ മനുഷ്യത്വത്താൽ നിറയ്ക്കാനാണ് കഥാകാരൻ ശ്രമിക്കുന്നത്. ഒരുതരം ഇക്കോളജിക്കൽ മിസ്റ്റിസിസത്തെ ഉത്പാദിപ്പിക്കുകയും അതിന്റെ വിപുല സാധ്യതകളെ 'ചട്ട'പ്പുസ്തകത്തിൽനിന്നും മോചിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യരക്തത്തെ പ്രബുദ്ധമാക്കാൻ ഇനി ഇക്കോ സെൻട്രിക് ഫിലോസഫിക്കേ സാധിക്കുകയുള്ളൂവെന്ന ഒരു ദർശനഖണ്ഡമാണ് ഇവിടെ അഴിച്ചുവച്ചിരിക്കുന്നത്.

**അഞ്ച്**

മരം പൂത്തു, കായ്ച്ചു. "നാളെ ഈ പഴം മൂത്ത് പഴുക്കും," മരം പറഞ്ഞു. ചില്ലയിൽ വന്നിരുന്ന ഒരു കിളി അത് തിന്നുകൊണ്ട് പറഞ്ഞു: "നാളെ എന്നൊന്ന് ഇല്ല" *(നാളെ).*

നാളെയെക്കുറിച്ചുള്ള മഹാബോധനങ്ങൾ ഇവിടെ സുലഭമാണ്. ദയാശൂന്യമായ വർത്തമാനകാലത്തിൽ സൂക്ഷ്മമായി ജീവിക്കാൻ സാധിക്കാത്ത ഒരാൾക്കും നാളെയെ അഥവാ ഭാവിയെ പുണർന്നു നിൽക്കാൻ അവകാശമില്ലെന്ന ദാർശനികനിയമത്തെയാണ് ഒരു തത്വചിന്തകന്റെ ഭാഷയിൽ കിളിയിലൂടെ പാറക്കടവ് അവതരിപ്പിക്കുന്നത്. ധർമത്തിലധിഷ്ഠിതമായ ഹൃദയങ്ങൾ കമ്മിയാകുമ്പോൾ ക്രൂരമായ ചില സമ്മർദ്ദങ്ങൾക്കു വിധേയമാകേണ്ടിവരും. ഈ ഭൂമിയത്തന്നെ മറ്റൊന്നാക്കി ഉയർത്തിയേക്കാവുന്ന അനുകമ്പയുടെ ദർശനത്തെയാണ് 'നാളെ' എന്ന കഥ അവതരിപ്പിക്കുന്നത്. നാളെയെക്കുറിച്ചുള്ള ആകുലത വ്യക്തികളുടെ ഭ്രാന്തും ചരിത്രത്തിന്റെ രോഗവുമാണ്. അത് മനുഷ്യവ്യക്തിത്വത്തെ തെറ്റിന്റെ അഭിരുചിയിലേക്കു നയിക്കും. നാളെയെക്കുറിച്ചുള്ള ആശങ്ക ഒരു മാതൃകാസ്ഥാനമല്ലെന്നും ഇന്നിനെ (news) സ്നേഹിച്ചു ധീരരാകുകയാണ് പ്രധാനമെന്നും 'നാളെ' എന്ന കഥ പറഞ്ഞുവയ്ക്കുന്നു.

**ആറ്**

മഴവില്ലിന് ഇനി മുതൽ ഒറ്റനിറം മതിയെന്ന് ആകാശത്തോട് രാജാവ് *(നിറം).*

ചില കഥകൾ ഭവിഷ്യപർവങ്ങളാണ്. അധർമങ്ങളുടെ കാലത്തെ അവ പ്രവചിക്കും. അഗ്നികൊണ്ടു ശുദ്ധീകരിക്കേണ്ടതിനു പകരം ഭയങ്കരമായ ന്യായവിധികൾകൊണ്ട് നാം ചുറ്റുപാടിനെ അശുദ്ധമാക്കും. ഋതുക്കളെപ്പോലും വിപരീതമാക്കുന്ന അത്തരം ഒരു പ്രവണതയെ വിളിക്കുന്ന പേരാണ് ഫാസിസം എന്നത്. പ്രകൃതിയുടെ രക്തത്താൽ നിർമിതമായ മഴവില്ലിന്റെ ഏഴ് നിറം എല്ലുകളെ പൊടിച്ചുകളയാനുള്ള നീക്കം ഇവിടെ ഒരു പ്രതീകം മാത്രമാണ്. മേഘങ്ങളെ കൊണ്ട് വിചിത്ര മഴ പൊഴിയിക്കാൻ തുടങ്ങിയാൽ മനുഷ്യർ ഹീനമായ നില പ്രാപിക്കുമെന്നൊക്കെയുള്ള ചില സന്ദേഹങ്ങളും 'നിറം' എന്ന കഥ കൈമാറുന്നുണ്ട്. ഫാസിസത്തിന്റെ ജനിതകരഹസ്യം മറുവഴിക്കുകൊണ്ടുവരാൻ പോകുന്ന അധർമത്തിന്റെ കാലത്തെ കഥാകാരൻ പ്രവചിക്കുകയാണിവിടെ.

**ഏഴ്**

മുള്ളുകളോട് ഇത്രയേറെ അടുപ്പം പുലർത്തിയിട്ടും പൂക്കളെ നാം സ്നേഹിക്കാതിരിക്കുന്നില്ല *(അടുപ്പം).*

കഥയെഴുത്ത് ഒരു രാഷ്ട്രീയനീക്കമാണ്. അതുകൊണ്ടുതന്നെ കൗതുകം നിറഞ്ഞ പുച്ഛത്തോടെ മാത്രം ചില കഥകളെ കേട്ടിരിക്കാനാവില്ല. അത് അപൂർണ്ണമായ ജീവിതത്തെയാണ് പ്രതിപാദന സംസ്കാരത്തിലേക്ക് ഉയർത്തുന്നത്. മുള്ളുകളിൽനിന്നും പിടിവിട്ടു പുറത്തുവരുന്ന പൂക്കളെ മാത്രമല്ല, മുള്ളുകളെയും സ്നേഹിക്കുന്ന ഒരാൾക്കേ കഠിനകാലങ്ങളിൽ നിലനിൽക്കാനാവൂ എന്ന ദർശനബോധമാണ് 'അടുപ്പം' എന്ന കഥ പങ്കുവയ്ക്കുന്നത്. ദർശനത്തെ വിശ്വാസയോഗ്യമായ വാർത്തയാക്കി കഥകളിൽ അവതരിപ്പിച്ച ഇ.എം. ഷിയോറാനെപോലെയും ക്ലാരിസ് ലിഷ്പെക്തോറിനെപ്പോലെയും പി.കെ പാറക്കടവും വൈകാരികതയുടെ കുരിശേറ്റങ്ങളാൽ നമ്മെ ചുറ്റിവരിയുന്നു. പ്രത്യേക രീതികളിൽ എഴുതി വാക്കുകളുടെയും പ്രതീകങ്ങളുടെയും ബിംബങ്ങളുടെയും കണ്ണുതുറപ്പിക്കുന്ന ഈ കഥനരീതിയെ മൈക്രോ മാന്ത്രികത എന്നുതന്നെ വിശേഷിപ്പിക്കാം. ■

www.malankaralibrary.com

# സൗദി വെള്ളക്ക

**തരുൺ മൂർത്തി സംവിധാനം നിർവഹിച്ചിട്ടുള്ള 'സൗദി വെള്ളക്ക' എന്ന ചലച്ചിത്രമാണ് ഈ ലക്കം പരിചിതമാക്കുന്നത്. ലുക്ക്മാൻ അവറാൻ, ബിനു പപ്പു, ദേവി വർമ, രമ്യ സുരേഷ്, സുജിത്ത് ശങ്കർ, ധന്യ അനന്യ, നിൽജ, വിൻസി അലോഷ്യസ് എന്നിവർ മുഖ്യ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.**



റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI
*ഡയറക്ടർ, ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ*

'ഓപ്പറേഷൻ ജാവ' ക്കു ശേഷം തരുൺ മൂർത്തി സംവിധാനം ചെയ്തു ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചു കഴിഞ്ഞ 'സൗദി വെള്ളക്ക' എന്ന ചിത്രം നീതിന്യായ വ്യവസ്ഥകൾ നീതി നടപ്പാക്കാൻ വൈകിയാലും മനുഷ്യത്വം നശിച്ചിട്ടില്ലാത്ത മനസ്സുകളിൽ വിഭാഗീയതകൾ നീങ്ങി സ്നേഹം വീണ്ടും പുലരും എന്ന പ്രത്യാശ നൽകുന്നു. മതത്തിന്റെയും ജാതിയുടെയുംമേലെ സ്നേഹത്തിനും അടുപ്പത്തിനും പ്രാധാന്യം കൊടുക്കുന്ന കുറെ സാധാരണമനുഷ്യർ തോളോട് തോളുരുമ്മി ജീവിക്കുന്ന ഒരു കോളനിയുടെ കഥ പറയുന്നു. നീണ്ട പതിനാലു വർഷങ്ങൾ കേസ് നടത്തിയിട്ടും കോടതികൾക്കൊന്നും തീർപ്പാക്കാൻ കഴിയാതിരുന്ന നിസ്സാര പ്രശ്നത്തിന്റെ പേരിലുള്ളൊരു കേസ്, ഭിന്നതകൾ മറന്നു മനുഷ്യർ മുൻകൈയെടുക്കുമ്പോൾ പരിഹരിക്കപ്പെടുന്നു. നിയമം തോൽക്കുന്നു, മനുഷ്യൻ ജയിക്കുന്നു എന്ന് പറയാം.

സൗദി അറേബിയയിൽ നടക്കുന്ന കഥയല്ലിത്; നമ്മുടെ നാട്ടിൽ, കൊച്ചിയുടെ പ്രാന്തപ്രദേശങ്ങളിൽ കഴിയുന്ന മനുഷ്യർക്കിടയിലെ സ്നേഹത്തിന്റെയും പിണക്കങ്ങളുടെയും കഥയാണ്.കേരളത്തിന്റെ മറ്റു ഭാഗങ്ങളിൽ ഉള്ളവർക്ക് മനസ്സിലാകാത്തൊരു വാക്കു 'വെള്ളക്ക' 'സൗദിയിൽ' മച്ചിങ്ങയുടെ മറുനാമം ആണ് എന്ന് മനസ്സിലാക്കുമ്പോൾ മാത്രമല്ല നമ്മുടെ ചുണ്ടിൽ ചിരിവിടരുക.കോളനിയിൽ കൊച്ചുകുട്ടികൾ ഓലമടൽ കൊണ്ട് ക്രിക്കറ്റ് കളിക്കുമ്പോൾ അവരുടെ വിലപിടിച്ച 'ക്രിക്കറ്റ് ബോൾ' ഒരു മച്ചിങ്ങ ആകുന്നു. ആ മച്ചിങ്ങ ഐഷ ഉമ്മയുടെ നെറ്റിയിൽ ചെന്നുകൊണ്ട്, അതിന്റെ പേരിൽ അവർ അഭിലാഷ് എന്ന പയ്യനെ പിടിച്ചു അടിച്ചപ്പോൾ സംഭവിച്ചൊരു കൈപ്പിഴവാണ് പൊലീസ് കേസിനു ആധാരം. അതിനെയാണ് ചെറിയ മനസ്സുള്ള കുറച്ചു മനുഷ്യർ പർവതീകരിച്ചു, പൊലീസിനെ കൂട്ടുപിടിച്ചു പതിനാലു വർഷത്തെ കേസ് നടത്തിപ്പിലേക്കു തള്ളി വിട്ടത് എന്നു തിരിച്ചറിയുമ്പോൾ നമുക്ക് ചിരിക്കണോ കരയണോ എന്ന് തോന്നും. കുട്ടികളുടെയിടയിൽ തുടങ്ങുന്ന ചില്ലറ വഴക്കുകൾ ആരൊക്കെയോ ചേർന്ന് വലുതാക്കിയാണ് ചിലപ്പോൾ വർഗീയ കലാപങ്ങളും മതവിദ്വേഷവും എല്ലാം ഉടലെടുക്കുന്നത് എന്നു നീണ്ട പ്രഭാഷണം ഒന്നും നടത്താതെ സംവിധായകൻ പറഞ്ഞു ഫലിപ്പിക്കുന്നു എന്നതാണ് ഈ സിനിമയുടെ സാർവലൗകികമായ പ്രസക്തി.

സംവിധായകൻ 'സൗദി'യുടെ കഥ പറയുന്നത് താൻ തൊട്ടറിഞ്ഞ, സ്വന്തം നാട്ടുകാരുടെ ജീവിതയാഥാർഥ്യങ്ങളെ പ്രേക്ഷകർക്ക് പരിചയപ്പെടുത്തും പോലെയാണ്. അവർക്കിടയിലെ സ്നേഹവും കലഹവും ഏറെ ആദരവോടെയാണ് അദ്ദേഹം നോക്കി കാണുന്നത്. മലയാള സിനിമകളിൽ കുറെ കാലത്തേക്ക് നിലവിലിരുന്ന, ഒരു പ്രത്യേക പ്രദേശത്തെ മനുഷ്യരെ, അവരുടെ കോളനികളെ പരിഹാസത്തിന്റെ കണ്ണുകളിലൂടെ ചിത്രീകരിക്കുന്ന പ്രവണത, ഈ ചിത്രത്തിന്റെ സംവിധായകൻ പിന്തുടരുന്നില്ല. ഇവിടെ സൗദി കോളനിയിൽ സ്വാഭാവികമായി നിലനിന്നുപോരുന്ന സ്നേഹവും അടുപ്പവും മതസൗഹാർദവും കഷ്ടപ്പാ

www.malankaralibrary.com

ടുകൾ നിറഞ്ഞ അവരുടെ അനുദിന ജീവിതത്തിന്റെ കയ്പ്പും മധുരവും ഇടകലർത്തിതന്നെയാണ് അവതരിപ്പിക്കുന്നത്.

ചിത്രത്തിന്റെ പകുതിയിലേറെ ഭാഗങ്ങൾ കോടതിരംഗങ്ങളുടെ ചിത്രീകരണത്തിനായി നീക്കി വച്ചിട്ടുണ്ടെങ്കിലും, സിനിമ തീരുമ്പോൾ നമ്മുടെ മനസ്സിൽ തങ്ങി നിൽക്കുക സൗദിയിലെ സാധാരണ ജനങ്ങൾ പ്രതികൂല സാഹചര്യങ്ങളെ എല്ലാം അതിജീവിച്ചു, വീണ്ടും സ്നേഹത്തിലേക്കും ഒരുമയിലേക്കും തിരിച്ചു വരുന്ന വികാര നിർഭരമായ രംഗങ്ങളാണ്. എന്റെ അനുഭവത്തിൽ നിന്ന് എനിക്ക് ഉറപ്പിച്ചു പറയാൻ കഴിയുന്നത് സമൂഹത്തിലെ മേലേത്തട്ടിലുള്ളവർ താമസിക്കുന്ന ഇടങ്ങളിൽ ഇങ്ങനെ സ്നേഹത്തിന്റെ ഇഴയടുപ്പം മനുഷ്യർക്കിടയിൽ കാണുന്നില്ല എന്നതാണ്, ഓരോരുത്തരും അവനവന്റെ കാര്യംമാത്രം നോക്കുന്നത് കൊണ്ട് ഒരു പ്രതിസന്ധി വരുമ്പോൾ കൂട്ടായി അതിനെ നേരിടാനും അതിജീവിക്കാനുമുള്ള മനോഭാവമോ, തയ്യാറെടുപ്പോ ഇവിടങ്ങളിൽ കാണുന്നില്ല. അതുകൊണ്ടു സൗദി വെള്ളക്കയിലെ സംഭവവികാസങ്ങൾ നമുക്ക് വളരെ സ്വാഭാവികവും മാനുഷികവും ആയി തോന്നുന്നു. അതുതന്നെയാണ് ഈ ചിത്രത്തിന് ഇത്രയും സ്വീകാര്യത ലഭിക്കാൻ പ്രധാന കാരണവും.

സിനിമ തുടങ്ങുന്നത് അഭിലാഷ് ശശീധരൻ കേരളത്തിന് പുറത്തു ബാംഗ്ലൂർ പോലെയുള്ളൊരു നഗരത്തിൽ ജോലി ചെയ്യുന്നിടത്തേക്കു കടന്നു ചെല്ലുന്ന ഒരു പൊലീസ് സമൻസ് ഫോൺ കോളിൽ ആണ്. അയാൾ പിറ്റേന്ന് കോടതിയിൽ ഹാജരായേ പറ്റൂ, വേറെ നിർവാഹമില്ല എന്ന് വരുമ്പോൾ അഭിലാഷ് രാത്രി ദീർഘദൂര ബസിൽ യാത്ര തുടങ്ങുന്നു. ആ യാത്രക്കിടയിൽ ഫ്ളാഷ്ബാക്കായി അഭിലാഷിന്റെ കുട്ടികാലത്തിലേക്കു സംവിധായകൻ നമ്മെ കൂട്ടികൊണ്ടു പോവുന്നു. ഈയൊരു പശ്ചാത്തലത്തിലാണ് 'വെള്ളക്ക' ക്രിക്കറ്റ് ബോൾ ആക്കിയുള്ള കുട്ടികളുടെ കളിയും അതിനിടയിലേക്കു ഐഷ റാവുത്തരുടെ വരവും അവരുടെ തലയിൽ മച്ചിങ്ങ ചെന്ന് വീണു അവർ തല കറങ്ങി വീഴുന്നതും, ദേഷ്യം കയറി പന്തടിച്ച അഭിലാഷിനു നല്ലൊരു അടിവച്ച് കൊടുക്കുന്നതും. ഐഷുമ്മ കുട്ടിയുടെ പല്ലടിച്ചു കൊഴിച്ചു എന്നായി പിന്നെ സംസാരം; വെറും സംസാരമല്ല അത് ഏഷണിക്കാർ ചേർന്ന് ഊതിപ്പെരുപ്പിച്ചു അതിന്റെ പേരിൽ പൊലീസ് കേസാക്കി മാറ്റി.

തനിക്കു പറ്റിയ കൈയബദ്ധത്തിനു അഭിലാഷിനോട് മാപ്പു ചോദിക്കാൻ അവൻ പരിക്കുമായി കിടക്കുന്ന ആശുപത്രിയിലേക്ക് ഐഷുമ്മ കടന്നു ചെല്ലുന്ന രംഗം ഈ സിനിമയിലെ മനോഹരമായൊരു മുഹൂർത്തമാണ്. പക്ഷേ, ഐഷുമ്മയുടെ കണ്ണീരോ ഉമ്മയെ സ്വീകരിക്കാൻ തിരിഞ്ഞു നോക്കുന്ന അഭിലാഷിന്റെ സ്നേഹപൂർവമായ നോട്ടമോ വഴക്കടിക്കാൻ നിൽക്കുന്ന മുതിർന്നവർ ആരും കാണുന്നില്ല. അവിടെ മനുഷ്യത്വം മാറിനിൽക്കേണ്ടിവരുന്നു; വഴക്കുകൾ സങ്കീർണമാവുന്നു.

പൊലീസ് കേസ് എടുക്കുന്നതും അർധരാത്രി മജിസ്ട്രേറ്റിനെ ചെന്ന് വിളിച്ചുണർത്തി ജാമ്യം വാങ്ങിച്ചെടുക്കുന്നതും എല്ലാം നർമം കലർത്തി, അല്പം അതിശയോക്തിയിൽ അവതരിപ്പിച്ചിരിക്കുന്നു എന്നാണ് തോന്നുക. പക്ഷേ, നമ്മുടെ പൊലീസ് സ്റ്റേഷനുകളിൽ അനുദിനം നടക്കുന്ന കേസ് അന്വേഷണത്തിന്റെ രീതികളും സമ്പ്രദായങ്ങളും അതിന്റെ പരിണിതഫലമായി പാവം മനുഷ്യരുടെ ജീവിതം കലങ്ങി



www.malankaralibrary.com

മറിയുന്നതുമായ യഥാർഥ സംഭവങ്ങൾ കണ്ടറിയുമ്പോൾ നമുക്ക് മനസ്സിലാകും ഇത് സിനിമയിൽ മാത്രം സംഭവിക്കുന്നതല്ല എന്ന്.

ഉമ്മയുടെ പേരിൽ അയൽപക്കക്കാരും ഐഷുമ്മയുടെ ഓട്ടോറിക്ഷക്കാരൻ മകൻ സത്താറു (സുജിത് ശങ്കർ)മായി വഴക്കും വക്കാണവും നടക്കുമ്പോൾ മധ്യസ്ഥം പറയാനും പിടിച്ചുമാറ്റാനും ചെല്ലുന്ന അയൽക്കാരൻ കോൺഗ്രസ്നേതാവ് ബ്രിട്ടോ (ബിനു പപ്പു)യും കേസിൽ കുടുങ്ങുന്നു. ഒരു വെള്ളക്ക പ്രശ്നത്തിൽനിന്ന് തുടങ്ങി കോടതിയും കേസുമായി കഥ മുന്നോട്ടുനീങ്ങുന്നതിനിടയിൽ കടം കയറിയും മനസ്സ് മടുത്തും സത്താർ നാട് വിട്ടുപോവുന്നു. ബ്രിട്ടോയും ഭാഗ്യമന്വേഷിച്ചു ഗൾഫിലേക്കു യാത്ര തിരിക്കുന്നു.

കോളനിയിൽനിന്ന് അകന്നുമാറി ഐഷുമ്മ വേറൊരിടത്തു താമസം തുടങ്ങുന്നു. മകൻ വിട്ടുപോയതിലുള്ള ദുഃഖം ആരെയും അറിയിക്കാതെ, പലഹാരങ്ങൾ ഉണ്ടാക്കി വിറ്റു സ്വന്തംകാലിൽ നിൽക്കാനുള്ള വേലകളെല്ലാം ഐഷുമ്മ പഠിച്ചെടുക്കുന്നു. അങ്ങനെ സമ്പാദിക്കുന്ന ഭൂരിഭാഗം പണവും പക്ഷേ, കേസ് നടത്താൻ വക്കീൽ ഫീസിനത്തിൽ തന്നെ ചെലവാകുന്നുണ്ട്. തുടക്കത്തിൽ, അർധരാത്രിയിൽ ഐഷുമ്മക്കു ജാമ്യം എടുത്തു കൊടുത്ത വക്കീൽ മരിച്ചുപോയി; അയാളുടെ അസിസ്റ്റന്റ് വക്കീൽ പൈസ അടിച്ചു മാറ്റാം എന്ന വിചാരത്തോടെയാണ് ഉമ്മയുടെ കേസ് ഏറ്റെടുക്കുന്നത്. പക്ഷേ, ഈ കേസ് അയാൾക്കും പതിനാലുവർഷങ്ങൾ ഉടക്കികിടക്കാനിടവരുന്ന ഒരേയൊരു കേസ്മാത്രമായി മാറുന്നു. ഇതിനിടയിൽ ജഡ്ജിമാർ മാറിപ്പോയി. ഏറ്റവും ഒടുവിൽ എത്തിയിരിക്കുന്ന ജഡ്ജി ഉത്തരവ് ഇട്ടതുകൊണ്ടാണ് കേസിലെ സാക്ഷിയായ അഭിലാഷിന് കോടതിയിൽ ഹാജരായി സാക്ഷി പറയാൻ പൊലീസിന്റെ അന്തിമശാസനം ലഭിക്കുന്നത്.

പ്രതി ഐഷുമ്മയെ കേസിൽ നിന്ന് രക്ഷപ്പെടുത്തി കേസ് അവസാനിപ്പിക്കാൻ വേണ്ടി ബ്രിട്ടോയും ഒന്നാം സാക്ഷി അഭിലാഷും നടത്തുന്ന മാരത്തോൺ ശ്രമങ്ങളുടെ പുതുമയാണ് തുടർന്നുള്ള സീനുകളുടെ സൗന്ദര്യം. കോടതിയിലെത്തി സാക്ഷിപറയാൻ ആരോഗ്യമുള്ള എല്ലാവരെയും പതിനാലുവർഷത്തിനുശേഷം ആദ്യമായി അവർ അണിനിരത്തുന്നു. ഒരുകാര്യവുമില്ലാത്തൊരു കേസിൽ ആളുകളെ തമ്മിൽ തല്ലിക്കാൻ ഏഷണി കൂട്ടിയ മനുഷ്യൻ ഇപ്പോൾ കിടക്കയിൽ നിന്നനങ്ങാൻ വയ്യാതെ ഒരേകിടപ്പാണ്. ഐഷുമ്മയുടെ മകൻ സത്താർ നാട് വിട്ടുപോയി യാതൊരു വിവരവും ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ ഉമ്മയെ തങ്ങളുടെ വീട്ടിൽ ഒരംഗമായി അഭിലാഷും അമ്മയും സ്വീകരിക്കുന്നു. കഥ അങ്ങനെ ഒരു ഫീൽ ഗുഡ് മൂവി ആയി അവസാനിക്കുന്നു.

പേരുകേട്ട അഭിനേതാക്കൾ ഈ സിനിമയിലില്ല. പുതുമുഖ നടി ദേവിവർമ ചെയ്യുന്ന ഐഷുമ്മയാണ് സിനിമയിൽ ഉടനീളം നിറഞ്ഞുനിൽക്കുന്ന കഥാപാത്രം. ഇതിൽ സ്റ്റണ്ട്, സെക്സ്, വയലൻസ് ചേരുവകൾ ഒന്നും ചേർത്തിട്ടില്ല. പാട്ടും നൃത്തരംഗങ്ങളും ഇല്ല. ഒരു കോളനിയിൽ പാർക്കുന്ന സാധാരണ മനുഷ്യർ അനുഭവിക്കുന്ന ദുരന്തകഥ വളരെ റിയലിസ്റ്റിക്കായി ചിത്രീകരിച്ചിരിക്കുന്നു. എന്നിട്ടും എന്തുകൊണ്ടാണ് ഈ ചിത്രം ഇത്ര വിജയമായത്? അതിനൊരു ഉത്തരമേ ഉള്ളു. കോവിഡനന്തര കാലത്തിന്റെ പ്രത്യേകതകൂടി ആവാം മലയാളികൾ നന്മയുടെ സൗരഭ്യമുള്ള, സാധാരണ മനുഷ്യരുടെ വിശ്വസനീയമായ കഥകൾ കാണാൻ, കേൾക്കാൻ കാത്തിരിക്കുകയാണ്. ■

***പേജ് 47–ൽ നിന്ന് തുടർച്ച ....***

*കറുത്ത അക്ഷരങ്ങൾ*
*വെളുത്ത പായയിൽ*
*ശയനത്തിലായിട്ടില്ല* എന്നാണ് തുടക്കം.

ഇല്ല എന്ന വാക്കോടെ ആരംഭിക്കുന്ന ഏഴ് ഖണ്ഡങ്ങളാണ് കവിത. സമയവും സാഹചര്യങ്ങളും കവിയുടെ വേർപാടിനെ സ്വീകരിക്കാൻ ഒരുങ്ങിയിട്ടില്ല.

ഒന്നും മതിയാക്കിയിട്ടില്ല. അപൂർണമായ ഒരു സമയക്രമം മൺ ഭിത്തികളിൽ വിരലുകളുടെ നിലവിളി. ഏക്താരയുടെ പരാമർശം കവിതയിലുണ്ട്. അത് ബിനുവിന്റെ ബാവുൽ കാലത്തെ അടയാളപ്പെടുത്തുന്നു.

*ഇല്ല മേഘങ്ങൾ മണ്ണിൽ പൂഴ്ത്തിട്ടില്ല*
*നെഞ്ചിൻകൂട് കെട്ടുകാഴ്ച്ചയായിട്ടില്ല.*
*ഇല്ല*
*ഉണർന്നിട്ടില്ല.*
*അമാവാസിരാത്രി ആയിട്ടില്ല.*
*മഴയുടെ കറുത്ത മഷി പടർന്നിട്ടില്ല*
*ഈ രാത്രി; ഈ കാറ്റ്; എല്ലാം ഉറങ്ങുകയാണ്.*
*വേദനയില്ലാത്ത ഒരു രാഗം പോലെ നീയും.* ■

www.malankaralibrary.com

# ഇടനാഴിയിലെ കാവലാൾ

ജെ.സി. ബുക്ക്മാൻ

സാമൂഹ്യ-സാഹിത്യ-സാംസ്കാരിക-ആധ്യാത്മിക മേഖലകളിലെ
നവ ഗ്രന്ഥങ്ങളുടെ ഉള്ളടക്കം പരിചിതമാക്കുന്ന പംക്തി.




**കാവലാൾ – റവ. ഡോ. ജയ്സൺ കുന്നേൽ MCBS**

തിരുകുടുംബത്തിന്റെയും തിരുസഭയുടെയും കാവലാളായ വിശുദ്ധ യൗസേപ്പിനെ പ്രതിപാദിച്ചുള്ള 365 ചിന്തകളുടെ സമാഹാരമാണിത്. 'ജോസഫ് കുടുംബ ജീവിതത്തിന്റെ ആഭരണ'മെന്ന ചിന്തയിൽ ആരംഭിച്ച് 'യൗസേപ്പിനൊപ്പം കുരിശിന്റെ വഴിയിൽ' എന്ന ചിന്തയിൽ അവസാനിക്കുന്ന ഗ്രന്ഥത്തിൽ അനുദിന വിശകലനത്തിന് പാത്രീഭൂതമാക്കാവുന്ന വിധത്തിലുള്ള രചനയാണ് ഗ്രന്ഥകാരൻ നടത്തിയിരിക്കുന്നത്. തെറ്റിദ്ധരിക്കപ്പെട്ട നീതിമാനായ ഈ നിശബ്ദ തൊഴിലാളിയുടെ ജീവിതത്തിനു നേർക്കുയർത്തുന്ന വെല്ലുവിളികൾക്കൊരു മറുപടിയാണ് ഈ ഗ്രന്ഥം. ദാമ്പത്യത്തെ കേവലം ലൈംഗികതയുമായി മാത്രം ബന്ധിപ്പിച്ചു മനസ്സിലാക്കുന്ന ആധുനിക സംസ്കാരത്തിനുള്ള ശക്തമായ ഒരു തിരുത്തൽ ചിന്താ സമാഹാരമാണിത്.

*പേജ് 410, വില- 460/-, ജീവൻബുക്സ്, കോപ്പികൾക്ക്: 04822237474*




**ഇടനാഴി – ഫാ. ലിജോ തൂക്കനാൽ**

തിരുവെഴുത്തുകളുടെ പൊരുൾ തേടുന്ന പ്രതീക്ഷയുടെ ഒരു കൈത്തിരിയാണ് 'ഇടനാഴി'യെന്ന 'നമ്മെ പാകപ്പെടുത്തുന്ന വഴി'. 57 ചെറു അധ്യായങ്ങളിലൂടെ വികസിതരൂപം പ്രാപിക്കുന്ന ഈ അക്ഷരക്കൂട്ടിൽ ആരാധനാ ജീവിതത്തിലൂടെ ഒരു വ്യക്തിയിലുളവാകുന്ന അവസ്ഥാ പരിണാമവും അതിലൂടെ വൈയക്തിക സാന്നിധ്യങ്ങൾക്ക് സാധ്യമാകുന്ന സാമൂഹിക പരിവർത്തനവുമാണ് വെളിപ്പെടുന്നത്. സഹോദരബന്ധങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന അതിരുകളുടെ നടുചുവരുകൾ ഇടിച്ചുനിരത്തി സാഹോദര്യത്തിന്റെ വർണപ്പകിട്ടുള്ള വിശാലലോകം മനയുന്നതിനുള്ള ആഹ്വാനം ഈ ഗ്രന്ഥം നൽകുന്നുണ്ട്.

*പേജ് 162, വില- 210/-, ജീവൻബുക്സ്, കോപ്പികൾക്ക്: 04822237474*




**മനുഷ്യരും സാമൂഹ്യമാധ്യമങ്ങളും – റവ. ഡോ. ജോസഫ് എറമ്പിൽ VC**

ആശയവിനിമയരംഗത്ത് ഡിജിറ്റൽ വിപ്ലവം നടക്കുന്ന ഒരു കാലഘട്ടത്തിൽ സാമൂഹ്യമാധ്യമങ്ങളുടെ ആവശ്യകതയും അതിന്റെ ഉപയോഗവും അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. അതോടൊപ്പം ഇതിൽനിന്നും നിർഗളിക്കുന്ന തിന്മയുടെ ദൂഷ്യവശങ്ങളെയും കരുതലോടെ ഉൾക്കൊണ്ടിരിക്കണം. സോഷ്യൽ മീഡിയ ഇല്ലാത്ത ഒരു ലോകത്തെക്കുറിച്ച് ഇന്ന് അചിന്തിതമാണ്. എന്നാൽ ഇതിന്റെ നന്മ തിന്മകളെ വിവേചിച്ചറിഞ്ഞ് ഉപയോഗിക്കാൻ തയ്യാറായില്ലെങ്കിലുള്ള ഭവിഷത്തും ഭീതിദമാണ്. 14 അധ്യായങ്ങളിലൂടെ നവമാധ്യമങ്ങളുടെ ബഹുമുഖം അനാവരണം ചെയ്യുന്ന ഗ്രന്ഥമാണിത്. അനുദിന ജീവിതത്തിന്റെ അവിഭാജ്യമായ അറിവുകളുടെ ഒരു ശേഖരമാണിതെന്നതിൽ സന്ദേഹമില്ല.

*പേജ് 210, വില- 270/-, ജീവൻബുക്സ്, കോപ്പികൾക്ക്: 04822237474*

www.malankaralibrary.com

# തീർത്ഥാടനകേന്ദ്രമായ അതിരമ്പുഴ സെൻ്റ് മേരീസ് ഫൊറോന പള്ളിയിൽ





## അത്ഭുതപ്രവർത്തകനായ വിശുദ്ധ സെബസ്ത്യാനോസിൻ്റെ തിരുനാൾ

**2023 ജനുവരി 19 മുതൽ ഫെബ്രുവരി 1 വരെ**

**പ്രധാന തിരുനാൾ**
**ജനുവരി 24, 25**

**എട്ടാമിടം**
**ഫെബ്രുവരി 1**

വികാരി:
**വെരി റവ. ഡോ. ജോസഫ് മുണ്ടകത്തിൽ**

അസി. വികാരിമാർ:
**ഫാ. ഗ്രിഗരി മേപ്പുറം, ഫാ. ജസ്റ്റിൻ പുത്തൻപുരചിറത്തെക്കളം,**
**ഫാ. സച്ചിൻ കുന്നത്ത്, ഫാ. സാജൻ ജോസഫ് പുളിക്കൽ**

കൈക്കാരൻമാർ:
**ശ്രീ. ടോമി സെബാസ്റ്റ്യൻ ചക്കാലയ്ക്കൽ, ശ്രീ. ടി.ജെ മാത്യു തേക്കുനിൽക്കുംപറമ്പിൽ,**
**ശ്രീ. ജോണി മാത്യു പണ്ടാരക്കളം, ശ്രീ. റോബിൻ ജോസഫ് ആലഞ്ചേരിമാനാട്ട്**

Contact :
(+91) 0481-2730-742 / (+91) 0481-2730-559 / (+91)0481-2730-159 / (+91)8111-949-417
Email: athirampuzhachurch@gmail.com
https://www.facebook.com/AthirampuzhaChurchOfficial   https://www.youtube.com/use/atmpchurch

Date of Publication: 13.01.2023 / Karunikan Monthly RNI No. KERMAL/2007/19623 Registered KL/EKM/729/2021-23
Licence No. KL/CR/EKM/WPP-17/2021-23 Licensed to Post Without Prepayment **Total Pages 56**

www.malayalamlibrary.com




Printed, Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682 015, Ernakulam Dt.
Printed at Viani Printings, Kochi - 682 018, Kerala; Chief Editor : Fr. M. Koottumkal MCBS